# എന്റെ കുട്ടിത്തങ്കമ്മ

അഥവാ,

ചങ്ങനാശ്ശേരി രൂപതയിലെ

ഒരു കത്തോലിക്ക് കുടുംബം.

ഒരു നവീനനോവൽ

ഗ്രന്ഥകർത്താ,

**പി. സി. ജോസഫ് വാദ്ധ്യാർ,**

കരുമാടി.

C.V. SAHAKA GRANDHASALA R.G. 938/50
NATIONAL BOOK STALL SPCS LTD. BR. TRIVANDRUM

നാലാംപതിപ്പ്
കാപ്പി 2000.

പകർപ്പവകാശം
പ്രകാശകനിൽ.

പ്രകാശകൻ,

**കെ. നാരായണൻ,**

"വിദ്യാരംഭം" പ്രസ്സ് & ബുക്കഡിപ്പോ,

മുല്ലയ്ക്കൽ, ആലപ്പുഴ.

---

'വിജ്ഞാനപോഷിണി' പ്രസ്സ്,

കൊല്ലം.

1123.

വില അണ 12

# ഗ്രന്ഥകൎത്താവിന്റെ പ്രസ്താവന.

മാന്യവായനക്കാരെ,

1913 ഡിസംബർ 25-ാംതീയതി (ക്രിസ്തുമസ്സ് തിരുനാൾ ദിവസം) ഒന്നാമതായി പ്രസിദ്ധം ചെയ്യപ്പെട്ട ഈ "എന്റെ കുട്ടിത്തങ്കമ്മ"യുടെ രണ്ടായിരം പ്രതികളും 1915 ഡിസംബർ 25-ാംതീയതിക്കു മുൻപുതന്നെ വിററുതീൎന്നു. പുസ്തകം വായിച്ചു പല മാന്യമഹാത്മാക്കളും നല്ല അഭിപ്രായസർട്ടിഫിക്കററുകൾ അയച്ചുതരികയും മ. രാ. രാ. സി. അന്തപ്പായി ബി. ഏ. അവർകൾ അല്പസ്വല്പങ്ങളായ ഭാഷാശുദ്ധി വരുത്തിത്തരികയും ചെയ്തതിന്, ആ മഹാനുഭാവന്മാൎക്ക് എന്റെ നന്ദിയെ വീണ്ടും പ്രകടിപ്പിച്ചുകൊള്ളുന്നു.

പരിഷ്കരിച്ച രണ്ടാംപതിപ്പ് 1000 പ്രതികൾ 1921 ഏപ്രിൽ 16-ാംനു പ്രസിദ്ധം ചെയ്യപ്പെട്ടു. ആറുമാസത്തിനുമുൻപുതന്നെ ആ പ്രതികളും വിററുതീൎന്നു. ഇപ്രകാരം 3000 പ്രതികൾ പ്രസിദ്ധപ്പെടുത്തിയിട്ടും പുസ്തകത്തിന്റെ ആവശ്യകത ഈയിടെ വളരെ വൎദ്ധിച്ചുതന്നെയാണിരിക്കുന്നതു്. കുറെ പ്രതികൾകൂടി എങ്കിലും പ്രസിദ്ധം ചെയ്യുന്നതിന് എന്റെ താല്ക്കാലികസ്ഥിതി അനുവദിക്കാത്തതിനാൽ കുറച്ചുകൂടി പരിഷ്കരിച്ച ഈ പുസ്തകത്തിന് എനിക്കുള്ള പകൎപ്പവകാശം ആലപ്പുഴ 'വിദ്യാരംഭം' ബുക്കുഡിപ്പോ മാനേജർ ശ്രീമാൻ കെ. നാരായണൻ അവർകൾക്കു കൊടുത്തിരിക്കുന്നു. ഇദ്ദേഹംമൂലം മലബാറിനു പൊതുവേയും, ക്രിസ്തീയകുടുംബങ്ങൾക്കു പ്രത്യേകിച്ചും ഏററം ഉപകാരപ്രദമായ ഈ "എന്റെ കുട്ടിത്തങ്കമ്മ" എന്ന നോവൽ പ്രസി

ധംചെയ്തു പൊതുജനങ്ങളുടെ ആവശ്യകതയെ നിറവേറുമെന്നു് പൂർണ്ണമായി വിശ്വസിക്കുന്നു.

പരിഷ്കരിച്ച ഈ മൂന്നാംപതിപ്പുമുതൽ ഈ "എന്റെ കുട്ടിത്തങ്കമ്മ"യെ മലബാറിനു സാദരം സമർപ്പിച്ചുകൊള്ളുന്നു.

"എന്റെ കുട്ടിത്തങ്കമ്മ"യുടെ സഹോദരങ്ങളായി ചില ഗ്രന്ഥങ്ങൾ ഞാൻ എഴുതിവച്ചിട്ടുള്ളതു് ഏതു വിധമെങ്കിലും പ്രസിദ്ധപ്പെടുത്തി പൊതുജനങ്ങൾക്കുപകാരപ്രദമാക്കണമെന്നു് ആഗ്രഹിക്കുന്നു.

എന്നു്,

ആലപ്പുഴ,
1945 മാർച്ച് 19.

പി. സി. ജോസഫ് വാദ്ധ്യാർ,
കരുമാടി.

# "എന്റെ കുട്ടിത്തങ്കമ്മ"

ഒന്നാംപതിപ്പു പ്രസിദ്ധം ചെയ്തപ്പോൾ കിട്ടിയ അഭിപ്രായസർട്ടിഫിക്കേറ്റുകൾ ഏതാനും താഴെ ചേർത്തിരിക്കുന്നു:—

ചങ്ങനാശ്ശേരി മെത്രാസന അരമന,
21-12-1914.

മാന്യരെ,

ഏ. പെ. പെ. ബ. നമ്മുടെ മെത്രാനച്ചൻ തിരുമനസ്സിലേക്കു നിങ്ങൾ കാഴ്ചവെച്ച "എന്റെ കുട്ടിത്തങ്കമ്മ"യെ തിരുമനസ്സിലെ കൃത്യബാഹുല്യത്തിനിടയിൽ പലപ്പോഴായി അവിടവിടെ വായിച്ചുനോക്കി.

തിരുമനസ്സുകൊണ്ടു സന്തോഷിക്കയും ഹൃദയപൂർവ്വം നിങ്ങളേയും കുടുംബത്തേയും ആശീർവ്വദിക്കുകയും ചെയ്യുന്നു എന്നു നിങ്ങളുടെ പേക്ക് എഴുതി അയയ്ക്കുന്നതിനു കല്പനയായതനുസരിച്ചു ആ ജോലിയെ സസന്തോഷം ഞാൻ നിർവ്വഹിച്ചുകൊള്ളുന്നു.

ശേഷം വഴിയെ,

മിശിഹായിൽ നിങ്ങളുടെ വിധേയൻ,

കെ. കെ. അബ്രാഹം കത്തനാർ (ഒപ്പ്)
ഏ. പെ. പെ. ബ. ചങ്ങനാശ്ശേരി
മെത്രാനച്ചൻ തിരുമനസ്സിലെ സിക്രട്ടറി.

---

കോട്ടയം മെത്രാസന അരമന,
16-12-1914.

എന്റെ പ്രിയ മിസ്റ്റർ ജോസഫ്,

നിങ്ങളുടെ മംഗളാശംസാകത്തും പുതിയ നോവലും കിട്ടി.....രണ്ടിനും നന്ദിപറയുന്നതുകൂടാതെ നിങ്ങൾക്കും കുടുംബത്തിനും നിങ്ങളുടെ പരിശ്രമങ്ങൾക്കും ദൈവാനുഗ്രഹം നാം പ്രാർത്ഥിക്കുകയും നമ്മുടെ ആശീർവ്വാദം നൽകുകയും ചെയ്യുന്നു.

കോട്ടയം വികാരി,
അപ്പസ്തോലിക്കാ മെത്രാൻ (ഒപ്പ്)

---

എറണാകുളം മെത്രാസന അരമന,
1914 ജൂൺ 8-ാംനു-

'എന്റെ കുട്ടിത്തങ്കമ്മ' എന്ന പുസ്തകത്തിന്റെ ഒരു പ്രതി എ. പെ. വെ. ബ. മെത്രാനച്ചന് വായിപ്പാൻ ഏല്പിച്ചിരുന്നതു വായിച്ചുനോക്കിയെന്നും, നല്ല ഒരു നോവൽ ആണെന്നും......നിങ്ങളെ ആശീർവ്വദിക്കുന്നു എന്നു നിങ്ങളെ അറിയിക്കണമെന്നും കല്പിച്ചിരിക്കുന്നു.

എന്ന്, ഫാദർ ജോസഫ്,
കാളാച്ചേരി, സെക്രട്ടറി.

---

മഹാമഹിമശ്രീ, കേരളവർമ്മ വലിയകോയിത്തമ്പുരാൻ
സി. എസ്സ്. ഐ. തിരുമനസ്സുകൊണ്ട്.
തിരുവനന്തപുരം,
1-10-89.

നിങ്ങൾ അയച്ച എഴുത്തും 'എന്റെ കുട്ടിത്തങ്കമ്മ' എന്ന പുസ്തകവും കിട്ടി. സന്തോഷമായി. പുസ്തകം

ഒരാവൎത്തി വായിച്ചുനോക്കി. വായിക്കാൻ രസമുണ്ടു്. പൊതുവേയും ക്രിസ്തീയകുടുംബങ്ങൾക്കു പ്രത്യേകിച്ചും ഈ പുസ്തകവായന പ്രയോജനപ്രദമായി തീരുമെന്നു ഞാൻ വിശ്വസിക്കുന്നു. ചില സ്ഖലിതങ്ങൾ കാണുന്നതു് അടുത്ത പതിപ്പിൽ പരിഹരിക്കേണ്ടതാണു്. ക്രിസ്ത്യാനിസമുദായത്തെ സംബന്ധിച്ചുള്ള ഗ്രന്ഥങ്ങൾ ഭാഷയിൽ കുറവാകയാൽ നിങ്ങളുടെ ഉദ്യമത്തെ പ്രത്യേകിച്ചു ശ്ലാഘിക്കേണ്ടിയിരിക്കുന്നു.

കേരളവൎമ്മ (ഒപ്പു്)

---

ദിവ്യശ്രീ, പി. കെ. അന്തോനിക്കത്തനാർ അവർകൾ.

ചങ്ങനാശ്ശേരിപള്ളി,
7-6-1914.

മാന്യരേ!

'എന്റെ കുട്ടിത്തങ്കമ്മ' മുഴുവനും വായിച്ചു. ക്രിസ്തീയസമുദായത്തിൽ അവശ്യം ആവശ്യപ്പെട്ടിരുന്ന ഒരു കൃതിയാണു് 'കുട്ടിത്തങ്കമ്മ' എന്നു പ്രത്യേകം പറയണമെന്നില്ലല്ലൊ. നിങ്ങളുടെ ഒന്നാമത്തെ കൃതിയായ 'കുട്ടിത്തങ്കമ്മ', നിങ്ങൾ കുറേക്കൂടി പരിശ്രമിക്കുന്നതായാൽ ഒരു നല്ല ഗ്രന്ഥകൎത്താവായി തീരുമെന്നുള്ളതിനു് ഉത്തമലക്ഷ്യമായി കാണുന്നതിൽ ഞാൻ അകൈതവമായി സന്തോഷിക്കയും പുസ്തകം അയച്ചുതന്നതിനായി നന്ദി പറകയും ചെയ്തുകൊണ്ടും നിങ്ങൾക്കു സകല സംഗതികളിലും വിജയത്തെ ആശംസിച്ചുകൊണ്ടും സവിനയം വിരമിക്കുന്നു.

സ്വന്തം പി. കെ. അന്തോനിക്കത്തനാർ,
ചങ്ങനാശ്ശേരി മെത്രാസനപ്പള്ളിയുടെ വികാരി (ഒപ്പു്)

മ. രാ. രാ. അന്തപ്പായി ബി. ഏ. അവർകൾ.

തൃശ്ശിവപേരൂർ,
1090 തുലാം 27.

ശ്രീമൻ,

........'എന്റെ കുട്ടിത്തങ്കമ്മ' എന്ന നോവലിൽ കണ്ട ലഘുക്കളായ സ്ഖലിതങ്ങളെ തിരുത്തി ഇതൊന്നിച്ചയയ്ക്കുന്നു.

'മറിയാമ്മാ' നാടകം അമ്മായിഅമ്മപ്പോരിനെ എന്നപോലെ നിങ്ങളുടെ ഈ നോവൽ ഇളയ അമ്മമാർ നിമിത്തം കുട്ടികൾക്കുണ്ടാകുന്ന ഉപദ്രവങ്ങളെ ദൂരീകരിക്കുന്നതിൽ സഹായിച്ചാൽ നിങ്ങൾക്കു കൃതാൎത്ഥതയ്ക്കവകാശമുണ്ടാകും.

ഭാഷയുടെ ലാളിത്യവും സുഗ്രഹതയും ഈ പുസ്തകത്തിന്റെ പ്രചാരത്തെ അനുകൂലിക്കാതിരിക്കയില്ല.

എന്നു, സി. അന്തപ്പായി (ഒപ്പു്)

---

മ. രാ. രാ. വി. ഐ. തോമസ്സ് അവർകൾ
ബി. ഏ., എൽ. ററി.

'എന്റെ കുട്ടിത്തങ്കമ്മ' എന്ന പുസ്തകം ഞാൻ ഒരാവൎത്തി വായിച്ചു. കഥ സംഭാവ്യംതന്നെ. ഇളയമ്മയുടെ കഠിനതയും നിർദ്ദയത്വവും അവരുടെ ഭർത്താവിന്റെ പിടിപ്പില്ലായ്മയും കഥാനായകനായികമാൎക്കു സംഭവിച്ചിട്ടുള്ള ദുഃഖങ്ങളും വായനക്കാരുടെ മനസ്സിൽ നന്നാ പതിയുന്നുണ്ടു്. ഡിക്കൻസിന്റെ കൃതികളിൽ പല ഭാഗങ്ങളും ഓൎമ്മവന്നു. ഭാഷയിൽ ചില ന്യൂനതകളുള്ളതു് ഇനിയത്തെ പതിപ്പിൽ പരിഹരിക്കേണ്ടതാകുന്നു. സാമുദായികമായ കഥകൾ വളരെ ഗുണംചെയ്യു

ന്നവയാകകൊണ്ടു് ഈ പുസ്തകത്തിന്ന വേണ്ട പ്രചാരം ഉണ്ടാകുന്നതിന്നും തൻമൂലം മൃഗപ്രായന്മാരായ മനുഷ്യരുടെ ഇടയിൽ നടന്നുവരുന്ന ഇളയമ്മപ്പോരു് ഒട്ടു ശമിക്കുന്നതിന്നും ഇടവരട്ടെ. അന്യഭാഷയിലുള്ള ഒരു പുസ്തകം പേരുകൾ മാററി തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്താതെ പുതുതായി ഒരു പുസ്തകം എഴുതുന്നതിന്നു് മിസ്റ്റർ ജോസഫ് ശ്രമിച്ചതു വളരെ നന്നായി. ഇനിയും വേറെ ഗ്രന്ഥങ്ങൾ എഴുതുന്നതിന്ന മിസ്റ്റർ ജോസഫ് ശ്രമിക്കുമെന്നു വിശ്വസിക്കുന്നു.

ആലപ്പുഴ, അസിസ്റ്റൻറു് ഇൻസ്പെക്ററർ (ഒപ്പു്)
21-8-89.

---

മ. രാ. രാ. ജേ. സി. ചാക്കോ ബി. ഏ; ബി. സി എം. അവർകൾ.

തിരുവനന്തപുരം,
1090 കർക്കടകം 31-ാംനു-

പ്രിയസർ,

നിങ്ങളുടെ 'എൻെറ കുട്ടിത്തങ്കമ്മ' വിദ്യാർത്ഥികളുടെ ഡയറി, നോട്ടുബുക്കു്, ഡ്രായിങ്ങ്ബുക്കു് ഇതുകളുടെ ഓരോ പ്രതി കിട്ടി. ഇതുകൾ നിങ്ങൾ എനിക്കയച്ചുതന്നതിന്നു് നന്ദി പറഞ്ഞുകൊള്ളുന്നു.

'എൻെറ കുട്ടിത്തങ്കമ്മ' ഒരു നല്ല ആഖ്യായികയാണു്. ചില ഘട്ടങ്ങളിൽ അതിശയോക്തി കുറെ കടന്നുപോയില്ലയോ എന്നു സംശയിക്കുന്നു. എങ്കിലും ഇതു ഗണ്യമായ ഒരു ന്യൂനതയല്ലല്ലൊ. നിങ്ങളുടെ ആദ്യപരിശ്ര

മമെന്ന നിലയ്ക്കും പുസ്തകം വളരെ നന്നായിട്ടുണ്ടെന്നുതന്നെ പറയണം.

ഡയറി, നോട്ടുബുക്ക്, ഡ്റായിങ്ങ്ബുക്ക് ഇവയും വളരെ നന്നായിട്ടുണ്ട്. എന്ന്,

ഐ. സി. ചാക്കോ (ഒപ്പ്)

---

റവറന്റ് ഫാദർ പയ്യാനിമററം അവർകൾ.

പൂവത്തോട്ടുപള്ളി,

മാന്യരേ! 29-1-1915.

"എന്റെ കുട്ടിത്തങ്കമ്മ" എന്ന പുസ്തകത്തിന്റെ ഒരു പ്രതി എനിക്കു കാണുന്നതിനും ധൃതിയിൽ ഒരു പ്രാവശ്യം വായിച്ചുനോക്കുന്നതിനും സംഗതിയായി. ഗദ്യരീതി എല്ലാ ഭാഗങ്ങളിലേയും ആധുനികഗദ്യകാരന്മാക്ക് അത്ര സ്പൃഹണീയമായി തോന്നുകയില്ലെങ്കിലും, കഥയുടെ സാരള്യം നവീനനോവലെഴുത്തുകാരേക്കൂടി തലകുലുക്കി സമ്മതിപ്പിക്കുന്നതാണ്. ഗദ്യരീതിക്ക്, ചില ഭാഗങ്ങളിൽ അത്ര ആസ്വാദ്യത തോന്നുകയില്ലെന്നല്ലാതെ അത്യന്തം സ്പൃഹണീയകരമായിരിക്കുന്നില്ലെന്നാണു മുകളിൽ പ്രസ്താവിച്ചിരിക്കുന്നതെന്നു തെററിദ്ധരിക്കരുതെന്നപേക്ഷ. ഈ നിസ്സാരമായ ന്യൂനതയെ അടുത്ത പതിപ്പിൽ പരിഹരിക്കുമെന്നു പൂർണ്ണമായി വിശ്വസിക്കുന്നു.

ഗദ്യപുസ്തകങ്ങളേയോ വിശിഷ്യ നോവലുകളേയോ രചിക്കുന്നതിൽ നമ്മുടെ കത്തോലിക്ക്സമുദായത്തിനുള്ള ക്ഷന്തവ്യമല്ലാത്ത ഉദാസീനതയെപ്പററി വിചിന്തനംചെയ്താൽ നിങ്ങളുടെ ഈ ശ്രമത്തെപ്പററി എത്രതന്നെ അഭിനന്ദിച്ചാലും അതു കൂട്ടം അധികമായിപ്പോയി എന്നു വരുന്നതല്ല. നിങ്ങളുടെ ഇപ്രകാരമുള്ള ശ്രമം കത്തോലി

ക്ക് സമുദായത്തിന്റെ ഉണൎച്ചയ്ക്കും പൎയ്യാലോചനയ്ക്കുമാ-
യി തുടൎന്നുകൊണ്ടിരിക്കണമെന്നുള്ള എന്റെ അപേക്ഷ
യെ നിങ്ങളെ ഈ ലേഖനദ്വാരാ അറിയിക്കുകയും നിങ്ങളു
ടെ കൃതിക്കും നിങ്ങൾക്കും നമ്മുടെ കൎത്താവിൽ അഭ്യുദയ
ത്തെ ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

ഫാദർ സിറിയക്ക് പൎയ്യാത്തുമററം (ഒപ്പ്.)

---

മ. രാ. രാ. ജീ. കേശവപിള്ളശാസ്ത്രി അവർകൾ.

പുല്ലങ്ങാടി,
16-9 89.

മാന്യരേ!

........"എന്റെ കുട്ടിത്തങ്കമ്മ"യുടെ ചരിത്രശ്രവണാവസരത്തിൽ ബാലന്മാൎക്ക് പ്രായേണ ശ്രദ്ധമൂലമായിരിക്കുന്ന ചാപല്യത്തെ നിശ്ശേഷം വിദൂരത്തിലാക്കി അനിതരസാധാരണമായ ഉൽക്കണ്ഠയെ കൊച്ചുമാത്തനും കൊച്ചുന്നാമ്മയ്ക്കും ബലമായി നൽകിയ അബ്രാഹംവാദ്ധ്യാരിൽ ആരോപിച്ച വാക്പാടവംമുഖേന അദ്ധ്യാപകവൃത്തിയിലെ അനുകരണീയമായ രീതി, ചെറുവല്ലികൾപോലെ ദാർഢ്യഹീനമായ ബാലഹൃദയത്തെ സൂക്ഷ്മമായി കണ്ടുപിടിച്ചു ശ്രവണഗ്രഹണാപൎയ്യാപ്തമാകുംവണ്ണം കഥാവിസ്തൃതിയിൽ ചെയ്തിട്ടുള്ള യോജ്യത, അഗ്രാഹ്യങ്ങളായ അംശങ്ങളെ വിസ്തരിക്കുന്നതിലുള്ള വിമുഖത, കാൎയ്യകാരണസംബന്ധവിജ്ഞാനം, അജ്ഞന്മാൎക്കും പ്രഥമശ്രവണത്തിൽ നിഷ്പ്രയാസം കഥാവസ്തു മനസ്സിലാക്കുന്നതിനുതകുന്ന ഭാഷാലാളിത്യം, ജനനീജനകന്മാൎക്ക് സ്വസന്താനങ്ങളുടെനേൎക്കുള്ള കൎത്തവ്യതാവിവേകം, സഹസാവിധാനം ആപൽക്കാരണകരമെന്നുള്ള ബോധം, ആരോഗ്യരക്ഷാവിജ്ഞാനം, നിശ്ചലമായ മതപ്രതിപത്തിയെ ഉത്ഭവിപ്പിക്കുന്നതിനുള്ള കൌശലം, കൃത്യ

മായ ഈശ്വരാരാധന, തദ്വാരാ ജായമാനമായ ദൈവാനുകൂല്യം, വിശിഷ്യ "അവനവൻ കുഴിക്കുന്ന കുഴിയിൽ അവനവൻ വീഴും" എന്ന അഭിജ്ഞവചനത്തിന്റെ സത്യാൎത്ഥത ഇത്യാദ്യങ്ങളായ വിഷയങ്ങൾക്കും, വിരളമായ ദേശ്യസംസ്കൃതഭാഷയ്ക്കും, മല്പ്രണീയമാനമായ ഈ "എന്റെ കുട്ടിത്തങ്കമ്മ" ഒരു കാലത്തു സമുദായസ്ഥിതികളെ ക്രോഡീകരിക്കുന്ന ഗ്രന്ഥസഞ്ചയങ്ങളുടെ ഗണനാധരണിയിൽ ഗണ്യമായ ഒരു സ്ഥാനം കയ്യേല്ക്കുമെന്നുള്ളതിനു പക്ഷാന്തരമുണ്ടാകയില്ലെന്നും, അടുത്ത പതിപ്പിൽ ഇതിലുള്ള ഭാഷാദോഷങ്ങൾ നിശ്ശേഷം പരിഹരിക്കുന്നതിന് ഗ്രന്ഥകൎത്താവു ശ്രമിക്കുമെന്നും ഞാൻ ബലമായി വിശ്വസിക്കുന്നു.

എന്ന്,

ജി. കേശവപിള്ളശാസ്ത്രി(ഒപ്പ്.)

---

നസ്രാണിദീപിക. 1916-മാൎച്ച് 27.

മിക്ക ക്രിസ്തീയകുടുംബങ്ങളിലും 'ഇളയമ്മ'മാർ നിമിത്തമായി ആദ്യത്തെ വിവാഹത്തിലുള്ള പുത്രന്മാൎക്കും മററും പലപ്രകാരത്തിൽ ദോഷങ്ങൾ നേരിടുന്നുണ്ടെന്നുള്ളതു് എല്ലാവൎക്കുമറിയാവുന്ന ഒരു സംഗതിയാണല്ലോ. 'ഇളയമ്മപ്പോരു്' എന്നാണെന്നു തോന്നുന്നു ഇതിനു ക്രിസ്ത്യാനികളുടെയിടയിൽ പറഞ്ഞുവരാറുള്ള പേരു്. ഈ പോരു മിക്കവാറും എല്ലാ സമുദായക്കാരുടേയുമിടയിൽ ഉള്ളതാണെങ്കിലും ക്രിസ്തീയസമുദായത്തിലെപ്പോലെ അത്ര ശക്തിമത്തായവിധത്തിൽ മററു് ഏതെങ്കിലും സമുദായത്തിൽ കാണുമോ എന്നു സന്ദേഹമുണ്ടു്. എന്നാൽ എല്ലാ ഇളയമ്മമാരും ഇത്തരക്കാരാണെന്നു പറവാൻ പാടില്ല. സ്വന്തം കുട്ടികളെപ്പോലെതന്നെ ആദ്യത്തെ

വിവാഹത്തിലുള്ള കുട്ടികളേയും മനഃപൂർവ്വം കരുതി പ്രവർത്തിക്കുന്ന ഇളയമ്മമാരും ഇല്ലാതില്ല. എന്നാൽ അവർ എത്രയോ ദുർല്ലഭമാണ്. പല ക്രിസ്തീയകുടുംബങ്ങളും ക്ഷയിച്ചുപോകുന്നതിനുള്ള ഒരു പ്രധാന കാരണം ഇളയമ്മപ്പോരുകളും അതിന്റെ ഫലങ്ങളുമാണെന്നുള്ളതു് അന്വേഷണബുദ്ധികൾ സമ്മതിക്കാതിരിക്കയില്ല. ഒരു കുടുംബത്തിന്റെ ശ്രേയസ്സിനുള്ള അടിസ്ഥാനക്കല്ല് ഐകമത്യമാണ്. ആ സ്ഥിതിക്ക് ഒരു കുടുംബത്തിലെ സമാവകാശികളായ കുട്ടികളെ ആ കുടുംബാധിപർ രണ്ടെന്നു വേർതിരിച്ചു പ്രവർത്തിച്ചുതുടങ്ങുമ്പോൾ അവിടെനിന്ന് ഐകമത്യവും പിറകേതന്നെ ഐശ്വര്യവും ഓടിയൊളിക്കുന്നതിൽ വിസ്മയിപ്പാനില്ലല്ലോ. ഒരു കുടുംബത്തിൽ നടന്ന ഇങ്ങനെയുള്ള ഇളയമ്മപ്പോരുകളേയും തന്നിമിത്തം നേരിട്ട അനർത്ഥങ്ങളേയുമാണ് മേലെഴുതിയ പുസ്തകത്തിൽ ഒരു കഥാരൂപേണ വിവരിച്ചിരിക്കുന്നതു്. ഈ കൃതിയുടെ കർത്താവു് തുമ്പോളി സെന്റ് തോമസ്സ് എൽ. ജി. ഇ. ഗ്രാൻറസ്ക്കൂൾ ഹെഡ്മാസ്റ്റർ മിസ്റ്റർ പി. സി. ജോസഫാണ്. ഇതിലെ സംഭവങ്ങൾ അന്യസമുദായക്കാരനായ ഒരാൾക്കു കുറെ അസംഭാവ്യങ്ങളായി തോന്നിയേക്കാം. അവ സംഭാവ്യങ്ങളാണെന്നുതന്നെ ഒരു ക്രിസ്ത്യാനിക്കുതോന്നിപ്പോകത്തക്കവണ്ണം ക്രിസ്തീയ സമുദായത്തിൽ ഇതിനോടടുത്തവിധത്തിൽ ചിലപ്പോൾ സംഭവിക്കാവുന്നതാണ്. ആകപ്പാടെ വായനക്കാർക്ക് ഇച്ഛാഭംഗം വരുത്താത്ത മട്ടിൽ രസികതയുമുള്ള ഒരു കലയാണിതെന്നു സംക്ഷേപിച്ചു പറയാം. ഗ്രന്ഥകാരന്റെ പരിചയക്കുറവുകൊണ്ടും മററും ചില ദോഷങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും അവ നിസ്സാരങ്ങളായി പരിഗണിക്കപ്പെടേണ്ടവയേ ആയിരിക്കുന്നുള്ളു. മിസ്റ്റർ ജോസഫ് മനസ്സിരുത്തി പരിശ്രമിക്കുന്നപക്ഷം ക്രമേണ ഒരു നല്ല മലയാളമെഴുത്തുകാരനായി തീരാതിരിക്കയില്ലെന്നു

ക്കുതിന് ഈ പുസ്തകം ലക്ഷ്യമായിരിക്കുന്നുണ്ടു്. ക്രിസ്തീയകുടുംബങ്ങളുടെ ശ്രേയസ്സിനെ ഉദ്ദേശിച്ചുള്ള ഈ ശ്രമത്തിൽ മിസ്റ്റർ ജോസഫിനെ ഞങ്ങൾ അഭിനന്ദിക്കുന്നു.

---

‘പ്രാചീനതാരക.’ 1914 ഏപ്രിൽ 18.

“എന്റെ കുട്ടിത്തങ്കമ്മ” എന്ന പുസ്തകം അഭിപ്രായത്തിനായി ഇവിടെ കിട്ടിയിട്ടു കുറെ ആഴ്ചകളായി. ഞങ്ങൾ പുസ്തകം മുഴുവനും വായിച്ചുനോക്കി. പല ക്രിസ്തീയകുടുംബങ്ങളിലും ധാരാളമായി കണ്ടുവരുന്നതും പല കുടുംബങ്ങളുടേയും അധഃപതനത്തിനു കാരണമായിത്തീരുന്നതുമായ ‘അമ്മാവിഅമ്മപ്പോരി’നെപ്പററി പലരും കേട്ടിരിക്കാം. അതുപോലെതന്നെയല്ലെങ്കിലും ഏകദേശം അതിനോടു കിടപിടിക്കുന്ന മറെറാരു അന്തഃഛിദ്രമാണു് ‘ഇളയമ്മപ്പോരു്.’ ഇളയമ്മ എന്ന പേർ ഇവിടെ ഉപയോഗിച്ചിരിക്കുന്നതു് അമ്മ മരിച്ചശേഷം പിതാവു വിവാഹംചെയ്യുന്ന ദ്വിതീയഭാൎയ്യയെ ഉദ്ദേശിച്ചാണു്. ഇവൎക്കു് ആദ്യത്തെ ഭാൎയ്യയിൽ ഉണ്ടായിട്ടുള്ള സന്താനങ്ങളോടു നീരസം ജനിക്കുന്നതും അവരെ കഴിയുന്ന വിധത്തിലെല്ലാം കഷ്ടപ്പെടുത്തുന്നതും ചിലപ്പോൾ അവരുമായി ഭയങ്കരമായ സമരങ്ങൾ നടത്തുന്നതും ഈ അന്തഃഛിദ്രം നിമിത്തം ഉളവാകുന്ന ദുർവ്യവഹാരങ്ങൾ കാരണം പല മാന്യക്രിസ്തീയകുടുംബങ്ങളും നശിച്ചുപോകുന്നതും പ്രതിദിനം എന്നപോലെ നമ്മുടെ മുമ്പിൽ നടക്കുന്ന സംഭവങ്ങളാണു്. അങ്ങിനെയുള്ള ഒരു സംഭവമാണു് “നമ്മുടെ കുട്ടിത്തങ്കമ്മ” എന്ന പുസ്തകത്തിലെ പ്രതിപാദ്യവിഷയം. കഥയ്ക്കു ധാരാളം തന്മയത്വം ഉണ്ടു്. അസംഭാവ്യമായ യാതൊന്നും പ്രസ്തുതകഥയിൽ ഞങ്ങൾ കാണുന്നില്ല. ‘പെല്ലായിലെ ഒരു

കത്തോലിക്ക് കുടുംബം' എന്നതിനു പകരം 'ചങ്ങനാ
ശ്ശേരി'യിലെ എന്നോ, 'ചമ്പക്കുള'ത്തെ എന്നോ മറ്റോ
പറഞ്ഞിരുന്നുവെങ്കിൽ കുറേക്കൂടി ഭംഗിയായിരുന്നേനെ,
എന്നാണു ഞങ്ങൾക്കു തോന്നുന്നതു്. അതുപോലെ മ
റ്റു ചില സംഗതികളിലും അഭിപ്രായഭേദങ്ങളില്ലെ
ന്നില്ല. ഭാഷ വളരെ ലളിതമായിട്ടുണ്ടു്. കടിച്ചാൽ
പൊട്ടാത്ത സംസ്കൃതപദങ്ങൾ പ്രയോഗിച്ചു വായന
ക്കാരെ ബുദ്ധിമുട്ടിക്കുവാൻ ഗ്രന്ഥകർത്താവു ശ്രമിച്ചിട്ടില്ല.
ദേശ്യഭാഷാപ്രയോഗങ്ങൾ ചില സ്ഥലത്തെല്ലാം കാണു
ന്നുണ്ടെങ്കിലും സംഭാഷണങ്ങൾക്കു തന്മയത്വം വരുത്തു
വാൻ ഇവ അവശ്യം ആവശ്യമാകയാൽ പ്രസ്തുത പ്രയോ
ഗങ്ങൾ ക്ഷന്തവ്യങ്ങളാണു്.

---

കത്തോലിക്ക് ദൂതൻ. പുസ്തകം 3. ലക്കം 1.

സന്മാർഗ്ഗോപദേശപ്രദങ്ങളായ ഗ്രന്ഥങ്ങളുടെ ആ
വശ്യം ഭാഷയിൽ അംഗീകൃതമായിരിക്കുന്ന ഈ ഘട്ടത്തിൽ
തുമ്പോളി സെൻറുതോമസ്സ് സ്ക്കൂൾ ഹെഡ്മാസ്റ്റർ
മിസ്റ്റർ പി. സി ജോസഫിനാൽ സുരചിതവും കെ. സി.
റെമീജി അവർകളാൽ പ്രസാധിതവുമായ ഈ ചെറുകഥാ
പുസ്തകത്തെ കത്തോലിക്കരായ സാഹിത്യരസികന്മാർ
പ്രത്യേകം ആദരിക്കേണ്ടതാണു്. കുട്ടിത്തങ്കമ്മ അവ
ളുടെ മാതാപിതാക്കളുടെ കണ്ണിലുണ്ണിയായിരുന്നു. ചെ
റുപ്പത്തിലേ അമ്മ മരിച്ചുപോയെങ്കിലും അവളുടെ പി
താവു് അവളെ അത്യധികമായ വാത്സല്യത്തോടെ വള
ർത്തിവരികയും അവളുടെ ക്ഷേമത്തെ മാത്രം കാംക്ഷിച്ചി
രുന്ന അയാളാൽ പൊന്നപ്പൻ എന്നൊരു യുവാവിനു
വിവാഹം ചെയ്തു കൊടുക്കപ്പെടുകയും ചെയ്തു. കുറേ
കഴിഞ്ഞപ്പോൾ യോശുവാ എങ്ങിനെയോ പുനർവിവാ

ഹം ചെയ്യുന്നതിനു സംഗതിയായി. രണ്ടാമമ്മയുടെ "തലയണമന്ത്ര"ത്തോടുകൂടിത്തന്നെ തങ്കമ്മയുടെ കഷ്ടപ്പാടും വ്യസനവും ആരംഭിച്ചു. അവളും ഭർത്താവും അവളുടെ കുഞ്ഞുങ്ങളും ഇളയമ്മയുടെ മരണാകരങ്ങളായ വൻചതിവുകളിൽ നിന്നു രക്ഷപ്പെട്ടതും സ്വദേശം വിട്ടു ഈരാററുപേട്ടയിൽ ചെന്നു സസുഖം താമസിക്കുന്നതിനു് ഇടയായതും ആണു് കഥാസാരം. പൊന്നപ്പൻ കല്പിതകഥയെന്ന ഭാവേന തന്റെയും ഭാര്യയുടെയും ഏകദേശമായ ഒരു ജീവചരിത്രം കുട്ടികളെ ഗ്രഹിപ്പിച്ചതിൽ കാണിച്ചിരിക്കുന്ന സാമർത്ഥ്യം അത്ഭുതകരമായിരിക്കുന്നുണ്ടു്. തങ്ങളുടെ കുഞ്ഞുങ്ങൾ സന്മാർഗ്ഗികളായി തീരണമെന്നുള്ള ആഗ്രഹത്തോടുകൂടി പൊന്നപ്പനും ഭാര്യയും ഏകോപിച്ചുപയോഗിച്ചിരിക്കുന്ന നയങ്ങളെ സകല അച്ഛനമ്മമാരും പഠിച്ചു പ്രയോഗിക്കേണ്ടതാണു്. ഈ വിഷയത്തിൽ ഗ്രന്ഥകർത്താവിനെ പ്രശംസിക്കേണ്ടിയിരിക്കുന്നു...... "രണ്ടാമമ്മപ്പോരു്" പൊതുജനശ്രദ്ധയെ അർഹിക്കേണ്ട ഒരു ബാധയല്ലെങ്കിലും ഇപ്പുസ്തകം പാടുള്ളവർക്കൊക്കെ വാങ്ങി വായിക്കേണ്ടതാണു്. ഇതിന്റെ വായനമൂലം ക്രിസ്തീയകുടുംബങ്ങൾക്കു അലഘുവായ ഫലവും ഗുണവും സിദ്ധിക്കുന്നതാണു്. കേരളകാളിദാസൻ തിരുമനസ്സിൽനിന്നു ഗ്രന്ഥകർത്താവിനയച്ചുകൊടുത്ത അഭിപ്രായക്കത്തിൽ ഉപദേശിച്ചിട്ടുള്ളതനുസരിച്ചു് പുസ്തകത്തിൽ കാണപ്പെടുന്ന സ്ഖലിതങ്ങളും ചില്ലറ പ്രയോഗവൈകല്യങ്ങളും അടുത്ത പതിപ്പിൽ പരിഹരിക്കപ്പെടുമെന്നു ശരണപ്പെടുന്നു.

---

സത്യനാദം. 1914-ജൂലായി 3

"........പിതാവു രണ്ടാമതു വിവാഹംകഴിച്ചു ഒരു ദുഷ്ടയായ സ്ത്രീ കുടുംബത്തിൽ വന്നുകയറി സുഖമാ

യും യോജിപ്പായും കഴിഞ്ഞിരുന്ന അപ്പനേയും മകളേയും തമ്മിൽ ഭിന്നിപ്പിച്ചതും മകളുടെ സ്വത്തു കൈക്കലാക്കുവാൻവേണ്ടി വിഷം കൊടുത്തു കൊലചെയ്‌വാൻ ശ്രമിച്ചും പണ്ടങ്ങൾ മോഷ്ടിപ്പിച്ചും പുരയ്ക്കു തീ വെപ്പിച്ചുംമററും അവളെ ദ്രോഹിക്കുന്നതും അവൾക്കു താൽക്കാലികങ്ങളായ കഠിനദുഃഖങ്ങൾ നേരിടുന്നതും സ്ഥിരവും ദൃഢവുമായ ദൈവവിശ്വാസംകൊണ്ടു കാലക്രമത്തിൽ അവൾക്കു സുഖവും ഇളയമ്മയ്ക്കു നാശവും ഉണ്ടാകുന്നതും മററുമാണു് ഈ കഥയുടെ രത്നച്ചുരുക്കം. ........കഥ ആകപ്പാടെ വായനക്കാൎക്കു കൗതുകകരവും രസപ്രദവും ആണെന്നുള്ളതിനു് രണ്ടുപക്ഷമില്ല. ഈ ഗ്രന്ഥകൎത്താവിനെ ഞങ്ങൾ അഭിനന്ദിക്കയും ഇനി ഇതിലും നല്ല പുസ്തകങ്ങൾ ആ മനുഷ്യൻ എഴുതിക്കാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുകയും ചെയ്യുന്നു ”

---

മലയാളമനോരമ, 1914 ജൂൺ 6-ാംനു-

“........നമ്മുടെ മലയാളഭാഷയിൽ ഗദ്യപുസ്തകങ്ങളുടെ ദൌൎല്ലഭ്യം ഇനിയും തീൎന്നിട്ടില്ലാത്ത സ്ഥിതിക്കു മിസ്റ്റർ ജോസഫിന്റെ ഈ ശ്രമം അഭിനന്ദനീയമാണെന്നുള്ളതിനു സംശയമില്ല.”

---

J. M. J

# എന്റെ കുട്ടിത്തങ്കമ്മ

## ഒന്നാം അദ്ധ്യായം

അബ്രാഹംവാദ്ധ്യാർ ഉറങ്ങുന്നതിനായി കട്ടിലിൽ പായിട്ടു കിടക്കാൻ ഭാവിച്ചപ്പോൾ തന്റെ മക്കൾ രണ്ടുപേരുംകൂടി അടുക്കൽ എത്തി.

കൊച്ചുമാത്തൻ:—അപ്പച്ചാ, ഇപ്പോൾ മണി എട്ടുമാത്രമേ ആയുള്ളല്ലോ. ഉറങ്ങാൻ ഭാവിക്കയാണോ. കഥ പറയാതെ ഉറങ്ങാൻ ഞാൻ സമ്മതിക്കയില്ല.

കൊച്ചുന്നാമ്മ: അപ്പച്ചാ, ഞങ്ങളുടെ വെക്കേഷൻ തീരാറായില്ലേ? ക്രിസ്തുമസ്സ്തിരുനാൾ കഴിഞ്ഞിട്ടു് ഇന്നു പത്തു ദിവസമായി, ഇല്ലേ. അതുകൊണ്ടു് ഇനി ഏഴുദിവസംകൂടി കഴിയുമ്പോൾ ഞങ്ങളുടെ സ്കൂൾ തുറക്കും. അപ്പച്ചന്റെ സ്കൂൾ തുറക്കുന്നതു് എന്നാണു്?

അബ്രാഹംവാദ്ധ്യാർ:—കൊച്ചുന്നാമ്മേ! ഞങ്ങളുടെ സ്കൂൾ തുറക്കുന്നതിനു് ഇനി പതിനഞ്ചുദിവസംകൂടിയുണ്ടു്. നിങ്ങൾ ഈ വെക്കേഷൻകാലത്തു് എന്തെല്ലാം വിശേഷപാഠങ്ങൾ പഠിച്ചു. എത്ര നല്ല കഥകൾ

കേട്ടു. എല്ലാം മറക്കാതെ ഇരിക്കണം. കൊച്ചുമാത്തനു കഥയെന്നു് ഒരു വിചാരമേയുള്ളു. എന്നും കഥപറയ ണം. എന്തായാലും ഇന്നു് എനിക്കു കഥപറയാൻ കഴി കയില്ല.

കൊച്ചുമാത്തൻ:—അപ്പച്ചൻ എന്തു കഥയാണു പറയാറുള്ളതു്. എല്ലാം പാഠപുസ്തകത്തിൽ ഞങ്ങൾ പഠിച്ചിട്ടുള്ളതും മേൽ പഠിക്കാനുള്ളതുമൊക്കെ കള്ളക്ക ഥയാക്കി പറയും. അല്ലാതെ അമ്മച്ചി പറയുന്നതുപോ ലെയുള്ള നല്ല കഥകളൊന്നും അപ്പച്ചൻ പറകയില്ല.

കൊച്ചന്നാമ്മ:—അതുള്ളതാണു്. അപ്പച്ചൻ പറ യുന്ന ഒരു കഥയും പുത്തനായിരിക്കയില്ല. എല്ലാം പാഠ പുസ്തകത്തിലെ പാഠങ്ങൾതന്നെ ആയിരിക്കും. ഇങ്ങനെ കെട്ടിച്ചമച്ചു പറയുന്ന അപ്പച്ചൻ........

അബ്രാഹം:—എന്തു്? കുഞ്ഞുങ്ങളേ, നിങ്ങൾക്കു് അപ്പച്ചൻെറ കഥ കേൾക്കുന്നതിനു രസമില്ലേ. എന്നാൽ ഇന്നുമുതൽ കഥ പറയുന്നേ ഇല്ല.

കൊച്ചുമാത്തൻ:—എൻെറ പൊന്നപ്പച്ചൻ പറ യുന്ന ഏതുതരത്തിലുള്ള കഥയും ഞങ്ങൾക്കു കേൾ ക്കാൻ സന്തോഷമാണു്. എന്നാൽ അമ്മച്ചി പറയു ന്നതുപോലെയുള്ള പാഠപുസ്തകത്തിലേതല്ലാത്തതായ ഒരു കഥ അപ്പച്ചൻ പറഞ്ഞാൽ ഇതിലും സന്തോഷമു ണ്ടാകുന്നതാണു്.

അബ്രാഹം:—ആകട്ടെ; അങ്ങിനെതന്നെ. നാളെ ഒരു നല്ല കഥപറയാം. ഇന്നെനിക്കു പാടില്ല.

കൊച്ചുമാത്തൻ:—അപ്പച്ചാ, അതു പാറുകില്ല. ഇന്നുതന്നെ പറയണം.

കൊച്ചന്നാമ്മ:—അപ്പച്ചാ, ഇന്നു കഥ പറയണ്ട. ഞങ്ങളുടെ സ്ക്കൂളിൽ രാവിലെ സ്ക്കൂൾ തുടങ്ങുമ്പോൾ

വഞ്ചീശമംഗളം പാടുന്നതും, പദ്യപാഠാവലിയുള്ള ദിവസങ്ങളിൽ അതിലെ വഞ്ചിപ്പാട്ട്, താരാട്ട് മുതലായവ പാടുന്നതും കേൾക്കാൻ എത്ര ഇമ്പമായിരിക്കുന്നു. അതുകൊണ്ട് അപ്പച്ചൻ ഞങ്ങളെ ഇന്ന് ഒരു നല്ല പാട്ടു പഠിപ്പിക്കണം. അപ്പച്ചൻ പഠിപ്പിക്കുന്ന സ്ക്കൂളിലും ഇതൊക്കെയുണ്ടോ?

അബ്രാഹം:—എൻെറ കൊച്ചന്നാമ്മ പറഞ്ഞതു വാസ്തവമാണു്. ഞാൻ പഠിപ്പിക്കുന്ന സ്ക്കൂളിൽ രാവിലെ ഈശ്വരപ്രാർത്ഥനയുണ്ട്. ഇതുകഴിഞ്ഞു രസകരമായ പാട്ടുകളും ഉണ്ട്. ഇവ കഴിഞ്ഞാണു് പാഠം തുടങ്ങാറുള്ളതു്. പദ്യപാഠാവലിയിലെ പാട്ടുകളും മററും അവിടെയും പാടിക്കാറുണ്ട്. ആ സ്ക്കൂളിൽ പാടുന്ന പാട്ടുകളിൽ ചിലതൊക്കെ ഞാൻ നിങ്ങളെ പഠിപ്പിക്കാം.

കൊച്ചുമാത്തൻ:—അപ്പച്ചാ കഥ പറഞ്ഞിട്ടാവട്ടെ പാട്ടും കൂത്തും. ഞങ്ങൾക്ക് അപ്പച്ചൻെറ സ്ക്കൂളിലെ പാട്ടു പഠിച്ചിട്ടു എന്താണു കാര്യം.

അബ്രാഹം:—കൊച്ചുമാത്തച്ചാ, ഈ വെക്കേഷൻ കഴിഞ്ഞിട്ടു നിങ്ങളെക്കൂടെ ഞാൻ പഠിപ്പിക്കുന്ന സെൻറ്തോമസ്സ് സ്ക്കൂളിൽ കൊണ്ടുപോയി പഠിപ്പിക്കണമെന്നാണു് വിചാരിച്ചിരിക്കുന്നതു്. നിങ്ങൾക്കു മുഖ്യമായി പഠിക്കാനുള്ളതു വേദപാഠമാണല്ലോ. അതു് ഈ സക്കാർസ്ക്കൂളിൽ പഠിച്ചാൽ ശരിയാകയില്ല. വേദപാഠം ഒരു വർഷംകൊണ്ടു ശരിയാക്കാം. അതുകഴിഞ്ഞു കൊച്ചുമാത്തനെ മാന്നാനം എച്ച്. ജി. എസ്സ്. സ്ക്കൂളിലേക്കും കൊച്ചന്നാമ്മയെ മുത്തോലി കന്യകാമഠത്തിലേക്കും അയച്ചു പഠിപ്പിക്കണമെന്നാണു് ഞാൻ വിചാരിച്ചിരിക്കുന്നതു്. അല്ലാതെ ഈ ഗവമ്മെൻറുസ്ക്കൂളിൽത്തന്നെ പഠിക്കാൻ സാധിക്കുകയില്ല. നിങ്ങൾ ചെ

രുപ്പമായിരുന്നതുകൊണ്ടാണ് മെത്രാനച്ചൻെറ അനുവാദംവാങ്ങി ഈ സ്ക്കൂളിലേക്ക് അയച്ചതു്. ഇപ്പോൾ 12-ം, 10 ം വയസ്സ തികയറായിരിക്കുന്നു. കൊച്ചു മാത്തൻ ഈയാണ്ടിൽ നാലാംക്ലാസ്സിൽനിന്നും കൊച്ചുന്നാമ്മ മൂന്നാംക്ലാസ്സിൽനിന്നും ജയിക്കുമെന്നാണു തോന്നുന്നതു്.

കൊച്ചുന്നാമ്മ:—അപ്പച്ചാ, എന്നാൽ ഈ വെക്കേഷൻ കഴിഞ്ഞിട്ടു് നമുക്കു് അപ്പച്ചൻ പഠിപ്പിക്കുന്ന ഈരാററുപേട്ട സ്ക്കൂളിൽ പോകണം. നമുക്കു് ഉച്ചയ്ക്കു ഭക്ഷിക്കാൻ കുറെ വല്ലതുംകൂടെ കൊണ്ടുപോകണം. അപ്പച്ചൻകൂടെ ഞങ്ങളുടെ സ്ക്കൂളിൽ വന്നു ഞങ്ങളുടെ സർട്ടിഫിക്കേററു വാങ്ങിച്ചു തരുമല്ലൊ. അപ്പച്ചൻെറ സ്ക്കൂളിൽ പാടുന്ന പാട്ടുകളൊക്കെ ഈ വെക്കേഷൻ തീരുന്നതിനകം ഞങ്ങളെ പഠിപ്പിക്കുകയുംവേണം.

കൊച്ചുമാത്തൻ:—എന്തായാലും ഇന്നു കഥ പറഞ്ഞാൽ മതി.

അബ്രാഹം:—ആകട്ടെ; രണ്ടുപേരുടേയും ഇഷ്ടം സാധിക്കാം. ഇതിൽ നല്ലതു് ആദ്യം തീരട്ടെ. പാട്ടു് എഴുതി എടുത്തോളു. ഇതു കഴിഞ്ഞാലുടൻ രസകരമായ ഒരു കഥയും പറയാം.

കൊച്ചുമാത്തൻ:—(ചിരിച്ചുംകൊണ്ടു്) അങ്ങിനെ പറയൂ. എന്നാൽ ഞങ്ങൾ ഇപ്പോൾതന്നെ എഴുതിയെടുക്കാം. പഠിക്കുന്നതു് നാളെ ഒക്കെകയുള്ളു.

അബ്രാഹം:—നാളെ പഠിച്ചില്ലെങ്കിൽ കഥ പറയുകയുമില്ല. അതുകൊണ്ടു നല്ല ഓർമ്മവേണം. എന്നാൽ എഴുതിയെടുത്തോളു. (എന്നുപറഞ്ഞിട്ടു് ഒരു പാട്ടു പറഞ്ഞുകൊടുത്തു) പാട്ടു് എഴുതി എടുത്തശേഷം കൊച്ചുന്നാമ്മ അപ്പച്ചാ ഇതു രാഗമൊപ്പിച്ചു് ഒന്നു പാടിത്തരു.

കൊച്ചുമാത്തൻ.—അപ്പച്ചാ ഈ പാട്ട് അപ്പച്ചൻ എഴുതിയുണ്ടാക്കിയതല്ലേ.

അബ്രാഹം :— അതേ. (എന്നുപറഞ്ഞും വല്ല കുട്ടികളെ രാഗമൊപ്പിച്ചു പാടികേൾപ്പിച്ചിട്ട്, എല്ലാവരും കൂടി വീണ്ടും പാട്ട് രസമായി പാടി. പാട്ട കേട്ടുംകൊണ്ടു് അബ്രാഹത്തിൻെറ ഭാര്യയായ മേരി ആ മുറിയിലേക്ക കയറിവന്നു. പാട്ട തീൎന്നപ്പോൾ)

മേരി:—എന്താണ് അപ്പച്ചനും മക്കളുംകൂടി പാടിക്കളിക്കുന്നതു്. നല്ല പാട്ട്. ഇതു് ഇവർ പഠിച്ചിട്ടു ദിവസവും കാലത്തും വൈകിട്ടും പഠിക്കാൻതുടങ്ങുമ്പോൾ പാടണം. മനസ്സലിക്കുന്ന പാട്ടാണ്.

അബ്രാഹം:—കൊള്ളാം. വീട്ടുപാഠങ്ങൾ പഠിക്കുമ്പോൾ വീട്ടിൽവച്ചു പാടുന്നതും നല്ലതാണ്. ഇനി കഥ പറയട്ടെ......അല്ലെങ്കിൽ കൊച്ചുമാത്തൻെറ അമ്മച്ചി തന്നെ പറയൂ. അതു കേൾക്കാനാണ് കൊച്ചുമാത്തനു സന്തോഷം........

മേരി:—എനിക്ക കഥയും മററും പറയാൻ സുഖമില്ല. നിങ്ങൾ വല്ലവരും പറഞ്ഞാൽ ഞാനുംകൂടി കേട്ടുകൊള്ളാം.

കൊച്ചുമാത്തൻ:—അമ്മച്ചിക്ക കഥപറയാൻമേല. അപ്പച്ചൻതന്നെ പറഞ്ഞാൽമതി (എന്നു പറഞ്ഞുകൊണ്ടു് അബ്രാഹം കിടക്കുന്ന കട്ടിലിൽ കയറിയിരുന്നു്, അബ്രാഹത്തിനെ വീശാൻതുടങ്ങി. മേരി കട്ടിലിനടുത്തു കിടക്കുന്ന ചാരുകസാലയിൽ ചാരിയിരുന്നു. കൊച്ചന്നാമ്മ പതിവുപോലെ കട്ടിലിൻെറ ഒരററത്തിരുന്നുകൊണ്ടു് അബ്രാഹത്തിൻെറ കാലുതിരുമ്മാൻതുടങ്ങി.)

അബ്രാഹം:—എന്നാൽ കേട്ടോളൂ. നല്ല ഒന്നാംതരംകഥ. ആരും ഉറങ്ങരുതു്. ശ്രദ്ധയായി കേട്ടുകൊ

ള്ളണം. കൊച്ചുമാത്തൻ ഇടയ്ക്കുകയറി ഒന്നും പറകയു മരുതു്.

കൊച്ചുമാത്തൻ:—അപ്പച്ചൻ നല്ല കഥയെന്നുംപ റഞ്ഞു തുടങ്ങി അവസാനിക്കുമ്പോൾ ജയിംസു് ഗാർഫീൽ ഡിന്റേയോ സർ ഐസേക്കു്ന്യൂട്ടന്റേയോ മറേറാ കഥ യാക്കിത്തീക്കും.

കൊച്ചന്നാമ്മ:—അതു ശരിയാണു്. ഇങ്ങനെ നല്ല ഒന്നാംതരം കഥയെന്നു് അപ്പച്ചൻ ആദ്യം പറയും. അവസാനം നമ്മുടെ പാഠപുസ്തകത്തിലെ ഏതെങ്കിലും ഒരു പാഠത്തിന്റെ ചുരുക്കവുമായിരിക്കും.

മേരി:—അതിനെന്താണു്; അതു കൊള്ളുകില്ലേ?

അബ്രാഹം:—വേണ്ട. അതൊന്നുമല്ല ഇന്നത്തെ കഥ. "എന്റെ കുട്ടിത്തങ്കമ്മ" എന്ന ഒരു പെൺകുട്ടി യുടെ ഏത്രയും വിശേഷമായ ജീവചരിത്രമാണു്.

മേരി:- അതുകൊള്ളാം. ആ കഥ എനിക്കും ന ല്ലപോലെ അറിയാം. എന്നാൽ അതു പറയുന്നതു സൂ ക്ഷിച്ചുവേണം.

കൊച്ചുമാത്തൻ:—കഥയുടെ പേർ നല്ല ഒന്നാംത രംതന്നെ. കടശിയാകുമ്പോൾ റാണിലക്ഷ്മീഭായ്രാ ജ്ഞിയുടേയോ ആററുങ്ങൽതമ്പുരാക്കന്മാരുടേയോ മറേറാ ചരിത്രമായി തീരാതിരുന്നാൽ കൊള്ളാം.

അബ്രാഹം:—അല്ല കൊച്ചുമാത്തച്ചാ, ഇന്നത്തെ കഥ പാഠപുസ്തകത്തിലേതൊന്നുമല്ല. നല്ല കഥ. നിങ്ങ ളുടെ അമ്മച്ചി നിങ്ങളോടു പറയാറുള്ളതുപോലെ വള രെ രസകരമായ കഥയാണു്. പക്ഷേ ഇന്നുകൊണ്ടു തീ രുമോ എന്നെനിക്കു സംശയമാണു്. ഏതായാലും കുറ ച്ചു പറയാം. ഇടയ്ക്കുകയറി ഒന്നും പറയരുതെ കൊച്ചു മാത്താ......,...എന്നാൽ കേട്ടുകൊള്ളു.

# ഒന്നാം ദിവസത്തെ കഥ

---

എൻെറ വാത്സല്യഭാജനങ്ങളായ കുഞ്ഞുങ്ങളേ! ഹേമപുഷ്പകശ്ശേരിനാട്ടിൽ പമ്പാനദീതീരത്തിനടുത്തുള്ളാപുരി എന്ന ഒരു ചെറിയ പട്ടണം സ്ഥിതിചെയ്യുന്നു. നിള്ളാപുരത്തു പള്ളിയിൽനിന്നും ഒരുമൈൽ ദൂരത്തായി പഴവീട്ട് എന്ന ഗൃഹമുണ്ട്. ഈ മാന്യഗൃഹത്തിൽ യോശുവാ, സാറാ എന്ന അപ്പനമ്മമാരിൽനിന്ന് "എൻെറ കുട്ടിത്തങ്കമ്മ" എന്ന പെൺപൈതൽ ജനിച്ചു. മാതാപിതാക്കൾക്ക് ഏകജാതയായ ഈ കുട്ടിത്തങ്കമ്മയെ വളരെ വാത്സല്യത്തോടുകൂടി അവർ വളർത്തിവന്നു. അവൾക്ക് അഞ്ചുവയസ്സു തികഞ്ഞപ്പോൾ മാതാപിതാക്കൾ അവളെ അവിടെയുള്ള പാഠശാലയിലേക്ക് അയച്ചു; സ്വഭാഷകളായ മലയാളവും, തമിഴും തങ്കമ്മ നല്ലപോലെ എഴുതാനും വായിക്കാനും മനസ്സിലാക്കി. പിന്നീട് അവളുടെ പത്താമത്തെ വയസ്സിൽ അവിടെയുള്ള ഇംഗ്ലീഷുസ്കൂളിൽ അയച്ചു തങ്കമ്മയുടെ വയസ്സു പതിനാലു കഴിഞ്ഞപ്പോൾ ഇംഗ്ലീഷും ഒരുവിധം എഴുതാനും വായിക്കാനും പരിശീലിച്ചു. പഠിത്തം നിർത്തി. വീട്ടുജോലികളും ഇതിനിടയ്ക്കു തങ്കമ്മ മനസ്സിലാക്കാതിരുന്നില്ല. സാറാ തൻെറ മകളെ 'എൻെറ കുട്ടിത്തങ്കമ്മ' എന്നു തികച്ചു വിളിക്കാതെന്നെയില്ലായിരുന്നു. ഈ തങ്കമ്മയെ സാറാ സ്നേഹിച്ചിരുന്നത് അസാമാന്യവിധത്തിലായിരുന്നു എന്നുള്ളത് ഏകസന്താനമുള്ള മാതാക്കൾക്കുമാത്രമേ പറഞ്ഞറിയിക്കാൻ കഴിയൂ. അല്ലാതെ എന്നാൽ പറഞ്ഞറിയിക്കാൻ അസാദ്ധ്യമാണ്. സാറാ ദേഹം ശോഷിച്ചവളും ദീനക്കാരിയുമായിരുന്നതിനാൽ തൻെറ വീട്ടുജോലികൾകൂടി ചെയ്‌വാൻ വളരെ ബുദ്ധിമുട്ടിയിരുന്നു. തള്ളയെ സഹായിക്കുന്നതിൽ നമ്മു

ടെ തങ്കമ്മ വളരെ ജാഗരൂകയായിരുന്നു. യോശുവാ തന്റെ ഏക മകളെ കാണുന്നതു് എത്രമാത്രം സന്തോഷത്തോടുകൂടിയായിരുന്നു എന്നുള്ളതും പറഞ്ഞറിയിക്കാൻ അസാദ്ധ്യം. നമ്മുടെ തങ്കമ്മയുടെ സൌന്ദര്യം എത്രത്തോളം ഉണ്ടായിരുന്നു എന്നുള്ളതു് ആ നാമമാത്രത്താൽ തന്നെ ആക്കും അറിയാവുന്നതാണു്. അവളുടെ കെട്ടിവച്ചിരിക്കുന്നതായ കേശഭാരം തുലാക്കോളിനുകൊള്ളുന്ന കാർമാലയെ ലജ്ജിപ്പിക്കത്തക്കതരത്തിൽ അത്ര രമണീയമായിരുന്നു. നെററിത്തടം ഇളനിലാവു തന്നെയോ എന്നു് ആരും സംശയിച്ചുപോകും. നേത്രങ്ങൾ അരവിന്ദദളങ്ങളെ തോല്പിക്കത്തക്ക തരത്തിൽ ആയിരുന്നു മൂക്കു് പാവപ്പെട്ട ആ എള്ളിൻപൂവിനോടു മല്ലിടുന്നോ എന്നു തോന്നുമാറുള്ള ആകൃതിവിശേഷത്തോടുകൂടിയതും ആയിരുന്നു തളിരുപോലെ മൃദുലവും മനോഹരമായിരുന്നു അവളുടെ അധരങ്ങൾ. കാതിലുള്ളതായ കർണ്ണാഭരണങ്ങൾ രണ്ടു റോസാകുസുമങ്ങൾ എന്നപോലെ പ്രകാശശാലിതമായിരുന്നു. എന്നുവേണ്ടാ, ആകപ്പാടെ നമ്മുടെ തങ്കമ്മ വളരെ സുന്ദരിയും, സുമുഖിയും, സാധ്വിയും, വിനയമുള്ളവളുമായിരുന്നു. എപ്പോഴും സ്വർണ്ണാഭരണങ്ങൾ അധികമൊന്നും അണിഞ്ഞു നടക്കുക പതിവില്ലായിരുന്നു. നല്ല വെടിപ്പായ വസ്ത്രങ്ങൾ ധരിച്ചു് എപ്പോഴും എന്തെങ്കിലും വീട്ടുജോലികളും ചെയ്തു തന്റെ ഗൃഹത്തിൽ പാർത്തുവന്നു. പതിന്നാലു വയസ്സു കഴിഞ്ഞിരിക്കുന്ന ഈ തങ്കമ്മയെ വേഗം വിവാഹം ചെയ്യിക്കണമെന്നു യോശുവായും സാറായും നിശ്ചയിച്ചു് മീനച്ചൽ ഒരു മാന്യഗൃഹത്തിലുള്ള ഒരു യുവാവിനെ തിരഞ്ഞെടുക്കയുംചെയ്തു. അടുത്ത മാസത്തിൽതന്നെ കല്യാണം നടത്തത്തക്കവിധം വിളിച്ചുചൊല്ലു മുതലായവ നിക്ലാപുരത്തു പള്ളിയിലും മീനച്ചൽ പള്ളിയിലും നടത്തിച്ചു. നിക്ലാപുരത്തു പഴവീട്ടിൽ കല്യാണഒരുക്കങ്ങൾ പൊടി

പൊടിക്കുന്നു.........................................ഈ സമയ
ത്തു സൌഭാഗ്യപൂർണ്ണയായി വളൎന്നുവന്ന നമ്മുടെ തങ്കമ്മ
യേയും തന്റെ പിതാവിനേയും ദൈവം ഒന്നു ദുഃഖിപ്പി
ച്ചുവെന്നുള്ളതു സാധുവായ സാറായുടെ പെട്ടെന്നുണ്ടായ
അകാലമരണം മാത്രമാണു്. അയ്യോ! ഈ സമയത്തു്
നമ്മുടെ തങ്കമ്മയും യോശുവായും എത്രയൊക്കെ പതം
പറഞ്ഞുകരഞ്ഞിട്ടും യാതൊരു ഫലവും ഉണ്ടായില്ല.
“കല്യാണഗൃഹത്തിൽ കണ്ണാക്കു്” എന്നു പറഞ്ഞതു
പോലെയായി. യോശുവാ തന്റെ ഭാൎയ്യയുടെ മൃതശരീ
രം എത്രയും ആഘോഷമായി നിക്കാപുരി പള്ളിയിൽ
ഭൂമിദാനം ചെയ്യിച്ചശേഷം തങ്കമ്മയും യോശുവായും
വളരെ ദുഃഖത്തോടുകൂടി പാൎത്തുവന്നു. സാറായുടെ പുല
യടിയന്തിരം തങ്കമ്മയുടെ വിവാഹം നിശ്ചയിച്ചിരുന്ന
ദിവസത്തിൽ ഭംഗിയായി നടത്തി. ഗുണവതിയായ ന
മ്മുടെ തങ്കമ്മയുടെ അമ്മ മരിച്ചുപോയി എന്നുള്ള ഏക
കാരണത്താൽ വിവാഹം സമ്മതിച്ചിരുന്നവർ മട്ടത്തു
പുറംകോട്ടുമാറി എന്നുപറഞ്ഞാൽ കഴിഞ്ഞല്ലൊ.

യോശുവായ്ക്കു തന്റെ ഭാൎയ്യയുടെ ആഗ്രഹംപോ
ലെ തങ്കമ്മയെ വിവാഹം ചെയ്യിക്കുന്ന കാൎയ്യം സാധി
ക്കാഞ്ഞതിനാൽ വളരെ വ്യസനമുണ്ടായി. അങ്ങിനെ
ഒരുവൎഷംകൂടി അവർ അവിടെ പാൎത്തുവന്നു. നമ്മുടെ
തങ്കമ്മയ്ക്കു വയസ്സു പതിനഞ്ചും കഴിഞ്ഞു. ഇനി തങ്കമ്മ
യെ ഒട്ടും താമസിയാതെ വിവാഹം ചെയ്യിക്കണമെന്നു
നിശ്ചയിച്ചു. യോശുവാ തങ്കമ്മയെ അടുത്ത ഒരു വീട്ടിൽ
ഏല്പിച്ചുംവച്ചു നടന്നുനടന്നു ചേൎത്തലതാലൂക്കിൽ വയ
ലാറു് ഒരു വീട്ടിൽ എത്തി. അവിടെ വിവാഹം ചെ
യ്യാൻ പ്രായമായ ‘പൊന്നപ്പൻ’ എന്ന ഒരു യുവാവു്
മെററ്റിക്കുലേഷൻ പരീക്ഷ പാസ്സായി പഠിത്തം നി
ൎത്തി താമസിക്കുന്നുണ്ടെന്നു് മട്ടത്തുകാരൻ ഒരാളിന്റെ എ

ഴുത്തുമൂലം അറിഞ്ഞിരുന്നതുകൊണ്ടാണു് നമ്മുടെ യോ-ശ്ശുവാ അവിടെ കയറിയത്തു്. ഈ കല്യാണക്കാര്യത്തെപ്പററി ആലോചിച്ചപ്പോൾ ആ വീട്ടുകാർക്കു വളരെ സന്തോഷമായി. തങ്കമ്മയെ ഇതിനു മുൻപു് ആ വീട്ടുകാർ മിക്കവരും കണ്ടിരുന്നതിനാലും പഴവീടിനെപ്പററി അവർക്കു് അറിവുണ്ടായിരുന്നതുകൊണ്ടും ഈ കല്യാണം സമ്മതിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. എന്തിനേറെ വിസ്തരിക്കുന്നു. കുഞ്ഞുങ്ങളേ! ഏറെ താമസിയാതെ നിക്കാപുരത്തു പള്ളിയിൽവച്ചു് നമ്മുടെ തങ്കമ്മയുടേയും പൊന്നപ്പന്റെയും വിവാഹം വളരെ ഭംഗിയായി നടന്നു"

(ഇത്രയും പറഞ്ഞപ്പോൾ) കൊച്ചുമാത്തൻ:—അപ്പച്ചാ അപ്പച്ചന്റെ വീട്ടും വയലാററാണല്ലൊ.

അബ്രാഹം: (ദ്വേഷ്യപ്പെട്ടുകൊണ്ടു്) നീ ഇടയ്ക്കുകയറി പറഞ്ഞാൽ ഞാൻ കഥ പറയുന്നതു് നിറുത്തും! എന്റെ വീട്ടു് വയലാററാണു്. അതിനെന്താണു്?

കൊച്ചുമാത്തൻ:—എന്റെ അപ്പച്ചാ, ഇനി മിണ്ടുകയില്ല എന്നു പറഞ്ഞു വച്ചു കൊച്ചന്നാമ്മയുടെ കയ്യിൽ വിശറി കൊടുത്തിട്ടു് അബ്രാഹത്തിന്റെ കാലുതിരുമ്മാൻ തുടങ്ങി. കൊച്ചന്നാമ്മ അബ്രാഹത്തിനെ മന്ദംമന്ദമായി വീശിത്തുടങ്ങി. അബ്രാഹംവാദ്ധ്യാർ ഒന്നു മൂളീട്ടു വീണ്ടും പറയുന്നു.

"തങ്കമ്മയ്ക്കനുരൂപനായ ഭർത്താവു് ഈ പൊന്നപ്പൻതന്നെ. 'സുകൃതമുള്ള സ്ത്രീ തന്റെ ഭർത്താവിന്റെ കിരീടമാകുന്നു' എന്നുള്ള വേദവാക്യം ഒപ്പിച്ചു പൊന്നപ്പന്റെ കിരീടം നമ്മുടെ തങ്കമ്മതന്നെയെന്നു പറയുന്നതിൽ ഞാൻ അശേഷം മടിക്കുന്നില്ല. ഈഭാര്യാഭർത്താക്കന്മാർ ഏതുവിധമുള്ള ഐക്യമത്യത്തോടുകൂടി പാർത്തുവരുന്നുവെന്നു് എനിക്കു് പറഞ്ഞറിയിക്കാൻ പ്രയാസം. ഭർത്താ-

വിന് ഏതെങ്കിലും ദുഃഖമുണ്ടായാൽ ഭാൎയ്യ ഉടനെ ആശ്വാസിപ്പിക്കും. ഭാൎയ്യക്കു വല്ല ക്ലേശവുമുണ്ടായാൽ ഭൎത്താവാശ്വാസിപ്പിക്കും. ഭൎത്തൃശുശ്രൂഷ നമ്മുടെ തങ്കമ്മയിൽ നിന്നുതന്നെ എല്ലാ സ്ത്രീകളും പഠിക്കണം. നമ്മുടെ യോശുവാ തൻെറ മരുമകനായ പൊന്നപ്പനെ തൻെറ ഏകമകളായ തങ്കമ്മയെ സ്നേഹിക്കുന്നതുപോലെതന്നെ സ്നേഹിച്ചുവന്നു. പൊന്നപ്പൻെറ വീട്ടിൽനിന്ന് അയാൾക്കവകാശമായി കിട്ടിയ സ്വത്തുക്കൾകൂടി കൊണ്ടുവന്ന് തൻെറ സ്വത്തുക്കളോടുകൂടി ചേൎത്തു. നമ്മുടെ തങ്കമ്മയ്ക്കും ഭൎത്താവിനും യോശുവായ്ക്കും ധാരാളച്ചിലവുകളൊക്കെ കഴിഞ്ഞാലും മാസംപ്രതി അൻപതു രൂപാ സമ്പാദ്യമുണ്ടാകും. ഈ സ്ഥിതിയിൽ ഒരുവൎഷം കൂടി കഴിഞ്ഞപ്പോൾ നമ്മുടെ യോശുവായ്ക്കു പുനർവിവാഹം ചെയ്യണമെന്ന് ഒരു മോഹമുണ്ടായി. തൻെറ ഊണും ഉറക്കവും കുറഞ്ഞുതുടങ്ങി. നാല്പത്തിഅഞ്ചുവയസ്സുമാത്രം പ്രായമുള്ള യോശുവായ്ക്കു പുനർവിവാഹത്തിൽ ആഗ്രഹം ജനിച്ചതു് അതിശയമല്ലല്ലോ. ഏതെങ്കിലും ഒരു ദിവസം നമ്മുടെ യോശുവാ പെണ്ണന്വേഷിച്ചു പുറപ്പെട്ടുവെന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ. രണ്ടു ദിവസത്തെ വഴിനടന്നു കഷ്ടപ്പെട്ടു ശേരിങ്ങനാട്ടു് എത്തി, ആ പട്ടണത്തിൻെറ മദ്ധ്യത്തിലായി ഒരുക്രിസ്ത്യൻ ക്ലബ്ബിൽ ചെന്നുകയറി ഭക്ഷണം തയാറുണ്ടോയെന്നു ചോദിച്ചു. അപ്പോൾ സുന്ദരിയായ ഒരു ചെറുപ്പക്കാരി കുണുങ്ങിക്കൊണ്ടുവന്ന് ഭക്ഷണം തയാറുണ്ടെന്നു പറകയും തൽക്ഷണം കിണ്ടിയിൽ വെള്ളം കൊണ്ടുവന്നു കൊടുക്കുകയും ചെയ്തു. അനന്തരം അവൾതന്നെ അയാൾക്കു ഭക്ഷണവും കൊണ്ടു കൊടുത്തു. പുരുഷന്മാരെ ആകൎഷിക്കത്തക്ക കണ്ണുകളോടുകൂടിയ ഏലിയാമ്മയെന്ന ഈ ചെറുപ്പക്കാരിയുടെ മുഖദൎശനം നമ്മുടെ യോശുവായെ ഒന്നു ചാഞ്ചല്യപ്പെടുത്താതിരുന്നില്ല.

യോശുവാ ഭക്ഷണവും മററും കഴിഞ്ഞപ്പോൾ ഏലിയാമ്മ "എന്താ മൂപ്പിലെ, എവിടെനിന്നും വരുന്നു; എങ്ങോട്ടു പോകുന്നു" എന്നൊക്കെ കുശലപ്രശ്നങ്ങൾ ചെയ്തു. അതിനു യോശുവാ തന്റെ സകല വൃത്താന്തങ്ങളും പറഞ്ഞു കേൾപ്പിക്കയും ഭർത്താവു മരിച്ചിരിക്കുന്ന ആ ഏലിയാമ്മയിൽനിന്നും അവളുടെ സംഗതികൾ മുഴുവനും താനും മനസ്സിലാക്കയുംചെയ്തു. ചുരുക്കിപ്പറഞ്ഞാൽ ഏറെ താമസിയാതെ ഈ ഏലിയാമ്മയെത്തന്നെ നമ്മുടെ യോശുവാ വിവാഹംചെയ്കയും തന്റെ മകളായ തങ്കമ്മയോടുകൂടി കൊണ്ടുപാർപ്പിക്കയുംചെയ്തു.

താഴ്മ, ക്ഷമ, കീഴ്വഴക്കം മുതലായ സൽഗുണങ്ങളുടെ വിളനിലമായ നമ്മുടെ തങ്കമ്മയ്ക്കു് ഇളയമ്മവന്നതു് തന്റെ അമ്മയെന്നപോലെ വിചാരിച്ചു സന്തോഷമായിരുന്നു. ഇളയമ്മയായ ഏലിയാമ്മയും അപ്രകാരംതന്നെ പുറമേ കാണിച്ചിരുന്നു. തങ്കമ്മയുടെ ഉത്തമഭർത്താവായ പൊന്നപ്പനും ഏലിയാമ്മയോടു സന്തോഷമായി പെരുമാറി എന്നതു് അത്ഭുതമല്ലല്ലോ. ഇങ്ങനെ യോശുവായും ഏലിയാമ്മയും പൊന്നപ്പനും നമ്മുടെ തങ്കമ്മയും സുഖമായി പഴവീട്ടിൽ പാർത്തുവന്നു.

അബ്രാഹം:- ശേഷം നാളെ പറയാം. കുഞ്ഞുങ്ങളെ, എനിക്കുറക്കം വരുന്നു.

കൊച്ചുമാത്തൻ:- അപ്പച്ചാ, നല്ല കഥ; ശേഷംകൂടി പറയൂ. എനിക്കിതിൽ ചിലതെല്ലാം ചോദിച്ചു മനസ്സിലാക്കാനുണ്ടു്. കഥയെല്ലാം പറഞ്ഞവസാനിച്ചിട്ടുവേണം ചോദിക്കാൻ.

കൊച്ചന്നാമ്മ:- അപ്പച്ചാ മതി; ഇനി നാളെ പറഞ്ഞാൽ മതി നല്ല ഒന്നാംതരം കഥ. ഇച്ചാച്ചന്റെ അഭിപ്രായംപോലെ ഇതു് പാഠപുസ്തകത്തിലേതും മററുമല്ല.

മേരി:—എടാ കൊച്ചുമാത്താ, കിടന്നുറങ്ങ്. അപ്പച്ചനും ഉറങ്ങട്ടെ...ഞാനും ഒന്നുറങ്ങട്ടെ...എടീ, കൊച്ചന്നാമ്മെ, വാ...ഉറങ്ങാൻപോകാം എന്നുപറഞ്ഞുംകൊണ്ടു് എഴുന്നേററു.

കൊച്ചുമാത്തൻ:—അമ്മച്ചി, ഇന്നത്തെ കഥ പാഠപുസ്തകത്തിലേതല്ല നല്ല കഥ. മുഴുവൻ കേൾക്കാൻ എനിക്കു വലിയ ആഗ്രഹമായിരിക്കുന്നു.

മേരി:—നിങ്ങളുടെ അപ്പച്ചൻ ഇതിൻെറ ശേഷം നാളെ പറഞ്ഞുകേൾപ്പിക്കും. നീ കിടന്നുറങ്ങ്. എന്നു പറഞ്ഞു് കൊച്ചന്നാമ്മയോടുകൂടി മേരി അടുത്ത മുറിയിലേക്കുപോയി. അബ്രഹാം തൻെറ ഓമനമകനായ കൊച്ചുമാത്തനെ പിടിച്ചു് തൻെറ അടുക്കൽ കിടത്തി പുതപ്പും പുതച്ചു് സുഖമായി കിടന്നുറങ്ങി.

---

# രണ്ടാം അദ്ധ്യായം.

---

രണ്ടാംദിവസം നേരം പ്രഭാതമായി. കൊച്ചുമാത്തനും കൊച്ചന്നാമ്മയും വെളുപ്പിനു നാലരമണിക്കുതന്നെ കണിശമായുണർന്നു. പായിൽ കിടന്നുകൊണ്ടു് ഈശ്വരസ്തോത്രം ചെയ്യുന്നതു കേൾക്കാൻ എത്ര ഇമ്പമായിരിക്കുന്നു. അതിൻെറശേഷം അവർ രണ്ടാളുംകൂടി മാതാപിതാക്കളെ വിളിച്ചുണർത്തി എല്ലാവരും മുട്ടിന്മേൽനിന്നു് ഉഷഃകാലജപവും മററും പാടി ദൈവത്തെ സ്തുതിച്ചു. കുട്ടികൾ തങ്ങളുടെ പഴയ പാഠങ്ങളെ വായിക്കുന്നു. ആറുമണിക്ക് എല്ലാവരും വെളിയിൽപോയി തിരിച്ചുവന്നു ദന്തശുദ്ധി വരുത്തി കുളിച്ചു് കാലത്തെ ഭക്ഷണം കഴിഞ്ഞു. കുട്ടികൾ വീണ്ടും പാഠങ്ങൾ വായിക്കുന്നു. കോപ്പി എഴുതു-

നു. കണക്കു ഭാഷ മുതലായ വീട്ടുപാഠങ്ങൾ എഴുതുന്നു. ഇവയെല്ലാം കഴിഞ്ഞു സ്വല്പനേരം കളിക്കുന്നു. ഉച്ചഭക്ഷണംകഴിഞ്ഞു തലേദിവസം അബ്രാഹംവാദ്ധ്യാർ പറഞ്ഞെഴുതിച്ച പാട്ടു പഠിക്കുന്നു. സകല പാഠങ്ങളും ശരിയായി പഠിച്ചശേഷം നാലു മണിക്കു വീണ്ടും കളിക്കുന്നു. ഇതിനിടയ്ക്കു നമ്മുടെ അബ്രാഹംവാദ്ധ്യാർ "പ്രചീനതാരക" പത്രത്തിൽ പ്രസിദ്ധംചെയ്യുന്നതിനായി വിശേഷമായ ഒരു ലേഖനം തയാറാക്കി. മേരി എത്രയും വിശേഷമായ ഒരു പണിച്ചട്ട കൊച്ചുന്നാമ്മയ്ക്കായി തയ്ച്ചു. ഇങ്ങനെ ആ വീട്ടിലുള്ളവർ നാലുപേരും വിലയേറിയ സമയത്തെ വൃഥാകളയാതെകഴിച്ചുകൂട്ടി. ആറുമണിക്കുത്രികാലജപവും പ്രാർത്ഥനമുതലായ സൽകൃത്യങ്ങളുംനടത്തി അത്താഴമുണ്ടു. എട്ടുമണി കൃത്യമടിച്ചപ്പോൾ കുട്ടികൾ രണ്ടും തലേദിവസം പിതാവു പറഞ്ഞെഴുതിച്ച പാട്ടു പഠിച്ചുംകൊണ്ടു പിതാവിന്റെ അടുക്കൽ ഹാജരായി പാടി കേൾപ്പിച്ചു. പാട്ടുകേട്ട് അബ്രാഹംവാദ്ധ്യാർ വളരെ സന്തോഷിച്ചു പെട്ടിയിൽനിന്നും കുറെ ബിസ്കറ്റും മിട്ടായിയും കുട്ടികൾക്ക് എടുത്തുകൊടുത്തു. അവർ അതു തിന്നുകഴിഞ്ഞപ്പോൾ അബ്രാഹം വാദ്ധ്യാർ താഴെ പറയുന്നതും താൻ തന്നെ എഴുതിയുണ്ടാക്കിയതും തന്റെ സ്ക്കൂളിൽ മിക്ക ദിവസങ്ങളിലും രാവിലെ കുട്ടികൾ പാടുന്നതുമായ ഒരു പാട്ട് അവരെക്കൊണ്ടു് എഴുതിച്ചു.

രാവിലെ സ്ക്കൂൾ തുടങ്ങുന്നതിനു മുമ്പു പാട്ട്.

(സാമരാഗം രൂപകം) (ഈശ്വരമെ മഞ്ജൻദര പങ്കജാ മട്ട്.)

തരുണിമാരിൽ മണിയാകും ദൈവമാതാവേ
കരുണയോടെ ഞങ്ങളെ നീ പാലിക്കേണമേ (തരുണി)
ഞങ്ങളിന്നു പഠിപ്പാൻ തുടങ്ങുന്നു നാഥേ
ഞങ്ങളിൽനിൻ കാരുണ്യമുണ്ടായിടേണമേ (തരുണി)

ഗുരുവരനിൽത്തുണചെയ്യേണം കരുണയോടെന്നും
വരികനീയും ഞങ്ങളേയും പരിപാലിക്കുവാൻ. (തരുണി)
പന്തിരണ്ടാംപീയൂസുപാപ്പാ മേലുമേററനാൾ
ക്ഷിതിയിതിൽ വിലസുവാൻനീ കരുണചെയ്യണേ. (തരു)
ഇൻഡ്യയുടെഡെലിഗേററായ് വാഴുംവന്ദ്യനിൽ
വേണ്ടുംസുഖംചേർത്തുമേലും പാലിക്കേണംനീ. (തരുണി)
കൃപതയാംചങ്ങനാശ്ശേരി ഭരിക്കുന്ന
മെത്രാനേയും രക്ഷിക്കേണം ദൈവമാതാവേ. (തരുണി)
ചിത്രാവനീനാഥരാംതൽ സോദരങ്ങൾക്കും
മാത്രാധികം സുഖമന്യേ കാത്തുകൊള്ളണേ. (തരുണി)
ഞങ്ങളുടെ മാതാപിതാക്കന്മാരേയും നീ
തിങ്ങിന സന്തോഷമോടെ രക്ഷിക്കേണമേ. (തരുണി)
ഈ സ്ക്കൂളിൻെറ മദ്ധ്യസ്ഥനാം തോമ്മാ ശ്ലീഹായെ
ഈ സ്ക്കൂളിൽ പഠിക്കും ബാലർ ഞങ്ങൾക്കായ് നീയും
ഇന്നുമെന്നും പ്രാർത്ഥിക്കേണം പുണ്യപിതാവെ
ധന്യനാം യേശുനാഥൻെറ സന്നിധൗ നീയും. (തരുണി)

ഈ പാട്ട് എഴുതി തീർന്നപ്പോൾ കൊച്ചുമാത്തൻ അപ്പച്ചാ ഇനി കഥ പറയൂ എന്നു പറഞ്ഞു. കൊച്ചന്നാമ്മയും കഥ പറയുന്നതിനു നിർബന്ധിക്കാതിരുന്നില്ല. മേരിയും ആ സമയത്തുതന്നെ അവിടെ വന്നുചേൎന്നു. തലേദിവസം താൻ ഇരുന്ന ചാരുകസേരയിൽതന്നെയിരുന്നു. കൊച്ചന്നാമ്മയും കൊച്ചുമാത്തനും അബ്രാഹത്തിൻെറ കട്ടിലിൽ കയറിയിരുന്ന് പതിവുപോലെ കാലുതിരുമ്മാനും വീശാനും തുടങ്ങി. അബ്രാഹം മുൻതീയതി പറഞ്ഞുനിറുത്തിയതിൻെറ ശേഷമായി പറയുന്നു.

# രണ്ടാംദിവസത്തെ കഥ.

---

അങ്ങിനെ ഒരു വൎഷംകൂടി കഴിഞ്ഞപ്പോൾ ഏലിയാമ്മ പ്രസവവും ഒന്നു കഴിച്ചു. ഏലിയാമ്മ പ്രസവിച്ച കുട്ടി ആണായിരുന്നു. ഈ കുട്ടിയെ യോശുവായും നമ്മുടെ തങ്കമ്മയും പൊന്നപ്പനും വളരെ സ്നേഹത്തോടുകൂടി വളൎത്തിവന്നു. ഇങ്ങനെ ഇവർ യോജിപ്പോടുകൂടി ഒരുവൎഷം കൂടി പാൎത്തു. അക്കാലത്തു് ഒരുദിവസം രാത്രി നമ്മുടെ ഏലിയാമ്മ യോശുവായോടു് ഈപ്രകാരം പറഞ്ഞു:--"എനിക്കു് ഒരു കുഞ്ഞു കാലമായി. ഒന്നു വയററിലുമുണ്ടു്. ഇനി എൻെറ കാൎയ്യം ഞാൻ പറഞ്ഞില്ലെങ്കിൽ ഞാനും എൻെറ കുഞ്ഞുങ്ങളും വഴിയിലാകും. തങ്കമ്മയ്ക്കും കെട്ടിയവാൻമാണൊ ഇതെല്ലാം കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നതു്. നിങ്ങളുടെ കണ്ണടച്ചാൽ ഞാനും കുഞ്ഞുങ്ങളും എങ്ങോട്ടുപോകും. അതിനു യോശുവാ മറുപടിയായി ഞാൻ അതിനൊക്കെ ഏൎപ്പാടുചെയ്യും. നീ ധൃതിയൊന്നും കൂടാതെ അടങ്ങിയിരിക്കു. "പയ്യെ തിന്നാൽ പനയും തിന്നാം" എന്നുള്ള പഴഞ്ചൊല്ലു് എന്നു പറഞ്ഞു കിടന്നുറങ്ങി. അന്നു രാത്രി ഏലിയാമ്മ ഈ കാൎയ്യങ്ങളൊക്കെ ഓൎത്തു തീരെ ഉറങ്ങിയില്ല...... ഇതുകൂടാതെ ആ ഏലിയാമ്മ ഒരു നല്ലസ്വഭാവക്കാരിയും അല്ലായായിരുന്നു...... ......

നാൾക്കുനാൾ നമ്മുടെ തങ്കമ്മയോടു് ഏലിയാമ്മയ്ക്കു് വൈരാഗ്യവും മുഴുത്തുവന്നു. ഏലിയാമ്മയ്ക്കു് ദുരാലോചനയ്ക്കു ചില ദുഷ്ടന്മാരും ഇതിനിടയിൽ വന്നുചേൎന്നു. നമ്മുടെ തങ്കമ്മയോടു് ഏലിയാമ്മയ്ക്കു വിരോധത്തിനുള്ള കാരണം തൻെറ ഭൎത്താവിൻെറ സ്വത്തുക്കളുടെ സാക്ഷാൽ അവകാശി തങ്കമ്മയാണെന്നുള്ള സംഗതിമാത്രമാണു്. സാക്ഷാൽ സുശീലയും ദൈവഭക്തയുമായ നമ്മുടെ തങ്ക-

മ്മ ഇതൊന്നും അത്ര വകവച്ചിരുന്നില്ല. എന്തെല്ലാം ഇളയമ്മ പറഞ്ഞിരുന്നാലും തങ്കമ്മ അനുസരിച്ചു കീഴ്‌വഴങ്ങിയിരുന്നു. ഇതിനിടയ്ക്കു നമ്മുടെ ഏലിയാമ്മ രണ്ടാമതും പ്രസവിച്ചു. രണ്ടാമത്തെ പ്രസവം കഴിഞ്ഞതിന്റെ ശേഷം അവകാശകാര്യത്തിൽ ഇടവിടാതെ തന്റെ ഭർത്താവിനെ ഉപദ്രവിച്ചുകൊണ്ടിരുന്നു. യോശുവാ മുൻപറഞ്ഞ മറുപടികൊണ്ടുതന്നെ കാലം കഴിച്ചുവന്നു. ഏലിയാമ്മ ഇതിനിടയ്ക്കു് തങ്കമ്മയേയും ഭർത്താവിനേയും ഒന്നു തങ്ങളിൽതല്ലിക്കണമെന്നു നിശ്ചയിച്ചു് തന്റെ ഒരു ഇഷ്ടന്റെ ആലോചനയോടുകൂടി ഒരു സൂത്രം പ്രയോഗിച്ചു. ഇതു് ഒരു പരിഹാസകരമായ പരസ്യം ഒരു കടലാസ്സിൽ എഴുതിച്ചു തങ്കമ്മയുടെ ശയനഗൃഹത്തിന്റെ വാതുക്കൽ പതിപ്പിച്ചു എന്നുള്ളതായിരുന്നു. രാവിലെ പൊന്നപ്പൻ ഉണൎന്നു വെളിയ്ക്കിറങ്ങിയപ്പോൾ ഈ പരസ്യം കാണുന്നതിനു് ഇടയായി. അതു കയ്യിലെടുത്തു പൊന്നപ്പൻ മനസ്സിരുത്തി വായിച്ചു. തനിക്കു മനസ്സിലപ്പോൾ സ്വല്പം വല്ലായ്മ തോന്നിയെങ്കിലും തങ്കമ്മയെ വളരെ വിശ്വാസമുള്ളവനായ താൻ എന്തായാലും ഈ കടലാസു് തങ്കമ്മയെ ഒന്നു കാണിക്കണമെന്നു വിചാരിക്കാതിരുന്നില്ല. ആ സമയം നമ്മുടെ യോശുവാ ഉണൎന്നിട്ടില്ലായിരുന്നു. ഏലിയാമ്മ ഉണൎന്നു കുട്ടിക്കു മുലകൊടുത്തുംകൊണ്ടു വരാന്തയിൽ ഇരിക്കയായിരുന്നു. ഇതിനിടയ്ക്കു തങ്കമ്മ മുററം അടിച്ചടിച്ചു് പൊന്നപ്പൻ നില്ക്കുന്ന സ്ഥലത്തെത്തി. തൽക്ഷണം നമ്മുടെ പൊന്നപ്പൻ ഈ പരസ്യം തങ്കമ്മയുടെ കയ്യിൽകൊടുത്തു. തങ്കമ്മ അതു വായിച്ചു മനസ്സിലാക്കിയിട്ടു് വളരെ വ്യസനത്തോടുകൂടി "എന്റെ പ്രിയകാന്താ! ഈ ദേശത്തു് എന്നെ പരിചയമുള്ളവൎക്കൊക്കെ എന്നോടു വളരെ സന്തോഷമായിരുന്നു. എന്നാൽ ഇപ്പോൾ ഈ പരസ്യം കണ്ടിട്ടു് ഇനിക്കിവിടങ്ങളിൽ വിരോധികളും ഉണ്ടെ

ന്നു നിശ്ചയമായി തോന്നുന്നു” എന്നു മാത്രമേ പറയാനുള്ളു എന്നുപറഞ്ഞു. അതിനു പൊന്നപ്പൻ “പ്രിയേ! ആകട്ടെ ഈ പരസ്യത്തിലെ സംഗതികൾ വാസ്തവമാണോ എന്ന് എന്നോടു സത്യം പറയൂ” എന്നുപറഞ്ഞു.

ഇത്രയും പറഞ്ഞപ്പോൾ കൊച്ചുമാത്തൻ:—“അപ്പച്ചാ ഈ പരസ്യത്തിലെ സംഗതി എന്തായിരുന്നു” എന്നു ചോദിച്ചു.

അബ്രാഹം: അതു നിങ്ങൾക്കറിഞ്ഞിട്ടാവശ്യമില്ല. ഇടയ്ക്കുകയറിപ്പറയരുതെന്ന് നിന്നോടു ഞാൻ ഇന്നലെ പറഞ്ഞിരുന്നതു മറന്നുപോയോ?

കൊച്ചുമാത്തൻ:—അപ്പച്ചാ, ഞാൻ ഓർത്തില്ല. ഇനി മിണ്ടുകയില്ല. അപ്പച്ചൻ കഥ പറഞ്ഞുതീർന്നിട്ടേ ഇനി മിണ്ടുകയുള്ളു.

“അതിനു തങ്കമ്മ കരഞ്ഞുംകൊണ്ടു” എൻെറ പ്രിയകാന്താ! അവിടുന്ന് ഈ പരസ്യത്തിലെ സംഗതികൾ വാസ്തവമാണെന്നു വിശ്വസിക്കുന്നതായാൽ അതു എൻെറ നിർഭാഗ്യം മാത്രമാണ്,” എന്നുപറഞ്ഞു. ഇതു പൊന്നപ്പൻ കേട്ടിട്ട് “എൻെറ പ്രിയേ! നീ ഭോഷിയാണോ? ഇതിനെന്തിനാണു കരയുന്നതു്. ഞാൻ ‘കാളപെററന്നുകേട്ടു കയറെടുക്കുന്നവനാണോ’ വല്ലതുമാകട്ടെ; എങ്കിലും നിനക്ക് ഇവിടങ്ങളിൽ ശത്രുക്കൾ ഉണ്ടെന്നുള്ളതിനു് ഈ പരസ്യം ഒരു ലക്ഷ്യമാണ് എന്നു മാത്രമേ ഞാൻ വിശ്വസിക്കുന്നുള്ളു. ഏതെങ്കിലും ഇനിയും സൂക്ഷിച്ചാലു” എന്നുപറഞ്ഞു് അയാൾ ഈ പരസ്യം കയ്യിൽ വാങ്ങി കീറിക്കളഞ്ഞു.

ഈ സംഭവമൊക്കെ കണ്ടും കേട്ടുംകൊണ്ടിരുന്ന നമ്മുടെ ഏലിയാമ്മ കാര്യം പററിയില്ലല്ലോ എന്നുവിചാരിച്ച് ഉള്ളുകൊണ്ടു വ്യസനിച്ചു. തങ്കമ്മ മററം മുഴവൻ

അടിച്ചുംവച്ചു് തൻെറ ജോലികൾ പതിവുപോലെ ചെയ്തു. ഇങ്ങനെ കുറേ മാസങ്ങൾകൂടി കഴിഞ്ഞപ്പോൾ നമ്മുടെ ഏലിയാമ്മ മൂന്നാമത്തെ പ്രസവവും കഴിച്ചു. ഈ കാലത്തു നമ്മുടെ തങ്കമ്മയും ഗർഭപൂർണ്ണയായി ഒരു സുന്ദരനായ ആൺകുട്ടിയെ പ്രസവിച്ചു. ഈ കുട്ടിക്കു് കൊച്ചുയോശുവാ എന്നു പേരുമിട്ടു.

കൊച്ചുമാത്തൻ:—അപ്പച്ചാ, എനിക്കു ജ്ഞാനസ്നാനത്തിൽ ഇട്ട പേരു യോശുവായെന്നല്ലെ. മുൻപിലത്തെ ഒപ്രൂശ്ശുമാ തന്നപ്പോൾ മാക്കീൽ മെത്രാച്ചൻ അല്ലയോ എനിക്കു മത്തായി എന്ന പേരുകൂടി ഇട്ടതു്.

അബ്രാഹം:—(ദേഷ്യപ്പെട്ടുകൊണ്ടു്) അതേ. അതിനെന്തു്? യോശുവായെന്നു മററാർക്കും പേരിടാൻപാടില്ലേ. ഇപ്പോൾ ഈ ഭൂമിയിൽ എത്രപേർക്കു യോശുവായെന്നു പേരുണ്ടെന്നു നിനക്കറിയാമോ. നീ മിണ്ടാതിരുന്നു കേൾക്കാൻ നിന്നോടു ഞാൻ പലപ്പോഴും പറയുന്നുണ്ടു്. നിനക്കു ചൊല്ലുവിളിയില്ല. മാതാപിതാക്കൾ എന്തു പറഞ്ഞാലും അനുസരിക്കേണ്ടതു മക്കൾക്കുള്ള കടമയാകുന്നു. ഇനി ഞാൻ പറയുന്നതിൻെറ ഇടയ്ക്കു് അക്ഷരം മിണ്ടിയാൽ നീ തല്ലുകൊള്ളും. എൻെറ കഥപറയലും എല്ലാം നിത്തും. നിന്നെപ്പോലെയല്ലെ എൻെറ കൊച്ചന്നാമ്മ അവൾ എത്ര അടക്കത്തോടുകൂടിയിരുന്നു കേൾക്കുന്നു. ഇങ്ങനെ ഇടയ്ക്കുകയറി വല്ലതുമൊക്കെ പറഞ്ഞാൽ കഥയുടെ ചില ഭാഗങ്ങൾ എനിക്കു വിട്ടുപോകാൻ ഇടയുണ്ടു്. അതുകൊണ്ടു നല്ല ഓർമ്മയുണ്ടായിരിക്കണം എന്നു പറഞ്ഞുംവച്ചു് ഒന്നു മുരടനാക്കീട്ടു പറയുന്നു.

"ഇളയമ്മ ഈ കൊച്ചുയോശുവാ എന്ന കുട്ടിയെ സ്നേഹഭാവത്തിൽ വന്നെടുക്കുകയും സന്തോഷിപ്പിക്കയും മററും ചെയ്യുമെങ്കിലും ഉള്ളിലീ കുട്ടിയെ കാണുന്നതു സർപ്പത്തെ കണ്ട കീരിയെപ്പോലെയായിരുന്നു. നമ്മുടെ തങ്ക

മ്മയും പൊന്നപ്പനും തങ്ങളുടെ മകനെ വളരെ സ്നേഹി ച്ചിരുന്നു. നമ്മുടെ യോശുവായ്ക്കു് തൻെറ മകളായ തങ്ക മ്മയുടെ സീമന്തപുത്രനെ കാണുന്നതിലും എടുക്കുന്നതി ലും അസാമാന്യമായ സന്തോഷമുണ്ടായിരുന്നു. മക്കളുടെ മക്കൾ പിതാക്കന്മാരുടെ കിരീടം ആണെന്നു നമ്മുടെ യോശുവാ എപ്പോഴും പറയും. യോശുവാ തൻെറ മക ളെ എൻെറ കുട്ടിത്തങ്കമ്മയെന്നു ഓമനിച്ചു വിളിച്ചുവന്ന തു പോലെ ഈ കൊച്ചു യോശുവായെ എൻെറ കുഞ്ഞു മാണിക്കം എന്നു് ഓമനിച്ചു വിളിക്കാൻതുടങ്ങി. ഈ കുട്ടിയെ അപ്പൂപ്പനായ യോശുവാ ഒരു ദിവസത്തിൽ പല വട്ടം കയ്യിലെടുത്തു കൂടക്കൂടെ ചുംബിച്ചിരുന്നു. കൊച്ചു യോശുവായെ പ്രസവിച്ചതിൻെറ ഒൻപതാം ദിവസമാ ണു് നിക്കാപുരത്തു പള്ളിയിൽവച്ചു ജ്ഞാനസ്നാനം ചെ യ്യിച്ചതു്. അന്നു് ആ പള്ളിയിൽ ഒരു പെരുന്നാൾപോ ലെയും പഴവീട്ടിൽ ഒരു കല്യാണംപോലെയും കൊണ്ടാ ടി. കുഞ്ഞുമാണിക്കം എന്ന കുട്ടിക്കു് ആറുമാസം പ്രായ മായപ്പോൾ യോശുവാ ഈ കുട്ടിയുടെ പിള്ളയൂണടിയന്തി രവും എത്രയും ഭംഗിയായി നടത്തിച്ചു ഇങ്ങനെ ഇവർ എട്ടുപേരും സുഖത്തോടുകൂടി പാർത്തുവന്നു. ഏലിയാമ്മ ഈയിടയൊക്കെ അവകാശകാര്യത്തെപ്പററി ഭർത്താവി നെ നിർബ്ബന്ധിക്കാതിരുന്നില്ല. യോശുവാ അപ്പോഴെ ല്ലാം പഴയ മറുപടിതന്നെ പറഞ്ഞു കാലം കഴിച്ചുവന്നു. ഏറെ താമസിയാതെ ഏലിയാമ്മ നാലാമതും പ്രസവി ച്ചു. ഏലിയാമ്മയ്ക്കു് മൂന്നാൺകുട്ടികളും ഒരു പെൺകു ട്ടിയും കാലമായി. എന്നിട്ടും യോശുവാ യാതൊരേർപ്പാടും ചെയ്യാതിരുന്നതിനാൽ ഏലിയാമ്മയ്ക്കു ഭർത്താവിനോടു കുറെ രസക്കേടുമുണ്ടായി. നമ്മുടെ തങ്കമ്മയോടു് പണ്ട ത്തേതിൽ ഇരട്ടി വൈരാഗ്യവുമായി. യോശുവായ്ക്കു ഭാ ര്യയുടെ രസക്ഷയം കണ്ടപ്പോൾ ഒരു വിചാരം മനസ്സിൽ കടന്നുകൂടി. "ഏലിയാമ്മ പറയുന്നതും കാര്യമാണല്ലോ.

വല്ലതും ഒരേപ്പാട് ഇനിയെങ്കിലും ചെയ്യണ്ടേ? ഈ വസ്തുക്കളൊക്കെയും തങ്കമ്മയുടെ അമ്മയുടെപേക്കും തങ്കമ്മയുടെ പേക്കും ഉള്ളതാണല്ലൊ. തങ്കമ്മയെക്കൊണ്ടു വല്ലതും ഒരു ഓഹരി ഇവളുടെ പേക്കു കൊടുപ്പിക്കാമായിരുന്നു എന്നുവച്ചാലും അവളുടെ ഭത്താവു സമ്മതിക്കയില്ല. അങ്ങനെ കൊടുപ്പിക്കുന്നതും ന്യായമായ പ്രവൃത്തിയല്ല. എനിക്കു സ്വത്തുക്കൾ ഒട്ടുംതന്നെയില്ലായിരുന്നു. പിന്നെ ഇതൊക്കെ തങ്കമ്മയുടെ അമ്മയുടെ സ്ത്രീധനം കിട്ടിയതുകൊണ്ടും, അവളുടെ വീട്ടുകാരുടെ പെട്ടെന്നുണ്ടായ ഉന്നതികൊണ്ടും ഉണ്ടായിട്ടുള്ളതാകുന്നു. ഏതായാലും ഒന്നാലോചിച്ചുനോക്കാം. ഇങ്ങനെയൊക്കെ വിചാരിച്ചു് ഒരു രാത്രി തന്റെ ഭാര്യയായ ഏലിയാമ്മയോട് ഇണങ്ങി ഈ കാര്യത്തെപ്പറ്റി ആലോചിച്ചു. അതിന് ഏലിയാമ്മ "ഏതായാലും ഞാൻ വന്നു കയറിയ ഈ വീട്ടിൽനിന്നും വേറെയെങ്ങും പോകയില്ല. തങ്കമ്മയോടു എഴുതിത്തരാൻ പറയൂ. അല്ലെങ്കിൽ ആട്ടിപ്പുറത്താക്കു. നിങ്ങൾക്കു ചുണയില്ലാഞ്ഞിട്ടല്ലെ അവൾ താഴെയെങ്ങും കിടക്കാത്തതു്. ഇന്നലെ അവൾ എന്തെല്ലാമൊക്കെ എന്നെപ്പറഞ്ഞു. ആണുങ്ങൾ കെട്ടിയിരുന്നെങ്കിൽ ഞാൻ ഇതൊന്നും കേൾക്കുകയില്ലായിരുന്നു. എന്നെയും പിള്ളരെയും ഇവിടെനിന്നു ഇറക്കീട്ടു കെട്ടിയവനും അവൾക്കുംകൂടി സുഖിക്കാമെന്നാണു് അവളുടെ വിചാരം. ഇന്നാളൊരുദിവസം അവളുടെ മാപ്പിളയോട് ഈ പറമ്പും പുരയും അവളുടെ അമ്മയുടേതാണെന്നും ഈ വസ്തുവിന്റെ ആദായംകൊണ്ടാണു്, നമ്മുടെ ശേഷം വസ്തുക്കൾ വാങ്ങിച്ചതെന്നുംമറ്റും ഗുണദോഷിക്കുന്നതു കേട്ടു. നിങ്ങളുടെ സ്വത്തുക്കളൊക്കെ നശിച്ചുപോയ കാലത്താണു് അവളുടെ അമ്മ ഇവിടെ വന്നു കയറി ഇതെല്ലാം ഉണ്ടാക്കിയതെന്നും പറഞ്ഞു. മകളെ പതത്തിനു നിർത്തിയില്ലെങ്കിൽ ഞാൻ നിൽത്തും. അപ്പ

ൻറയും മകളുടെയും ശാസന കേൾക്കാൻ എന്നെക്കൊണ്ടു ശേഷിയില്ല. ഇത്ര നല്ല ഗുണവതിയായുമുള്ള മകള്.........ഞാനിങ്ങനെയൊന്നും വിചാരിച്ചിരുന്നില്ല. പേരു കഴിഞ്ഞപ്പോൾ പെണ്ണു നിലത്തെങ്ങുമല്ല. ഞാനിങ്ങനെയെങ്ങും കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല. ഒരു നാണവും മാനവുമില്ലാത്ത കെട്ടിയവനും ഒരു ഓമനക്കാരവും കൂടിയായപ്പോൾ എല്ലാം ഒത്തു. അവളെ എവിടെ എങ്കിലും മാററിപ്പാർപ്പിക്കണം. എനിക്കിങ്ങനെ ദിവസവും കിടന്നു മല്ലടിക്കാൻപാടില്ല എന്നും മററും പുലമ്പിക്കൊണ്ടു പറഞ്ഞു.

യോശുവാ "പെൺപുത്തികേട്ടു പുരണ്ടു" കട്ടിലിൽനിന്നു ദേഷ്യത്തോടുകൂടി എഴുന്നേററു നമ്മുടെ തങ്കമ്മയേയും പൊന്നപ്പനേയും വളരെയൊക്കെ ശകാരിച്ചു. ഇതൊക്കെ കേട്ടുംകൊണ്ടു തങ്കമ്മയും ഭർത്താവും അടുത്ത മുറിയിൽ കിടക്കുകയായിരുന്നു. "പെറേറമ്മ ചത്താൽ പെററപ്പൻ ചിററപ്പൻ" എന്ന "പഴഞ്ചൊല്ലിൽ പതിരില്ലെ"ന്ന് നമ്മുടെ തങ്കമ്മ ഉള്ളിലോർത്തു വ്യസനിച്ചു. എല്ലാം ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങി. പൊന്നപ്പനും തങ്കമ്മയും അന്നുരാത്രി ഒരുവിധം കഴിച്ചുകൂട്ടി. പിറേറദിവസം പ്രഭാതമാകുന്നതുവരെ ഏലിയാമ്മ യോശുവായെ തലയണമന്ത്രം ഓതിയോതി വശത്താക്കി. നേരം പ്രഭാതമായപ്പോൾ തങ്കമ്മയുടെ മുഖത്തുനോക്കീട്ടു യോശുവാ ഒരക്ഷരംപോലും മിണ്ടിയില്ല. എന്നാൽ ഏലിയാമ്മ തങ്കമ്മയോടു എതിരിടുന്നതിനു തുടങ്ങാതിരുന്നില്ല. പുത്രിയോടുണ്ടായിരുന്ന അതിരററ വാത്സല്യം വിട്ടുമാറാഞ്ഞതിനാൽ അവളുടെ മുഖത്തു നോക്കി വ്യസനമുണ്ടാകത്തക്കതായ ഒരു വാക്കുപോലും പറവാൻ യോശുവായ്ക്കു ധൈര്യമുണ്ടായിരുന്നില്ല. അതുപോലെതന്നെ ആ പഴവീടുപുരയിടവും അതിൽനില്ക്കുന്ന വീടും തങ്കമ്മ തൻറപേക്ക് എഴുതിത്തര

ണമെന്നു യോശ്ശുവാ ആവശ്യപ്പെട്ടതുമില്ല. സമാധാന
മില്ലാത്ത കുടുംബം ചെറിയ നരകമെന്ന കണക്കെ നമ്മു
ടെ "പഴവീട്" ഒരു കാണപ്പെട്ട നരകമായിത്തീൎന്നു.
യോശ്ശുവാ മകളോട് ഒന്നും മിണ്ടുകയില്ല. അവളുടെ
കുട്ടിയെ എടുക്കയോ സന്തോഷിപ്പിക്കയോ ചെയ്കയില്ല
ഏലിയാമ്മ മിക്കദിവസങ്ങളിലും തങ്കമ്മയോടു ശണ്ഠയി
ട്ടും പൊന്നപ്പനോടും ക്രമംവിട്ടു സംസാരിക്കും. രാ
ത്രിതോറും ഏലിയാമ്മ ഭൎത്താവിനോടു തങ്കമ്മയേയും
പൊന്നപ്പനേയും പററി പലതുമൊക്കെ ഏഷണി പറ
യും. ഇങ്ങനെ നമ്മുടെ തങ്കമ്മയും ഭൎത്താവും വളരെ
വ്യാകുലതയോടുകൂടി കാലം കഴിച്ചുവന്നു. ചിലപ്പോൾ
തങ്കമ്മതന്നത്താനെ ഇരുന്നുകരയും തന്റെ പ്രിയതമൻ
ആശ്വസിപ്പിക്കും. ഇങ്ങനെ സഹിച്ചുസഹിച്ച് ഒരു
ദിവസം അൎദ്ധരാത്രി പൊന്നപ്പൻ ഉണൎന്നു തങ്കമ്മയെ
വിളിച്ചുണൎത്തിക്കൊണ്ടു താഴെ പറയുംപ്രകാരം പറഞ്ഞു:
"എന്റെ പ്രിയതങ്കമ്മെ, നാം ഇനി എന്താണു ചെയ്യേ
ണ്ടതു്. ഇവിടം ഇനിക്കൊരു നരകംപോലെതന്നെ തോ
ന്നുന്നു. എന്റെ വീട്ടിലേക്കു ഞാൻ പൊയ്ക്കളയാമായി
രുന്നു എന്നു വിചാരിച്ചിട്ടു നിന്നെ തന്നെ ഈ ദുഃഖസാ
ഗരത്തിൽ ഇട്ടുംവച്ചു പോകുന്നതിന് എന്റെ മനസ്സു സ
തിക്കുന്നില്ല. നിന്നേയും കുട്ടിയേയുംകൂടി കൊണ്ടുപൊയ്ക്ക
ളയാമെന്നു വിചാരിച്ചാൽ നിന്റെ അപ്പച്ചൻ അതിനു
സമ്മതിക്കുമെന്നു തോന്നുന്നില്ല. ഞാനെന്റെ അവകാശ
മൊക്കെ വാങ്ങിച്ചുകൊണ്ടു വീട്ടിൽനിന്നു പിരിഞ്ഞിരി
ക്കുന്ന മുറയ്ക്ക് തിരിച്ചു വീട്ടിലേയ്ക്കു ചെല്ലുന്നതുപോരായ്ക
യുമാണു്. ഇതുകൂടാതെ ഈ സംഗതികൾ അവിടെ എ
ല്ലാവരും അറിയുന്നതിനു ഇടയാകയും ചെയ്യും." അതി
നു മറുപടിയായി തങ്കമ്മ "എന്റെ പ്രിയവല്ലഭാ! ഇവി
ടെത്തന്നെ ഈ ദുഃഖങ്ങൾ അനുഭവിച്ചു പാൎക്കുന്നതാണു്
നമുക്കെല്ലാംകൊണ്ടും നല്ലതു്. ഇതൊക്കെ നമ്മുടെ ദോ

ഷപ്രായശ്ചിത്തം അല്ലെങ്കിൽ ദൈവതിരുമനസ്സ് എന്നു വിചാരിക്കുക. എല്ലാം ക്ഷമിച്ചു സഹിച്ചാൽ പരലോകത്തിൽ സുഖമനുഭവിക്കാം. നാം ചെറുപ്പത്തിൽ അനുഭവിച്ച സുഖത്തിന്റെ എതിരായ ദുഃഖമാണിതു്. അതുകൊണ്ടു ഇവിടെത്തന്നെ ക്ഷമിച്ചുപാർക്കാം. അല്ലെങ്കിൽ നമ്മുടെ പുത്തൻവീടു പാട്ടത്തിനേററിരുന്നയാൾ ഒഴിഞ്ഞിരിക്കുകയാണു്. അവിടെ ഒരു ചെറിയ പുരയും ഉണ്ടല്ലോ. അപ്പച്ചനോടു ചോദിച്ചിട്ടു നമുക്കു അങ്ങോട്ടു മാറിത്താമസിക്കാം. നമ്മുടെ ചിലവിനു അവിടത്തെ നാളികേരംകൊണ്ടു മതിയാകയില്ല. അപ്പച്ചൻ നമുക്കു ചിലവിനു് വല്ലതുംകൂടി തരാതിരിക്കുമോ. ഞാൻ നാളെച്ചോദിച്ചറിയാം. അതുകൊണ്ടു മനസ്സമാധാനത്തോടുകൂടി കിടന്നുറങ്ങു" എന്നുപറഞ്ഞുംവെച്ചു് അവർ രണ്ടാളും വീണ്ടും കിടന്നുറങ്ങി

പിറേറദിവസം നേരം പ്രഭാതമായപ്പോൾ നമ്മുടെ തങ്കമ്മ തന്റെ ഭർത്താവൊരുമിച്ചു് ഉഷഃകാലജപം മുതലായവ ചെയ്തുംവച്ചു് മന്ദംമന്ദം നടന്നു് പിതാവിന്റെ ശയനഗൃഹവാതുക്കൽ ഹാജരായി നിന്നു. യോശുവാ അന്നും ഏലിയാമ്മയുടെ ഉപദേശം കേട്ടുകേട്ടു് ഉറങ്ങാൻവളരെ താമസിച്ചുപോയിരുന്നതിനാൽ നേരം കുറെ അധികം പുലന്നിട്ടശേഷം മാത്രമെ ഉണന്നുള്ളു. യോശുവാ ഉണന്നു പുതപ്പും പുതച്ചുകൊണ്ടു് എഴുന്നേററു കട്ടിലിൽ ഇരുന്നു. ഒന്നു മുരുക്കി കഴിഞ്ഞപ്പോൾ തങ്കമ്മ പയ്യെ അകത്തു കയറി പിതാവിന്റെ കട്ടിലിനരികെ ചെന്നു പിതാവിനു സ്തുതിചൊല്ലി ഉടനെ യോശുവാ യൊന്നു മൂളീട്ടു "എന്താ പിന്നെ സുഖമാണോ? മാപ്പിളയെ ഒരിക്കലും പുറത്തുവിടുകയില്ലെ. അവനെന്താ വല്ലതും വേല ചെയ്താൽ. ഇട്ടുതടിപോലെ ഇരിക്കുന്നവനു കാപ്പിക്കും പലഹാരത്തിനും ഇവിടെ കുറവില്ല. അതാണു് അ

വൻ എപ്പോഴും കസേരയിൽ കയറി കൊഞ്ചിക്കുഴഞ്ഞിരിക്കുന്നതു്. നീയൊരുത്തിയാണു അവനെ ഇത്ര നിഗളിയാക്കിത്തീൎത്തതു്. രാത്രിയിൽ ചെവിതലകേട്ടു് ഈ മുറിയിൽ കിടന്നുറങ്ങാമോ എന്തൊന്നാ ഇത്ര വലിയ വൎത്തമാനം. അവനെന്താ ഇത്രയൊക്കെ ചാടുന്നതു്" എന്നൊക്കെപറഞ്ഞു. ഇതിനു നമ്മുടെതങ്കമ്മ യാതൊരു മറുപടിയും പറയാതെ കട്ടിലിന്റെ ഒരുവശത്തേക്കു മാറിനിന്നു. "പിന്നെന്താ നിങ്ങളിത്ര രാവിലെ പതിവില്ലാതെ എന്റെ അടുക്കൽ വന്നതു്" എന്നു യോശുവാ നമ്മുടെ തങ്കമ്മയോടു ഹാസ്യഭാവത്തിൽ വീണ്ടും ചോദിച്ചു.

ഏലിയാമ്മ. അപ്പോൾ ആ മുറിയിലില്ലായിരുന്നതുകൊണ്ടു തങ്കമ്മയ്ക്കു തന്റെ പിതാവിനോടു സംസാരിക്കാൻ നല്ല സൌകൎയ്യം ഉണ്ടായിരുന്നു. പിതാവു് ഇങ്ങനെ ഹാസ്യമായി പറഞ്ഞതുകേട്ടിട്ടും ഒന്നും മിണ്ടിയില്ല. വീണ്ടും യോശുവാ എന്താ തങ്കമ്മെ കാൎയ്യം പറയൂ എന്നു പറഞ്ഞപ്പോൾ വളരെ താഴ്മയോടുകൂടി നെടുവീൎപ്പിട്ടുംകൊണ്ടു്, സാവധാനത്തിലായിട്ടു് "അപ്പച്ചാ ഞാനും, കൊച്ചുയോശുവായുടെ അപ്പച്ചനും, കുഞ്ഞുംകൂടി നമ്മുടെ പുത്തൻവീട്ടിലേയ്ക്കു മാറിത്താമസിക്കട്ടെ. ഇപ്പോൾ അവിടെ ആരുമില്ലല്ലൊ. വൃഥാ പൂട്ടിയിട്ടിരിക്കുകയല്ലെ. അവിടുത്തെ തെങ്ങിലുള്ള തേങ്ങാ മുഴുവൻ കള്ളന്മാർ കൊണ്ടുപോകയില്ലെ? ഇവിടെ അപ്പച്ചനും ഇളയമ്മയും മററും ഉണ്ടല്ലൊ. ആ പറമ്പും വീടും വൃഥാ കളയുന്നതെന്തിനാണു്. ഇവിടെനിന്നും അരനാഴിക ദൂരമേയുള്ളല്ലൊ. പിന്നെ ഇങ്ങോട്ടു ഞങ്ങൾ പോരണമെങ്കിൽ പോരുകയും ചെയ്യാമല്ലൊ" എന്നു തങ്കമ്മ പറഞ്ഞു.

വല്ലവിധവും ഈ ബാധ ഒഴിഞ്ഞുപോകട്ടെ എന്നു വിചാരിച്ചുകൊണ്ടു യോശുവാ "തങ്കമ്മെ! ഞാനങ്ങോട്ടു

മാറിത്താമസിക്കണമെന്നു വിചാരിക്കുകയായിരുന്നു. പിന്നെ ആലോചിച്ചതിൽ ആ സ്ഥലവും നിൻെറ അമ്മയുടെ പേർക്കുള്ളതാകയാൽ ഇപ്പോൾ ഉപേക്ഷിച്ചിരിക്കുകയാണു്. നിനക്കു താല്പൎയ്യമുള്ള പക്ഷം ഞാൻ വിരോധിച്ചാൽ ഇപ്പോൾ നടക്കുന്ന കാലമാണോ? ഏതായാലും അടുത്ത തിങ്കളാഴ്ച അങ്ങോട്ടു മാറിത്താമസിച്ചാൽ മതി. നീ അങ്ങോട്ടുപോയാൽ നിൻെറ ചിലവിനു അവിടുത്തെ നാളികേരം മതിയാകയില്ലെങ്കിൽ മാസംപ്രതി ഞാൻ ഏഴുരൂപാകൂടി കൊടുത്തയയ്ക്കാം. അതുകൊണ്ടും തികയാതെവന്നാൽ കെട്ടിയവൻ വല്ല വേലയ്ക്കും പോകുവാൻ പറയണം. അവൻ ഉടുത്തു ചമഞ്ഞുകൊണ്ടു നടന്നാൽ മതിയോ" എന്നു പറഞ്ഞു.

തങ്കമ്മയ്ക്കു തൻെറ പിതാവിൽനിന്നും ഈ മറുപടി കിട്ടിയപ്പോൾ കോഴിക്കുഞ്ഞിനെ കിട്ടിയ പരുന്തിനെപ്പോലെ തൃപ്തിയായിത്തീൎന്നു. യോശുവാ പഴവീടു തൻെറ ഭാൎയ്യയ്ക്കും മകൾക്കും കൊടുപ്പിക്കാമെന്നു വിചാരിക്കുകയും ചെയ്തു.

രണ്ടുമൂന്നു ദിവസംകൂടി തങ്കമ്മയും ഭൎത്താവും കുട്ടിയും ആ പഴവീട്ടിൽ പാൎത്തു. ഏലിയാമ്മ ഈ വൎത്തമാനങ്ങൾ തൻെറ ഭൎത്താവിൽനിന്നറിഞ്ഞപ്പോൾ വളരെ സന്തോഷിച്ചു, തങ്കമ്മയോടു് ഇണങ്ങിക്കൂടി. ഗുണവതിയായ തങ്കമ്മയും പൊന്നപ്പനും ഇളയമ്മയോടു പൊരുതിപറഞ്ഞു. എല്ലാവരും വളരെ സന്തോഷത്തോടുകൂടി ബാക്കിയുണ്ടായിരുന്ന ദിവസം കഴിച്ചശേഷം നിശ്ചയിക്കപ്പെട്ട തിങ്കളാഴ്ച, അതിരാവിലെ തങ്കമ്മയേയും പൊന്നപ്പനേയും കുട്ടിയേയും യോശുവായും ഏലിയാമ്മയുംകൂടെ പുത്തൻവീട്ടിൽകൊണ്ടു പാൎപ്പിച്ചു. അന്നു യോശുവായുടെപേൎക്കു പുത്തൻവീട്ടിൽവച്ചു് ഒരു സദ്യയും നടത്തിച്ചു.

യോശ്ശുവായും ഏലിയാമ്മയും അന്നു സന്ധ്യയോടു കൂടി തിരികെ പഴവീട്ടിലെത്തി സന്തോഷത്തോടുകൂടി താമസിച്ചു. നമ്മുടെ തങ്കമ്മ തന്റെ വീട്ടിൽനിന്നും കൊണ്ടുവന്ന തിരുകുടുംബസ്വരൂപം, അലങ്കരിച്ച പുത്തൻവീട്ടിൽ ഒരു മുറിയിൽ സ്ഥാപിച്ചശേഷം രാത്രിയിൽ പ്രാത്ഥന മുതലായവകഴിഞ്ഞു പ്രിയതമൻ കൊച്ചുയോശ്ശുവാ ഇവർ ഒരുമിച്ചു തന്റെ പുതിയ വീട്ടിൽ താമസിക്കാൻ തുടങ്ങി ഇങ്ങനെ ഇവർ രണ്ടുവീട്ടിലായി ആറുമാസക്കാലം പാത്തുവന്നു. ഇതിനിടയ്ക്കു് ഏലിയാമ്മ മിക്ക ദിവസങ്ങളിലും പുത്തൻവീട്ടിൽവന്നു തങ്കമ്മയേയും മററും അന്വേഷിക്കയും ചിലപ്പോൾ ഇവക്കു വിശേഷകറിസാമാനങ്ങളും പലഹാരങ്ങളും ഏലിയാമ്മതന്നെ കൊണ്ടുകൊടുക്കയുംചെയ്യും. യോശ്ശുവായും ചില സമയങ്ങളിൽ പുത്തൻവീട്ടിൽവരും. തങ്കമ്മ തന്റെ പിതാവിനെ സല്ക്കരിക്കുന്നതിൽ എപ്പോഴും അതിതല്പരയായിരിക്കും. മാസംപ്രതി കണിശമായി ഏഴുരൂപാ ഏലിയാമ്മതന്നെ തങ്കമ്മവശം കൊണ്ടുകൊടുക്കും. പുത്തൻവീട്ടിലെ നാളികേരവും തങ്കമ്മ ഇടുവിക്കും. എല്ലാംകൂടി തങ്കമ്മയ്ക്കും ഭത്താവിനും കുട്ടിക്കും സുഖമായി ചിലവിനു മതിയായിരുന്നു. തങ്കമ്മയുടെ ഭത്താവു മെട്റിക്കുലേഷൻ പരീക്ഷയിൽ ജയിച്ചിട്ടുള്ള ഒരാളാണെങ്കിലും തങ്കമ്മ അദ്ദേഹത്തെ ഒരു ജോലിക്കും വിടുകയില്ല. അയാൾ വീട്ടിലിരുന്നു വല്ല പത്രങ്ങളിലും പ്രസിദ്ധം ചെയ്യിക്കാനുള്ള ലേഖനങ്ങൾ എഴുതുകയോ ചില ചില്ലറ വീട്ടുജോലികൾ ചെയ്യുകയോ അല്ലാതെ ഒരു ജോലിയും ചെയ്തുവന്നില്ല. ഏലിയാമ്മ പഴവീടു തന്റെ പേക്കു് എഴുതിക്കിട്ടുന്നതിനു ഭത്താവിനെ ദിവസേന നിർബന്ധിച്ചിരുന്നു. അതുകൊണ്ടു യാതൊരു ഫലവും ഉണ്ടാകാഞ്ഞതിനാൽ തങ്കമ്മയോടു തന്നെ ഈ സംഗതി പറയാമെന്നും അവൾ പരമാത്ഥ

യാകയാൽ എഴുതിത്തരുമെന്നും നിശ്ചയിച്ച് ഒരുദിവസം പുത്തൻവീട്ടിൽവന്നു. പൊന്നപ്പൻ അവിടെഇല്ലാതിരുന്നതായ ആ സമയത്തു തങ്കമ്മയോടികാര്യം പറഞ്ഞു. അതിനു തങ്കമ്മ ഇളയമ്മെ! ആ പഴവീട് എൻെറ അമ്മച്ചിയുടെ വകയാണ്. അതു ഞാൻ മരിക്കുന്നതുവരെ എഴുതുകയില്ല. വേറെ ഏതെങ്കിലും ഒരു നല്ല പുരയിടം എഴുതിത്തരാം എന്നു പറഞ്ഞു. ഇങ്ങനെ തങ്കമ്മയുടെ ഉള്ളിലിരുന്നതു ഏലിയാമ്മ മനസ്സിലാക്കി ഒന്നും മിണ്ടാതെ ഇറങ്ങി പഴവീട്ടിലേക്കു മടങ്ങിപ്പോയി.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഏലിയാമ്മ സ്നേഹഭാവത്തിൽ വീണ്ടും പുത്തൻവീട്ടിൽ വന്നുതുടങ്ങി. പിന്നീട് ഈ കാൎയ്യത്തെപ്പററി ഒന്നും പറഞ്ഞിട്ടുമില്ല. ഇങ്ങനെയിരിക്കെ ഒരു ദിവസം ഏലിയാമ്മ വെള്ളയപ്പം (കള്ളപ്പം) എന്ന പലഹാരമുണ്ടാക്കി തൻെറ ഭൎത്താവിനും കുട്ടികൾക്കും കൊടുത്തുംവച്ച് കുറെ അപ്പങ്ങൾ, ഒരു പാത്രത്തിൽ എടുത്തു തങ്കമ്മയ്ക്കും മററുമായി പുത്തൻവീട്ടിൽ കൊണ്ടുകൊടുത്തു. അപ്പോൾ പൊന്നപ്പൻ അവിടെ ഇല്ലായിരുന്നതുകൊണ്ടു തങ്കമ്മ ഈ അപ്പം പാത്രത്തോടെ എടുത്തു മേശപ്പുറത്തു കൊണ്ടു മൂടിവച്ചു. ഏലിയാമ്മ കുറച്ചു നേരം അവിടെയിരുന്നു സംഭാഷണം ചെയ്തശേഷം യാത്രപറഞ്ഞു പഴവീട്ടിലേക്കു പോയി.

കൊച്ചു യോശുവാ ഈ അപ്പം കൊണ്ടുവന്നതു കണ്ട് അപ്പത്തിനായി നിലവിളിക്കാൻ തുടങ്ങി. ഏതായാലും ഒന്നെടുത്തു കുട്ടിക്കു കൊടുക്കാമെന്നു വിചാരിച്ച് അകത്തെ മുറിയിലേക്കു കയറിച്ചെന്നു മേശപ്പുറത്തുനോക്കിയപ്പോൾ അപ്പം മൂടിവെച്ചിരുന്ന പാത്രം തുറന്നു കിടക്കുന്നു. അയ്യോ! ഒരപ്പവും കടിച്ചുപിടിച്ചുകൊണ്ടല്ലേ പൂച്ച കിടന്നുറങ്ങുന്നതു് എന്നു പറഞ്ഞുകൊണ്ടു താഴേക്കി

ടന്ന പൂച്ചയെ തങ്കമ്മ തൻെറ കാലുകൊണ്ടു ഒന്നു പയ്യെത്തട്ടി. പൂച്ച എന്നിട്ടും അനങ്ങുന്നില്ല. കഷ്ടം! പൂച്ച അപ്പം തിന്നു ചത്തുപോയോ. ഇതെന്തത്ഭുതം എന്നു തന്നോത്താൻ പറഞ്ഞുകൊണ്ടു കുനിഞ്ഞു പൂച്ചയെ കയ്യിലെടുത്തുനോക്കി പൂച്ച ചത്തെന്നു മനസ്സിലാക്കി. ഇതിൻെറ രഹസ്യം മനസ്സിലാക്കണമെന്നുദ്ദേശിച്ചു പാത്രത്തിൽ ഇരുന്ന അപ്പങ്ങളിൽനിന്ന് ഒന്നിനെ മുറിച്ചു ഒരു കഷണമെടുത്തു മുറ്റത്തു പറന്നിരുന്ന ഒരു കാക്കയ്ക്കു ഇട്ടുകൊടുത്തു. കാക്ക ആ അപ്പക്കഷണം തൽസമയം കൊത്തിത്തിന്നുകയും ഉടനെതന്നെ പിറകോട്ടു മലൻവീണ് ക്രാ ക്രാ എന്നു രണ്ടുപ്രാവശ്യം ശബ്ദിച്ചശേഷം ചാകുകയും ചെയ്തു. ഇതുകണ്ടപ്പോൾ തങ്കമ്മ നന്നാ പരിഭ്രമിച്ചു. അപ്പത്തിനു നിലവിളിക്കുട്ടിയ കൊച്ചുയോശുവായെ തങ്കമ്മ ചത്തപൂച്ചയേയും കാക്കയേയും കാണിച്ചിട്ട് "ഈ പൂച്ചയും കാക്കയും ചത്തുകിടക്കുന്നതുപോലെ നീയും ഈ അപ്പം തിന്നാൽ ചത്തുപോകും" എന്നു പറഞ്ഞിട്ടും മൂന്നു വയസ്സുമാത്രം പ്രായമുള്ള ഈ കുട്ടിയുടെ കരച്ചിൽ നിന്നില്ല. ഉടനെ തങ്കമ്മ തൻെറ മകൻ കരയുമ്പോൾ കയ്യിലെടുത്തുകൊടുക്കാറുള്ള കുരിശുരൂപമെടുത്തു കൊടുത്തു. അപ്പോൾ കുട്ടി പതിവുപോലെ കരച്ചിൽനിറുത്തി ആ കുരിശുരൂപം ചുംബിക്കുകയും തൻെറ അമ്മയെ ചുംബിപ്പിക്കുകയും ചെയ്തു.

അതിൻെറശേഷം തങ്കമ്മ തൻെറ കുട്ടിയൊരുമിച്ചു തങ്ങളുടെ പുരമുറിയിൽ പൂജ്യമായി വച്ചിരിക്കുന്ന തിരുകുടുംബസ്വരൂപങ്ങളുടെ മുൻപാകെ മുട്ടുകുത്തി തന്നേയും കുട്ടിയേയും മരണത്തിൽനിന്നും രക്ഷിച്ചതിനായി ദൈവത്തിനു വളരെ സ്തോത്രം ചെയ്തു. തദനന്തരം തൻെറ കുട്ടിയെ മടിയിൽ കിടത്തിക്കൊണ്ടു "എൻെറ ഓമനമകനായ കൊച്ചുയോശുവാ! നിൻെറ കരച്ചിലും സ

ന്തോഷവുമൊക്കെ ഇന്നവസാനിച്ചെന്നെ” എന്നു നെടുവീൎപ്പിട്ടുകൊണ്ടു പറഞ്ഞു. ഈ വാക്യം അഞ്ചലാപ്പീസിൽ പോയി തിരിച്ചു വീട്ടിലേക്കു കയറിവന്ന പൊന്നപ്പന്റെ ചെവിയിൽ പെടാതിരുന്നില്ല. ഉടനെ പൊന്നപ്പൻ സ്വല്പം വല്ലായ്മയോടുകൂടി തങ്കമ്മേ! നീ എന്തൊന്നാ കുഞ്ഞിനോടു വല്ലതുമൊക്കെ പറയുന്നത്. ഇതെന്താ നമ്മുടെ മുററത്ത് ഒരു കാക്ക ചത്തുകിടക്കുന്നുവല്ലോ എന്നും പറഞ്ഞുകൊണ്ട് അകത്തെ മുറിയിലേക്ക് കയറിച്ചെന്നു. അപ്പോൾ തങ്കമ്മ ആദ്യം ഊണുകഴിച്ചോട്ടെ. സംഗതികളൊക്കെ പിന്നെപ്പറയാം എന്നു പറഞ്ഞുംവെച്ച് ഉടനെ പൊന്നപ്പനു ഭക്ഷണം കൊണ്ടു കൊടുത്തു. ആ ചോറ് പൊന്നപ്പനും തന്റെ മകനായ കൊച്ചുയോശുവായുംകൂടി ഊണുകഴിച്ചു. ഉണ്ണുന്നതിനിടയ്ക്ക് കൊച്ചുയോശുവാ കൂടക്കൂടെ “അപ്പച്ചാ......അപ്പം........അമ്മാമ്മ........പൂച്ച അത്തു ......കാക്ക അത്തു ..അമ്മച്ചി.........അമ്പാട്ടി അന്നു” എന്നൊക്കെ പറഞ്ഞു. ഇതു എന്തൊന്നാ കുഞ്ഞു പറയുന്നതെന്നു പൊന്നപ്പൻ തങ്കമ്മയോടു ചോദിച്ചു. അപ്പോഴും തങ്കമ്മ “ഉണ്ടോട്ടെ കാൎയ്യമൊക്കെപ്പറയാം” എന്നുതന്നെ മറുപടി പറഞ്ഞു. ഭക്ഷണംകഴിഞ്ഞു പൊന്നപ്പൻ എഴുന്നേററപ്പോൾ അവിടെ ചത്തുകിടന്ന പൂച്ചയെ കാണുന്നതിനിടയായി. “അയ്യോ എന്റെ പൂച്ചയ്ക്ക് എന്തുപററി. അതാണല്ലോ കുഞ്ഞുപറഞ്ഞത്. ഞങ്ങൾ ചോറുണ്ടപ്പോൾ ഈ പൂച്ചയെ കാണാഞ്ഞതും ഇതാണല്ലോ” എന്നുപറഞ്ഞു.

തങ്കമ്മ കട്ടുതിന്നാൽ ഇങ്ങനെയിരിക്കും എന്നു മാത്രം പറഞ്ഞു. പൊന്നപ്പൻ “പൂച്ച കട്ടുതിന്നതിനു അതിനെ നീ തല്ലിക്കൊന്നോ? കഷ്ടം! അതിനെന്തറിയാം. നീ ഇങ്ങനെ ജന്തുക്കളെ ഉപദ്രവിക്കുന്നവളല്ലായി

രുണ്ടുവല്ലോ. ഈ സാധുവിനെ എന്തിനു കൊന്നു. ഇതൊക്കെ പാപമാണു്." എന്നു പറഞ്ഞുംവെച്ചു് തൻെറ കുട്ടിയേയുമെടുത്തു മുററത്തിറങ്ങിയപ്പോൾ ചത്തുകിടക്കുന്ന കാക്കയെ വീണ്ടും കണ്ടു. ഹ! ഇതെന്തുകഷ്ടം! "അകത്തൊരു പൂച്ച പുറത്തൊരു കാക്ക" ഇത്രയും പറഞ്ഞപ്പോൾ തങ്കമ്മ "കൈകഴുകിയുംവച്ചു വേഗം വന്നാട്ടെ; വെള്ളയപ്പം ഒന്നുരണ്ടു തിന്നാലും" എന്നു പറഞ്ഞു. ഇതുകേട്ടു പൊന്നപ്പൻ കുട്ടിയേയുംകൊണ്ടു അകത്തേയ്ക്കു കയറി കട്ടിലിൽ ചെന്നിരുന്നു. തങ്കമ്മ അപ്പം പാത്രത്തോടെ പൊന്നപ്പൻെറ അടുക്കൽ കൊണ്ടുവച്ചു. പൊന്നപ്പൻ ചിരിച്ചുംകൊണ്ടു് "ഇതെട്ടുപത്തുണ്ടല്ലൊ...... വർത്തമാനമൊക്കെ പിന്നീടറിയാം. എനിക്കു വളരെ സന്തോഷമുള്ള പലഹാരം. ഇതിൽ രണ്ടു തിന്നിട്ടാട്ടെ" എന്നുപറഞ്ഞു് ഒരു അപ്പം കയ്യിലെടുത്തു. ആ അപ്പത്തോടുള്ള ആഗ്രഹത്താൽ പൊന്നപ്പനെടുത്ത അപ്പത്തെ കൊച്ചുയോശുവാ കേറിപ്പിടിച്ചു. ഇവരുടെ ഈ പിടിയും വലിയും കണ്ടുകൊണ്ടു തങ്കമ്മ പരിഭ്രമത്തോടുകൂടി തൻെറ രണ്ടു കൈകൊണ്ടും അപ്പത്തേലും ഇവരുടെ കൈകളിലുംകൂടി പിടിച്ചിട്ടു് കൊതിക്കു പതം, എന്നു പഠിച്ചിട്ടില്ലെ. എന്നെ വിധവയാക്കാൻ വിചാരമുണ്ടെങ്കിൽ മാത്രം അപ്പം തിന്നാൽ 'മതി' എന്നു പറഞ്ഞു.

ഇത്രയും കേട്ടപ്പോൾ പൊന്നപ്പൻ എന്താ് തങ്കമ്മെ കാര്യം പറയു. ഞാൻ തിന്നുകയില്ല, കയ്യിൽനിന്നും വിട്ടാട്ടെ എന്നു പറഞ്ഞിട്ടു് അതുടനെ താഴെയിട്ടു. അപ്പോൾ തങ്കമ്മ എൻെറ പ്രിയകാന്താ! സാധുവായ എൻെറ പൂച്ചയുടെ കാര്യം ഓർത്തിട്ടു എനിക്കു വളരെ വ്യസനമായിരിക്കുന്നു. എന്നാൽ ഇവിടെ ആ പൂച്ചയില്ലായിരുന്നുവെങ്കിൽ നിങ്ങൾ ഇപ്പോൾ എൻെറയും ഈ കുഞ്ഞിൻെറയും ശവങ്ങൾ മാത്രമെ കാണുകയുണ്ടായിരു

നുള്ളൂ. സാധുപൂച്ച! നല്ല ചൊല്ലുവിളിയുള്ള പൂച്ച-ചോറുണ്ണുമ്പോഴും മാറും ദൂരെമാറിയിരിക്കുന്ന പൂച്ച...... ഒരിക്കലും കട്ടുതിന്നിട്ടില്ലാത്ത പൂച്ച......ഇവിടെയുള്ള എലികളെയൊക്കെ പിടിച്ചുതിന്നുന്ന പൂച്ച......ഇന്നു് അപ്പം കട്ടുതിന്നാൻ പോയി. ഇതാ സാധു ചത്തുകിടക്കുന്നു. അതിനെ വളർത്തിയവരുടെ ജീവനെ രക്ഷിച്ചു ഈ പൂച്ച എത്രയോ വിശ്വാസവും സ്നേഹവുമുള്ളതായിരിക്കുന്നു. എന്നു ഓലോലെ കരഞ്ഞുംകൊണ്ടു പറഞ്ഞു.

പൊന്നപ്പൻ ഇത്രയും കേട്ടപ്പോൾ "കരച്ചിൽ പിന്നെയാകട്ടെ ദൈവം ആപത്തുകളൊന്നും വരുത്തിയില്ലല്ലൊ. ആപത്തു വരുത്താഞ്ഞിട്ടാണൊ സങ്കടപ്പെടുന്നതു്" എന്നു പറഞ്ഞു. തങ്കമ്മ എന്റെ പ്രിയഭർത്താവെ, ഞാൻ ഒരു കഷണം അപ്പം മുറിച്ചെടുത്തു മുററത്തു വന്നിരുന്ന ഒരു കാക്കയ്ക്കിട്ടുകൊടുത്തു. അതു തിന്ന കാക്കയാണു് മുററത്തു ചത്തുകിടക്കുന്നതു് എന്നു പറഞ്ഞു. പൊന്നപ്പൻ ഈ അപ്പങ്ങൾ എവിടെനിന്നാണെന്നു ചോദിച്ചു. അതിനു തങ്കമ്മ നമ്മുടെ ഇളയമ്മ കൊണ്ടു തന്നതാണെന്നു മറുപടി പറഞ്ഞു. അപ്പോൾ പൊന്നപ്പൻ തങ്കമ്മേ-ഞാനുംകൂടി ഒന്നു പരീക്ഷിക്കട്ടെ. എന്നു പറഞ്ഞുകൊണ്ടു് ഒരുകഷണം അപ്പം എടുത്തു തങ്കമ്മ ഓമനയായിവളർത്തിവന്ന പൂവൻകോഴിക്കുമിട്ടുകൊടുത്തു. ആ കോഴി ഉടനെ അതു കൊത്തിത്തിന്നുകയും ഉരുണ്ടുവീണു ചാകുകയും ചെയ്തു. അപ്പോൾ പൊന്നപ്പനും ഈ അപ്പത്തിൽ വിഷമുണ്ടെന്നു പൂർണ്ണവിശ്വാസമായി തങ്കമ്മയോടു എന്റെ തങ്കമ്മെ കാക്ക ചത്തതും കോഴി ചത്തതും അല്ല എനിക്കു വ്യസനം. ഈ വീട്ടിലുള്ള എലികളെ ഒക്കെ നശിപ്പിക്കുന്ന സാധുപൂച്ച ചത്തല്ലൊ......ഇതു എലി തിന്നാൽ ചത്തേയ്ക്കും. ഏതായാലും ഈ അപ്പങ്ങൾ നമ്മുടെ മച്ചിൻപുറത്തു വച്ചേയ്ക്കാം. എന്നു പറ

ഞ്ഞുംകൊണ്ടു് അപ്പങ്ങൾ എടുത്തു പൊന്നപ്പൻ മച്ചിൻപുറത്തു നിൎത്തിയിട്ടു. ഇതിന്റെശേഷം പൊന്നപ്പൻ ചത്ത കോഴിയേയും കാക്കയേയും പൂച്ചയേയും ഒരു കുഴി കുഴിച്ചു അതിൽ മൂടി. പിന്നീടു പൊന്നപ്പൻ ഇളയമ്മ ഏതുവിധവും എന്നെങ്കിലും അബദ്ധപ്പെടുത്തുമെന്നു തീൎച്ചപ്പെടുത്തി. വളരെ വ്യസനിച്ചുകൊണ്ടു തങ്കമ്മയോടു എന്റെപൊന്നേ എന്താ ചെയ്യേണ്ടതു്. ഇതിനു പ്രതികാരംചെയ്‌വാൻ ഞാൻ വിചാരിച്ചാൽ കഴിയും. അതു നിന്റെ അപ്പനു ദോഷമായിത്തീരും; അതുകൊണ്ടു ഞാൻ ദൈവത്തെ വിചാരിച്ചു ക്ഷമിക്കുന്നു. എന്നുപറഞ്ഞു തങ്കമ്മയും പൊന്നപ്പനും ഓരോ പ്രലാപവചനങ്ങളും പറഞ്ഞു് അന്നത്തെ പകൽ കഴിച്ചുകൂട്ടി. രാത്രിയായപ്പോൾ ഞാൻ വെളിക്കിറങ്ങിവരട്ടെ എന്നുപറഞ്ഞും വച്ചു പൊന്നപ്പൻ നേരെ നടന്നു പഴവീട്ടിലെത്തി. അവിടെ ചെന്നപ്പോൾ വീട്ടിന്റെ വാതലുകളെല്ലാം അടച്ചിരുന്നു. എന്നാൽ മുറിക്കകത്തു വിളക്കു കത്തിനില്ക്കുന്നതായിക്കണ്ടു് പൊന്നപ്പൻ അനങ്ങാതെ മുററത്തു സ്വല്പനേരം നിന്നപ്പോൾ മുറിക്കകത്തു പതുക്കെ ഒരു സംഭാഷണം കേട്ടു. അതായതു്:—

ഏലിയാമ്മ:—ഹെ! നല്ല കാൎയ്യമായല്ലോ. അപ്പം കൊണ്ടുകൊടുത്തിട്ടു ഇതേവരെ ഒന്നും അറിഞ്ഞില്ലല്ലൊ. ചത്തെങ്കിൽ ഇപ്പോൾ ഇവിടെ അറിയാതിരിക്കുമോ?

വേറൊരാൾ:—അവർ ചിലപ്പോൾ അതു് അത്താഴവും മററും കഴിഞ്ഞേ തിന്നുകയുള്ളു. നേരം വെളുക്കുമ്പോൾ കണ്ടോ എല്ലാം ചത്തുമലൎന്നു കിടക്കുന്നതു്. അതിൽ ചേൎക്കാൻ കൊണ്ടുതന്ന പാഷാണം ഒന്നാംതരമാണു്. രൂപാ അഞ്ചു അഴിച്ചുകൊടുത്തതിൽപിന്നെയേ മുതലാളി പാഷാണം തന്നൊള്ളു.

ഏലിയാമ്മ:—അതെന്താ പാഷാണത്തിനു് ഇത്ര വിലക്കൂടുതൽ ഉണ്ടോ?

വേലാരാം:—പാഷാണം സാധാരണയായി വിലയ്ക്കു കൊടുക്കയില്ലപോൽ. സക്കാർ അറിഞ്ഞാൽ ശിക്ഷയുണ്ടാകുമെന്നു് ആ മുതലാളി എന്നോടു പറഞ്ഞു. വൈദ്യന്മാർക്കു മററും മരുന്നുകൾക്കുപയോഗിക്കാൻ കൊടുക്കുന്നതു് എഴുതിവയ്പിച്ചിട്ടാണെന്നും അയാൾ പറഞ്ഞു. ഞാൻ സൂത്രമൊക്കെ പറഞ്ഞു് ആ മുതലാളിക്കു് അഞ്ചുരൂപാ കൊടുത്തു് എഴുതിവയ്ക്കാതെയാണു് കൊണ്ടുപോന്നതു്. അതുകൊണ്ടു ചത്താലും ചോദ്യമുണ്ടാകയില്ല. പാമ്പുകടിച്ചു ചത്തെന്നോ കോളറാ വന്നെന്നോ നമുക്കു പറഞ്ഞുണ്ടാക്കണമെന്താ?

ഏലിയാമ്മ:—ഹൊ! പാഷാണം നല്ല ഒന്നാംതരമായിരുന്നു. അതു ചേർത്തുണ്ടാക്കിയ അപ്പം ശകലം നുള്ളിയെടുത്തു ഞാൻ നമ്മുടെ ഈ തോടിന്റെ കടവിൽ കൊണ്ടിട്ടുകയും ആയതു് ഒരു കരിമീൻ കൊത്തിത്തിന്നുകയും ഞാൻ കണ്ണടയ്ക്കുന്നതിനു മുൻപായിത്തന്നെ അതു ചത്തുപോകയും ചെയ്തു........എന്നാൽ ഇതിന്റെ സംഗതി ഇവിടത്തെ കാരണവർ അറിഞ്ഞിട്ടില്ല. കാരണവർക്കും പിള്ളേർക്കും നല്ല അപ്പം ഉണ്ടാക്കിക്കൊടുത്തു. നല്ലതു ഞാനും രണ്ടുമൂന്നു തിന്നു. ഇനി നല്ലതായി എട്ടെണ്ണം വച്ചിട്ടുണ്ടു്. അതു നമുക്കിപ്പോൾ തിന്നാനായിട്ടാണു വച്ചിരിക്കുന്നതു്........ഇതാ തിന്നു നോക്കിയാട്ടെ.

വേലാരാം:—......ഈ അപ്പം തിന്നിട്ടു നല്ല മധുരം. പഞ്ചസാരയും നെയ്യും ചേർത്തിട്ടുണ്ടു്. അല്ലേ...... ഈ പാഷാണത്തിന്റെ കാര്യം ഞാനല്ലാതെ ആരും അറിഞ്ഞിട്ടില്ല. അന്തയോടും മററും ഇതു പറഞ്ഞേക്കരുതേ. "അരമനരഹസ്യം അങ്ങാടിയിൽ പരസ്യം" എന്ന പഴഞ്ചൊല്ലു് ഓർമ്മയും വേണം. തലപോകുന്ന കാര്യമാണിതു്........പിന്നെ! ഞാൻപോകട്ടെ..........

ഏലിയാമ്മ:—......അതിനൊട്ടും മടിയുള്ളവളല്ല ഈ ഏലിയാമ്മ എന്നു നിങ്ങൾക്കു് ഇത്രനാളായിട്ടും മനസ്സിലായില്ലെ......അന്തയോടും മററും ഇങ്ങനെയുള്ള രഹസ്യകാൎയ്യങ്ങൾ ഞാൻ പറയുമൊ.........അയ്യൊ!, നാളെ ആ പുത്തൻവീട്ടിന്റെ വാതിലുകൾ വെട്ടിത്തുറക്കാൻ ഇടയായെങ്കിൽ എത്ര സന്തോഷമായിരുന്നു. പക്ഷെ അതൊക്കെ. ഒത്തെങ്കിൽ എല്ലാം ജയിച്ചു.

വെറോരാൾ:—ജയിച്ചെന്നു പറഞ്ഞാൽ മതിയൊ. പത്തിരുപതിനായിരം രൂപായുടെ സ്വത്തുക്കൾ നിങ്ങൾക്കും നിങ്ങളുടെ കുട്ടികൾക്കും കൂടി കിട്ടുകയില്ലെ. അപ്പോൾ ഞങ്ങളെ ഒക്കെക്കൂടെ ഓൎമ്മകൊള്ളുമല്ലൊ.

ഇത്രയും സംഭാഷണം കേട്ടപ്പോൾ പൊന്നപ്പനു വളരെ വ്യസനവും കുറെ ലജ്ജയും തോന്നി ഉടനെതന്നെ അവിടെനിന്നു നടന്നു് പുത്തൻവീട്ടിലെത്തി. ആ സമയം തന്റെ ഭാൎയ്യ പ്രാൎത്ഥനചൊല്ലിത്തീരാറായിരുന്നു. താനും മുട്ടുകുത്തി നമസ്കരിച്ചു. പ്രാൎത്ഥനകഴിഞ്ഞു് തങ്കമ്മ, കൊള്ളാം വെളിക്കിറങ്ങി വരട്ടെ എന്നു പറഞ്ഞു പോയിട്ടു് എത്രനേരമായി എന്നു ചോദിച്ചു. അതിനു പൊന്നപ്പൻ എന്റെ മനസ്സിനു തീരെ സമാധാനമില്ലാത്തതിനാൽ വെളിക്കിറങ്ങാൻ പോയിട്ടു് അവിടെയിരുന്നു വളരെനേരം താമസിച്ചുപോയി എന്നേയുള്ളു എന്നുപറഞ്ഞും വച്ചു് അത്താഴംകഴിച്ചിട്ടു് വേറെ ചില സല്ലാപാനന്തരം കിടന്നുറങ്ങി.

പിറേറദിവസം നേരം പ്രകാശമായപ്പോൾ പൊന്നപ്പൻ എഴുനേററു മച്ചിൻപുറത്തു നോക്കി. അവിടെയിട്ടിരുന്ന അപ്പങ്ങളിൽ ഏതാനംഭാഗം എലി തിന്നിരിക്കുന്നതായും അവിടവിടെയായി വളരെ എലികൾ ചത്തുകിടക്കുന്നതായും കണ്ടു. എല്ലാം പെറുക്കി എണ്ണിക്കൂട്ടി. ആകെ ചത്ത എലികളുടെ എണ്ണം നൂററി

അൻപതായിരുന്നു. ഇവയെ ഒക്കെ പൊന്നപ്പൻ, തങ്കമ്മയെ വിളിച്ചു കാണിച്ചിട്ട് എന്റെ ഇളയമ്മ എനിക്കീചെയ്ത ഉപകാരം മറന്നുകളയത്തക്കതാണോ... ഈ പുത്തൻവീടിന്റെ വാതിൽ ഒന്നും ഇനി തുറക്കുകയില്ലാ എന്നു ഞാൻ സ്വപ്നം കണ്ടു ..അതുകൊണ്ട് ഈ വീട്ടിന്റെ എല്ലാ വാതലുകളും ജന്നലുകളും ശരിയായി തുറന്നിടുക...എന്നുപറഞ്ഞിട്ട് ആ എലികളെ ഒക്കെ കൊണ്ടുകുഴിച്ചുമൂടി. ഇനി എന്റെ വാഴകളും കിഴങ്ങുകളും ഒക്കെ മാന്തി നശിപ്പിക്കുന്ന പെരുച്ചാഴികളെയും ഈ അപ്പംകൊണ്ടുതന്നെ ഒതുക്കണം എന്നുപറഞ്ഞു മച്ചിൻപുറത്തുനിന്നു കുറച്ചു അപ്പക്കഷണങ്ങൾ എടുത്തു പൊടിച്ചു വാഴകളുടെ ചുവട്ടിലും കിഴങ്ങിൻതടത്തിലും ഇട്ടു. പിറേറദിവസം രാവിലെ പൊന്നപ്പൻ മച്ചിൻപുറത്തു നോക്കീട്ട് ഇരുപതു ചത്ത എലികളെയും വാഴകളുടെ ചുവട്ടിലും കിഴങ്ങിൻതടത്തിലുമായി അൻപതു പെരുച്ചാഴികളേയും കണ്ടുകിട്ടി. ഇവയൊക്കെ പൊന്നപ്പൻ കുഴിച്ചുമൂടി. ഇങ്ങനെ ഈ അപ്പങ്ങൾമൂലം പുത്തൻവീട്ടിലെ എലികളും പെരുച്ചാഴികളും ചത്തൊടുങ്ങി.

ഈ ക്രൂരകൃത്യം ചെയ്തിട്ടും കാര്യം പററാഞ്ഞതിനാൽ ഏലിയാമ്മയ്ക്ക് ഉറക്കം കുറഞ്ഞുതുടങ്ങി. ഊണിനു രസമില്ലാതെയായി. എന്നുവേണ്ടാ വളരെ സമാധാനക്കേടോടുകൂടി ഏലിയാമ്മയും ഈ ക്രൂരകൃത്യത്തെ അറിയാത്തവനായ യോശുവായും തങ്ങളുടെ കുട്ടികളും പഴവീട്ടിലും, ഇനി വരാൻപോകുന്നതെന്തെല്ലാമോ എന്നോർത്തു വ്യസനിച്ചുകൊണ്ട് നമ്മുടെ തങ്കമ്മയും പൊന്നപ്പനും തങ്ങളുടെ ഓമനമകനായ കൊച്ചുയോശുവായും പുത്തൻവീട്ടിലും പാർത്തുവന്നു.

അബ്രാഹംവാദ്ധ്യാർ ഇത്രയും പറഞ്ഞപ്പോൾ മണി പന്ത്രണ്ടടിക്കുന്നതു കേട്ടു. കുട്ടികളോടു നിങ്ങൾ ഉറക്കം

ങ്ങുകയാണല്ലൊ. എന്നാൽ കിടന്നുറങ്ങാം. ശേഷമൊക്കെ നാളെ പറയാം എന്നു പറഞ്ഞുംവെച്ചു് കിടന്നുറങ്ങി. കുട്ടികൾ രണ്ടും പിതാവിന്റെ ഇടത്തും വലത്തുമായിക്കിടന്നു. മേരി മുട്ടുകുത്തി രഹസ്യപ്രാൎത്ഥന പതിവുപോലെ ചെയ്തുംവെച്ചു പയ്യെ തലോടി ഭൎത്താവിനെ വിളിച്ചുണൎത്തി ഭൎത്താവിനോടു്, "എന്റെ പ്രാണവല്ലഭാ! നിങ്ങൾ കുട്ടികളോടു പറയുന്ന ചില കാൎയ്യങ്ങൾ എനിക്കു തീരെ രസിക്കുന്നില്ല. ആ ഏലിശാമ്മയുടെ രഹസ്യവൎത്തമാനങ്ങളും മററും ഇനി കുട്ടികളോടു പറയരുതെ. അതിൽ വല്ല ഭാഗവും അവൎക്കു മനസ്സിലായാൽ അതു് അവൎക്കു പാപഹേതുകമായി വന്നേക്കും. അതിനു നാംതന്നെ ഉത്തരവാദികളുമായിത്തീരും" എന്നു പറഞ്ഞു.

അബ്രാഹം: പ്രിയെ! അതുള്ളതാണു്. ഞാൻ പറഞ്ഞതു കുറച്ചു കടന്നുപോയി. ഓൎക്കാതെ പറഞ്ഞുപോയതാണു്. എങ്കിലും അവൎക്കൊന്നും മനസ്സിലായിട്ടില്ല. ഇനി ഞാൻ ഈവകയൊന്നും തീരെ പറകയില്ല. വല്ലതും ഓൎക്കാതെ പറയാൻ ഭാവിച്ചാൽ നീ എന്നെ ആംഗ്യം കാണിച്ചേയ്ക്കണം. ഇതിന്റെശേഷം രണ്ടാളും കിടന്നുറങ്ങി.

---

# മൂന്നാമദ്ധ്യായം.

മൂന്നാംദിവസം നേരം പ്രഭാതമായി. എല്ലാവരും ഉണൎന്നു പതിവുപോലെ ഈശ്വരസ്തോത്രങ്ങൾ മുതലായവ ചെയ്തു. കൊച്ചുമാത്തനും കൊച്ചന്നാമ്മയും പതിവുപോലെ പാഠങ്ങൾ പഠിച്ചശേഷം കളിക്കാനുള്ള സമയത്തു സംഭാഷണം —

കൊച്ചുമാത്തൻ.—കൊച്ചന്നാമ്മേ, അപ്പച്ചൻ ഈയിടെ നമ്മളോടു പറയുന്ന കഥ പാഠപുസ്തകത്തിലെതും മററുമല്ല. നല്ല ഒന്നാംതരം കഥ.

കൊച്ചന്നാമ്മ:—എൻെറ ഇച്ചാച്ചാ അയ്യോ! ആ ഏലിയാമ്മ എന്തൊരു ഏലിയാമ്മ. അമ്പടി. ആ ദുഷ്ട, പാവപ്പെട്ട തങ്കമ്മയോട് എന്തെല്ലാം ചെയ്തു. തങ്കമ്മയ്ക്കും പൊന്നപ്പനും ദൈവം വളരെ സഹായമുണ്ട്.

കൊച്ചുമാത്തൻ:—ഇതു കെട്ടുകഥയാണെന്ന് എനിക്കു തോന്നുന്നില്ല. ഈ കഥ നടന്നതായിരിക്കണം. നമ്മുടെ അപ്പച്ചൻെറ സ്വദേശമായ വയലാറല്ലെ ആ പൊന്നപ്പൻെറ വീട്. അതുകൊണ്ടു നമ്മുടെ അപ്പച്ചൻ ഈ വത്തമാനമൊക്കെ ആ പൊന്നപ്പനിൽനിന്നു അറിഞ്ഞതായിരിക്കണം.

കൊച്ചന്നാമ്മ:—അതു ശരിയായിരിക്കാം ഇച്ചാച്ചാ......നമ്മുടെ അമ്മച്ചി, പൊന്നുംകുടത്തമ്മച്ചി, തങ്കക്കുടത്തമ്മച്ചിയുടെ കാലിൽ ഒരു മുള്ളുകൂടെ കൊള്ളാതെ എന്നും ജീവിച്ചിരിക്കാൻ നമ്മൾ എപ്പോഴും പ്രാത്ഥിക്കണം. അല്ലെങ്കിൽ നമ്മുടെ അമ്മച്ചി മരിച്ചോ മറോ പോയാൽ നമുക്കുമിങ്ങനെ ആ തങ്കമ്മയ്ക്കു വന്നതുപോലെ ഇളയമ്മ വന്നേക്കും. അയ്യോ! "ഇളയമ്മപ്പോരു" എങ്ങിനെ സഹിക്കും.

കൊച്ചുമാത്തൻ:—പോടീ നീ അങ്ങിനെ പറയാതെ. നമ്മുടെ അമ്മച്ചിയെ നമ്മുടെ ദൈവം കാത്തുരക്ഷിക്കും ..അല്ലാതെ നമ്മുടെ അമ്മച്ചി ഒരുവേള നമ്മുടെ നിർഭാഗ്യംകൊണ്ടു മരിച്ചുപോയാലും നമ്മുടെ അപ്പച്ചൻ, ഈ തരത്തിലുള്ള കഥകളും ചരിത്രങ്ങളും മററും അറിഞ്ഞിരിക്കുന്ന അപ്പച്ചൻ, ഇനി കെട്ടുകയുംമററുമില്ല. രണ്ടാംവിവാഹത്തെപ്പററി അപ്പച്ചൻ പലപ്പോഴും പലരോടും ദോഷകരമായി പലതും പറയുന്നതു ഞാൻ കേട്ടി

ട്ടുണ്ട്. മിക്ക ഇളയമ്മമാരുടെയും സ്വഭാവം ഇങ്ങനെയാകുന്നതെന്നെയാണ്; തർക്കമില്ല അല്ലെങ്കിൽ നീ അപ്പച്ഛനോടു ചോദിച്ചുനോക്കിയെ.

ഈ സംഭാഷണാനന്തരം ആ കുട്ടികൾ വീണ്ടും പതിവുപോലെ പാഠങ്ങൾ പഠിക്കയും മറ്റും ചെയ്തു. ഒരു വിധത്തിൽ മണി ആറുമടിച്ചു. കുട്ടികളും മേരിയും അബ്രാഹംവാദ്ധ്യാരും പ്രാർത്ഥന മുതലായവ ചെയ്തു. അത്താഴം ഉപ്പുമാവായി കഴിച്ചു. കുട്ടികൾ തലേദിവസം പിതാവു പറഞ്ഞെഴുതിച്ച പാട്ടുപാടി കേൾപ്പിച്ചു. പാട്ടുകേട്ടു വളരെ സന്തോഷിച്ചു മേരി അബ്രാഹത്തിനോട് ഈ പാട്ട് ആരെഴുതിയതാണെന്നു ചോദിച്ചു. എന്താ കൊള്ളാമോ. ഞാൻതന്നെ എഴുതിയുണ്ടാക്കിയതാണെന്ന് അബ്രാഹംവാദ്ധ്യാർ മറുപടിപറഞ്ഞു. മേരി "കൊള്ളാം തരക്കേടില്ല. നമ്മുടെ പുതിയ മെത്രാനച്ചനവർകളെക്കുറിച്ചും ഈയരാറുപെട്ടയിലെ സ്കൂളിന്റെ മദ്ധ്യസ്ഥനായ മാർത്തോമ്മാസ്ലീഹായെക്കുറിച്ചും മറ്റും ഇതിൽ ചേർത്തിരിക്കുന്ന ഭാഗങ്ങൾ വളരെ ശ്ലാഘ്യമാണ്." എന്നു പറഞ്ഞുകൊണ്ടു മേരി പിതാവിനും കുട്ടികൾക്കും കൊടുക്കാനായി വിശേഷമായി ഉണ്ടാക്കിയ വെള്ളയപ്പം (കള്ളപ്പം) എടുത്തുകൊടുത്തിട്ട് ഇതു തിന്നുന്നതിനു സംശയിക്കയും മറ്റും വേണ്ട. ഇതു് ഇന്നലത്തെ ഏലിയാമ്മയുടെ പാഷാണംചേർത്ത അപ്പമല്ല........മേരി ഇത്രയും പറഞ്ഞുതീരുന്നതിനുമുൻപ് അബ്രാഹംവാദ്ധ്യാർ തനിക്കു കിട്ടിയ അപ്പങ്ങൾ രണ്ടും തിന്നുകഴിഞ്ഞു. കുട്ടികളും അപ്പങ്ങൾ തിന്നശേഷം പാട്ടെഴുതാൻ കടലാസും തൂവലും എടുത്തു തയ്യാറായിരുന്നു. അബ്രാഹംവാദ്ധ്യാർ ക്രിസ്തുവിന്റെ ജീവചരിത്രം അടങ്ങിയതായ ഒരു വിശേഷമായ പാട്ട് അവർക്കു പറഞ്ഞുകൊടുത്തു ........പാട്ട് എഴുതിയെടുത്തു കഴിഞ്ഞപ്പോൾ കുട്ടികൾ പതിവുപോലെ കട്ടിലിൽ കയറി ഇരിപ്പായി മേരി

തന്റെ ചാരുകസേരയിൽ ഇരുന്നു. അബ്രാഹംവാദ്ധ്യാർ—എന്റെ കുഞ്ഞുങ്ങളെ, എന്നാൽ കഥയുടെ ശേഷംഭാഗം കേട്ടാലും. ഇനി പറയാൻ പോകുന്നവ കഥയുടെ നല്ല ഭാഗങ്ങളൊക്കെയാണ്. അതുകൊണ്ടു ശ്രദ്ധയായി കേട്ടുകൊള്ളണം. കൊച്ചുമാത്തൻ ഇടയ്ക്കു ഒന്നും പറയരുത്. നല്ല ഓർമ്മവേണം. ആരും ഉറങ്ങുകയും അരുത്. എന്നു പറഞ്ഞു ഒന്നു ചുമച്ചുംവച്ചു തുടങ്ങുന്നു.

---

# മൂന്നാം ദിവസത്തെ കഥ.

---

ഈ സംഭവം നടന്നതിൽപിന്നെ ഏലിയാമ്മ ലജ്ജിച്ചു പുത്തൻവീട്ടിൽ കയറിയിട്ടില്ല. ഏലിയാമ്മ യോശുവായോടു തങ്കമ്മയെപ്പററി പല കാര്യങ്ങളും വിരോധമായി മിക്ക ദിവസങ്ങളിലും പറയും. യോശുവാ എല്ലാം മൂളിക്കേൾക്കും. അല്ലാതെ ഒന്നിനും മറുപടി പറഞ്ഞിരുന്നില്ല. തങ്കമ്മയും ഭർത്താവും കുട്ടിയും പുത്തൻവീട്ടിൽ അങ്ങിനെ പാർത്തുവരുമ്പോൾ, ഒരുദിവസം ഒരിക്കലും അവിടെ വന്നിട്ടില്ലാത്തവനായ കൊച്ചുപറമ്പിലെ പോത്തൻ എന്നവൻ വന്നുകയറി. ഇവന്റെ വീടു പുത്തൻവീട്ടിൽനിന്നും അരമൈൽ അകലത്താണ്. ഇയാൾ ഒരുവിധം കഴിച്ചുകൂട്ടുവാൻ വകയുള്ളവനും ഭാര്യയും അഞ്ചുകുട്ടികളും ഉള്ളവനുമായിരുന്നു. ഇവനെപ്പററി നമ്മുടെ പൊന്നപ്പൻ അറിഞ്ഞിരുന്നതിനാലും ആൾ കാഴ്ചയിൽ ഒരു മാന്യനായിരുന്നതുകൊണ്ടും ഇവനെ നമ്മുടെ പൊന്നപ്പൻ സല്ക്കരിക്കാതിരുന്നില്ല. എന്തിനേറെപ്പറയുന്നു. കുഞ്ഞുങ്ങളേ! കൌശലക്കാരനായ

ഈ പോത്തൻ കുറച്ചുദിവസം കഴിഞ്ഞപ്പോൾ നമ്മുടെ പൊന്നപ്പന്റെ ഒരു വലിയ ചങ്ങാതിയും ആലോചനക്കാരനുമായിത്തീൎന്നു. പോത്തൻ മിക്ക ദിവസങ്ങളിലും പുത്തൻവീട്ടിൽവരും. പരമാൎത്ഥിയായ പൊന്നപ്പനും ഗുണവതിയായ തങ്കമ്മയ്ക്കും ഇയ്യാളെപ്പററി യാതൊരു സംശയത്തിനും വകയില്ലായിരുന്നു. പോത്തൻ മിക്കപ്പോഴും നമ്മുടെ യോശുവായേയും ഏലിയാമ്മയേയും പററി പരിഹസിച്ചു പറഞ്ഞുമിരുന്നു. അങ്ങിനെ പറയുമ്പോഴൊക്കെ നമ്മുടെ തങ്കമ്മയും പൊന്നപ്പനും സ്നേഹിതാ! അങ്ങിനെ പറഞ്ഞിട്ടാവശ്യമില്ല. എല്ലാം ഞങ്ങളുടെ ദോഷപ്രായശ്ചിത്തം മാത്രമാണ്. അല്ലാതെ ഞങ്ങളുടെ മാതാപിതാക്കളെ ദോഷാരോപണംചെയ്യിട്ടാവശ്യമില്ല എന്നു പറയുമായിരുന്നു. ഇങ്ങനെ ഈ പുതിയ സ്നേഹിതൻ നമ്മുടെ തങ്കമ്മയുടേയും പൊന്നപ്പന്റേയും സ്വഭാവങ്ങളും മററും രണ്ടുമാസകാലംകൊണ്ടു നല്ലപോലെ മനസ്സിലാക്കി. ഇതുകൂടാതെ വിഷംചേൎത്ത പലഹാരം ഇളയമ്മ കൊണ്ടുകൊടുത്തതിൽപിന്നെ നമ്മുടെ പൊന്നപ്പനോട്, തങ്കമ്മ താൻ തയ്യാറാക്കുന്നതും അയാളുടെ വീട്ടിൽ ചെല്ലുമ്പോൾ അയാളുടെഅമ്മ തയ്യാറാക്കിക്കൊടുക്കുന്നതുമായ ആഹാരങ്ങൾ മാത്രമേ ഭക്ഷിക്കാവൂ എന്നു ശട്ടംകെട്ടീട്ടുള്ള വിവരവും ഈ പോത്തൻ മനസ്സിലാക്കി. അതുകൊണ്ട് ഈ പുതിയ സ്നേഹിതൻ വേറെ വഴി നോക്കിക്കൊണ്ടു കാലം കഴിക്കയായിരുന്നു. ഇങ്ങനെ കഴിച്ചുവരവെ അവിടെനിന്നു രണ്ടുമൈൽ അകലത്ത് ഒരു വീട്ടിൽ ഏററവും വിശേഷമായ ഇസ്ലാക്കി നാടകം അഭിനയിക്കുന്നു എന്നു വിവരിക്കുന്നതായ ഒരു നോട്ടീസു നമ്മുടെ പൊന്നപ്പന്റെ കയ്യിൽ കിട്ടി. അതു പൊന്നപ്പൻ വായിച്ചുകൊണ്ടിരിക്കുമ്പോൾ പുതിയ സ്നേഹിതനായ പോത്തനും അവിടെ വന്നുകയറി. പൊന്നപ്പൻ പരസ്യം മുഴുവനും വായിച്ചു കഴി

ഞ്ഞിട്ട് പോത്തനോട് "സ്നേഹിതാ! ഈ പരസ്യം വായിച്ചുനോക്കു, നല്ല നാടകമാണു്. ഒന്നു കാണാൻ എനിക്കും ആഗ്രഹമുണ്ടു്. പക്ഷെ നിവൃത്തിയില്ല. തങ്കമ്മയ്ക്കു സുഖമുണ്ടായിരുന്നെങ്കിൽ പോകാമായിരുന്നു" എന്നു പറഞ്ഞു. പോത്തൻ "സ്നേഹിതാ നമുക്കു പോകരുതോ. തങ്കമ്മ തനിച്ചു് ഇന്നു താമസിക്കുകയില്ലേ" എന്നു ചോദിച്ചു.

പൊന്നപ്പൻ:-"സ്നേഹിതാ ഞാൻ ഈ കുഞ്ഞിനേയും തങ്കമ്മയേയും തനിച്ചിവിടെ പാർപ്പിച്ചുംവെച്ചു് എങ്ങിനെ പോകും. ഇതു കൂടാതെ തങ്കമ്മയ്ക്കു ഇതാണു മാസം. മാസം പിറന്നേ ഉള്ളു എങ്കിലും നാം സൂക്ഷിക്കേണ്ടെ. പ്രത്യേകം ശത്രുക്കളുടെ ഇടയിലാണു് ഞങ്ങളുടെ പാർപ്പ്. അതുകൊണ്ടു് എനിക്കു് ഒന്നും കാണേണ്ട" എന്നു പറഞ്ഞു......കുറച്ചുനേരം പോത്തൻ മൗനമായി ചിലതെല്ലാം ആലോചിച്ച ശേഷം അതു ശരിയാണു് ...... എന്നാൽ സ്നേഹിതാ ഞാൻ തനിച്ചുപോയി ഒന്നു കണ്ടുകളയാം. വീട്ടിൽ പെൺപിറന്നവരും കുഞ്ഞുങ്ങളും മാത്രമെ ഉള്ളു. അവൾക്കു പേടിയും മററുമില്ലെങ്കിലും നിങ്ങളും അവരെക്കൂടി തിരക്കിക്കൊള്ളണെ എന്നുപറഞ്ഞുംവെച്ചു് അവിടെനിന്നു പോത്തൻ യാത്രതിരിച്ചുവീട്ടിലെത്തി. പരമാർത്ഥിയായ പൊന്നപ്പൻ പോത്തൻ പറഞ്ഞതൊക്കെ വിശ്വസിച്ചതു് അതിശയമല്ലല്ലോ.

പൊന്നപ്പനും ഗർഭപൂർണ്ണയായ തങ്കമ്മയും അങ്ങളുടെ മകനായ കൊച്ചുയോശുവായുംകൂടി പുത്തൻവീട്ടിൽ ഇരുന്നു പ്രാർത്ഥന മുതലായവ കഴിച്ചു അത്താഴം കഴിഞ്ഞു തങ്കമ്മയും കുട്ടിയും എട്ടുമണിയോടുകൂടി കിടന്നു. പൊന്നപ്പൻ ഒരു നോവൽ വായിച്ചുകൊണ്ടിരുന്നു. നോവലിന്റെ രസികത്വംകൊണ്ടു് പൊന്നപ്പൻ പതിനൊന്നു മണിയായിട്ടും ഉറങ്ങിയില്ല ........എന്നിട്ടും ആ നോവൽ വായിച്ചു തീർന്നിട്ടുമില്ല......ആ സമയത്തു പൊന്നപ്പന്റെ

ചെവിയിൽ – അയ്യോ! എന്നു കുറെ ദൂരെ നിലവിളിക്കുന്ന ഒരു ശബ്ദം കേട്ടു. പൊന്നപ്പൻ വായനനിറുത്തി ചെവി പാൎത്തു കേട്ടപ്പോൾ വീണ്ടും നിലവിളി കേൾക്കുന്നു. പൊന്നപ്പൻ സൂക്ഷിച്ചിട്ടു് കഷ്ടം! ആ നിലവിളി കൊച്ചുപറമ്പിലാണല്ലോ. അവിടെ തക്കംനോക്കി കള്ളൻ കയറിയല്ലോ. കഷ്ടം! എന്റെ സ്നേഹിതൻ നാടകംകാണാൻ പോയിരുന്നതുകൊണ്ടു് ആരോ അവിടെ കയറി എല്ലാം തട്ടിക്കൊണ്ടുപോയല്ലോ. അതൊന്നന്വേഷിപ്പാൻ എനിക്കവകാശമുണ്ടല്ലോ. ഏതായാലും ഒന്നന്വേഷിക്കാമെന്നു വിചാരിച്ചുകൊണ്ടു് പെട്ടെന്നെഴുന്നേറ്റു കതകു തുറന്നു കൊച്ചുപറമ്പിലേയ്ക്കോടി. പൊന്നപ്പൻ കൊച്ചുപറമ്പിലെത്തിയപ്പോൾ ആ വീട്ടിന്റെ തെക്കുവശത്തെ ഭിത്തിയുടെ താഴെയായി ഒരു ചാലു് മാന്തിയിരിക്കുന്നതായും ആ പുരയ്ക്കകത്തു കയറി നോക്കീട്ടു് വിലപിടിച്ച സകല തട്ടുമുട്ടുസാമാനങ്ങളും കാണാതിരിക്കുന്നതായും കണ്ടു. ഈ സമയത്തു പൊന്നപ്പന്റെ അമ്മാവിയപ്പനായ യോശുവായും അവിടെ എത്തി. വല്ല ശത്രുക്കാരനാണെങ്കിലും അവൻ ഇവിടെ ഇല്ലാതിരിക്കുന്ന സ്ഥിതിക്കു് കള്ളനെ തിരക്കേണ്ടതാവശ്യമാണു് എന്നു് യോശുവാ പറഞ്ഞു. അവർ രണ്ടാളുംകൂടി ചൂട്ടു കത്തിച്ചു ചുവടു നോക്കി. ചുവടു യോശുവാ കണ്ടിട്ടു്......കള്ളനെ എനിക്കു മനസ്സിലായി. ഇപ്പോൾ പോലീസുകാരെ കൊണ്ടുവന്നാൽ കള്ളനെ ഞാൻ കാണിച്ചുകൊടുക്കാം എന്നു പറഞ്ഞു.

അപ്പോൾ പൊന്നപ്പൻ "പുരുഷന്മാരായി നമ്മൾ രണ്ടുപേർമാത്രമേ ഇപ്പോൾ ഇവിടെയുള്ളല്ലോ. എനിക്കു തനിച്ചിപ്പോൾ സ്റ്റേഷനിലേക്കു പോകാനും ഭയമാണു്" എന്നു പറഞ്ഞു. യോശുവാ "കൂടെ ഞാനുംകൂടി പോരാം. നമുക്കിപ്പോൾതന്നെ ഈ കള്ളനെ പിടിക്കണം. മേലിൽ നമുക്കു് ഇവിടെയൊക്കെ പേടികൂടാതെ പാൎക്കണ

മെങ്കിൽ ഇതു ചെയ്യണം" എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ പൊന്നപ്പൻ അമ്മായിയപ്പനോടൊരുമിച്ച് സ്റ്റേഷനിലേക്കു പുറപ്പെട്ടു......ആ കഥ അവിടെനില്ക്കട്ടെ... നമ്മുടെ പുത്തൻവീട്ടിൽ നടക്കുന്ന സംഭവത്തെ നോക്കാം.........

പൊന്നപ്പൻ പുത്തൻവീട്ടിൽനിന്നു പോയി കുറച്ചു കഴിഞ്ഞപ്പോൾ നമ്മുടേ തങ്കമ്മ ഉണർന്നു. തങ്കമ്മയ്ക്കു പ്രസവവേദന ആരംഭിച്ചു ഉടനേതന്നെ തങ്കമ്മ തന്റെ പ്രിയകാന്തനെ വിളിച്ചു. നാലഞ്ചുപ്രാവശ്യം വിളിച്ചിട്ടും ഭർത്താവനങ്ങാഞ്ഞതിനാൽ തങ്കമ്മ പയ്യെ എഴുന്നേററു കട്ടിലിൽ നോക്കി .....അയ്യോ! ആ കട്ടിലിൽ പായും തലയണയും ഒരുപുതപ്പും ഒരു പുസ്തകവും മാത്രം ഇരിപ്പുണ്ടു്. വിളക്കു മുറിക്കകത്തു മങ്ങിമങ്ങി ശോഭിക്കുന്നുമുണ്ടു്. മുറിയുടെ പ്രധാനവാതിൽ തുറന്നുകിടക്കുന്നു. തന്റെ പ്രാണവല്ലഭൻ പുറത്തുവല്ലിടത്തും പോയിരിക്കുകയാണെന്നു വിചാരിച്ചു തങ്കമ്മ ഉറക്കെ വിളിക്കാൻ തുടങ്ങി. അയ്യോ! തങ്കമ്മ എത്രയൊക്കെ വിളിച്ചിട്ടും ആരും വിളികേൾക്കുന്നില്ല. തങ്കമ്മ വളരെ വ്യസനിച്ചു. ഉറക്കെ രണ്ടുമൂന്നു പ്രാവശ്യം വീണ്ടും വിളിച്ചു. എന്നിട്ടും ആരും മിണ്ടുന്നില്ല. ഉടനെ തങ്കമ്മ ഭയപ്പെട്ടു കതകു് അടച്ചും വച്ചു തന്റെ "തിരുക്കുടുംബ[illegible]ത്രപങ്ങളുടെ" മുൻപാകെ മുട്ടുകുത്തി കുറച്ചുനേരം പ്രാർത്ഥിച്ചു........പ്രസവവേദന കൂടിവരുന്നു. തങ്കമ്മ ഭർത്താവിനെ കൂടക്കൂടെ വിളിക്കുന്നു. ആരും വിളിക്കുത്തരിക്കുന്നില്ല. ഇങ്ങനെ നമ്മുടെ തങ്കമ്മ പ്രസവവേദനകൊണ്ടൊരുവഴിയേയും തന്റെ പ്രിയതമനെ കാണാത്തതുകൊണ്ടു മറെറാരുവഴിയേയും വ്യസനിച്ചുകൊണ്ടു കുറച്ചുനേരം മൌനം ദീക്ഷിച്ചിരുന്നു. ആ സമയം കതകിൽ ആരോ പയ്യെ മുട്ടിയതായി തോന്നി. തങ്കമ്മ വിമ്മിക്കൊണ്ടു അതാരാണെന്നു ചോദിച്ചു. ഉടനേ വന്നയാൾ ഞാനാണെന്നു ഞരങ്ങി ഉ

ത്തരം പറഞ്ഞു. ഉടനെ നമ്മുടെ തങ്കമ്മയ്ക്കു് ആരം
പോത്തനാണെന്നു മനസ്സിലാകാതിരുന്നില്ല.........എ
ന്റെ പോത്തച്ചേട്ടാ എന്നു തങ്കമ്മ ദീർഘശ്വാസമി
ട്ടുകൊണ്ടു പറഞ്ഞപ്പോൾ പോത്തൻ എന്താ തങ്ക
മ്മേയെന്നു ചോദിച്ചു. തങ്കമ്മ ഒന്നുമില്ല, നാടകമെല്ലാം
കഴിഞ്ഞോ എന്നു വീണ്ടും ചോദിച്ചു അതിനു പോത്തൻ
ഓഹോ അതൊക്കെ എപ്പോഴെ കഴിഞ്ഞു എന്നു മറുപ
ടി പറഞ്ഞു. അതിന്റെശേഷം തങ്കമ്മ ഇവിടുന്നാവന്ന
യാളെ കണ്ടോയെന്നു ചോദിച്ചു. അതിനു പോത്തൻ, കൊ
ള്ളാം, കണ്ടോയെന്നോ: പിന്നെ ആരാണു് എന്റെകൂടെ
ഈ നില്ക്കുന്നതു്. ഞങ്ങൾ രണ്ടാളും കൂടിയല്ലെ പോയ
തു് എന്നുപറഞ്ഞു അപ്പോൾ തങ്കമ്മ കൊള്ളാം, ന
ല്ലപുള്ളിക്കാരൻ! പിന്നെ എന്താ മിണ്ടാതെ നില്ക്കുന്നതു്.
ഭാര്യയുടെ പ്രസവവേദനയെപ്പററി കേട്ടുംകൊണ്ടാണോ
അനങ്ങാതെ നില്ക്കുന്നതു്.........പൊന്നപ്പൻ ഇവിടെ
പറയാത്താണോ പോന്നതു്. അതായിരിക്കാം തങ്കമ്മ
യോടു സംസാരിക്കാൻ ലജ്ജിക്കുന്നതു് എന്നു പോത്തൻ
പറഞ്ഞു. ഇതു കേട്ടപ്പോൾ തങ്കമ്മ കരഞ്ഞുംകൊണ്ടു്,
എന്തിനാ ലജ്ജിക്കുന്നതു്. വിളക്കുകൂടി അണയ്ക്കാതെ
.........കതകു് തുറന്നിട്ടുംവച്ചു്.........നോവുകിട്ടിയ
എന്നെത്തന്നെ ഈ ശത്രുക്കളുടെ ഇടയിൽ കിടത്തിയുംവ
ച്ചു്.........കൂത്തുകാണാൻ പൊയ്ക്കളഞ്ഞതല്ലൊ.........
ഇങ്ങനെയാണോ ഒരു അനുരാഗമുള്ള ഭർത്താവു ചെയ്യേണ്ട
തു് എന്നുപറഞ്ഞു.........ഇതുകേട്ട പോത്തൻ തങ്കമ്മ
കതകു തുറക്കൂ. അതൊക്കെ അങ്ങനെ കിടക്കും.........
നോവു കിട്ടിയെങ്കിൽ പ്രസവിക്കും.........അങ്ങിനെ
വല്ലതുമുണ്ടെങ്കിൽ ഈ അർദ്ധരാത്രിയിൽ പോയി വ
യററാട്ടിയെ കൊണ്ടുവരുന്നതിനു ഞാൻ മടക്കുന്നവന
ല്ല എന്നുപറഞ്ഞു. ഉടനെ തങ്കമ്മ കതകു തുറക്കാം
എന്റെ പോത്തച്ചേട്ടാ.........കൂട്ടുകാരനോടു് എന്നെ

ഒന്നു വിളിക്കാൻ പറയൂ. അല്ലാതെ എനിക്കു ധൈര്യമില്ല എന്നു പറഞ്ഞു കുറച്ചുനേരം കഴിഞ്ഞപ്പോൾ പോത്തൻ......ഈയാൾ മിണ്ടുന്ന മട്ടു കാണുന്നില്ല. തങ്കമ്മേ നീ കതകു തുറന്ന് ഈയാളെ അകത്തേയ്ക്കു കയററു ഞാൻ പോയി ഒന്നുറങ്ങട്ടെ എന്നു പറഞ്ഞു. അതിനു തങ്കമ്മ എന്നെ ഒന്നു വിളിക്കാൻ പാടില്ലെങ്കിൽ ഇന്നു പുറത്തുതന്നെ കിടക്കട്ടെ. ഞാൻ ഇവിടെ കിടന്നോ, ഇരുന്നോ ദൈവം തിരുമനസ്സാകുന്നതുപോലെ പ്രസവിച്ചുകൊള്ളാം എന്നു സത്യംചെയ്തുപറഞ്ഞു. പോത്തനിതുകേട്ടിട്ട് എന്നാൽ നിങ്ങളുടെ പാട്. ഞാനിതാ പോകുന്നു; എന്നു പറഞ്ഞുംവച്ച് തിണ്ണയിൽനിന്നും പുറത്തേയ്ക്കിറങ്ങുന്ന ശബ്ദം കേട്ടിട്ടും തങ്കമ്മ കതകു തുറക്കുകയോ വല്ലതും ശബ്ദിക്കുകയോ ചെയ്തില്ല. കുറച്ചുനേരം കഴിഞ്ഞിട്ടും തന്റെ ഭർത്താവു വിളിക്കുന്നുമില്ല, തങ്കമ്മയ്ക്കു പ്രസവവേദന കൂടിയും വരുന്നു. ഉടനേ തങ്കമ്മ "എന്റെ ദൈവമാതാവേ" എന്നുറക്കെ കരഞ്ഞുംകൊണ്ടു പറഞ്ഞുംവച്ചു തന്റെ പ്രിയതമൻ പുറത്തിരിപ്പുണ്ടെന്നു വിചാരിച്ചുകൊണ്ടു്, എന്റെ പൊന്നച്ചനെ വയററാട്ടിയെ ഒന്നു വേഗം വിളിക്കൂ, എന്നു പറഞ്ഞു. ഈ വാക്കുകേട്ടിട്ടും തന്റെ ഭർത്താവിന്റെ മറുപടി കേൾക്കുന്നില്ല.....ശേ! ഒരിക്കലും എന്റെ പ്രിയതമൻ ഇവിടെ വന്നിട്ടില്ല. വന്നിരുന്നെങ്കിൽ ഇത്രനേരം ഇവിടെ അനങ്ങാതെ ഇരിക്കുമോ എന്നു വിചാരിച്ചു വീണ്ടും പോത്തച്ചേട്ടാ എന്നു വിളിച്ചു. എന്നിട്ടും അനക്കമൊന്നുമില്ല. ഉടനേ തങ്കമ്മ ഇതെന്തത്ഭുതം! ഇതൊക്കെ മായയോ, അതോ സ്വപ്നമോ എന്നൊക്കെ വിചാരിച്ചു. തങ്കമ്മ വീണ്ടും "തിരുക്കുടുംബസ്വരൂപങ്ങ"ളുടെ മുൻപാകെ മുട്ടിന്മേൽ നിന്നിട്ടു നില്പാൻ നിവൃത്തിയില്ലാഞ്ഞതിനാൽ താനിരുന്നുകൊണ്ടു് "നന്മനിറഞ്ഞമറിയം" ഉറക്കെ നമസ്കരിച്ചശേഷം എന്റെ മാതാവേ! നീ എന്നെ സഹായിക്കണമേ

എന്നുപറഞ്ഞു സാഷ്ടാംഗം നിലത്തുവീണു തലപൊക്കിയപ്പോൾ തന്റെ ഇടത്തുഭാഗത്തുള്ള ചുവരിൽ കതകിന്റെ സാക്ഷായ്ക്കടുത്തു് ഒരു കൈ കാണുന്നെന്നു തോന്നി. തങ്കമ്മ പെട്ടെന്നു് അവിടെനിന്നു് എഴുന്നേററു കണ്ടതായി കയ്യുടെ അടുക്കലേക്കു ചെന്നു. സൂക്ഷിച്ചു നോക്കിയപ്പോൾ അതുചുവരുതുരന്നു് ഒരാൾസാക്ഷാതുറക്കുന്നതിനായി കയ്യിട്ടിരിക്കയാണെന്നു മനസ്സിലായി. വേഗം വെട്ടുകത്തിഎടുത്തു് ആ കണ്ടതായ കയ്ക്കു് ഒരുവെട്ടു ശക്തിയോടുകൂടി കൊടുത്തു. അതോടെ ആ കയ്യററു താഴെ വീണു. തന്റെ കൈ ഉള്ളിൽ അകപ്പെട്ടതുകൊണ്ടു് ആൾ വേഗം മനസ്സിലാകും. അതുകൊണ്ടു് ഇനി എങ്ങിനെയും ഉള്ളിൽ കടന്നു തങ്കമ്മയെ കൊല്ലണമെന്നും തന്റെ മുറിഞ്ഞ കൈയ്ക്കു് കയ്ക്കലാക്കണമെന്നും ഉദ്ദേശിച്ചു പോത്തൻ കതകിൽ പത്തിരുപതു തൊഴിച്ചു. എന്നിട്ടും കതകു തുറക്കായ്കയാൽ പോത്തൻ ആ ഭിത്തി തന്റെ ഇടത്തുകയ്യുകൊണ്ടു കുറേക്കൂടി വെട്ടിതുറന്നുംവച്ചു് ആ ഭിത്തിയിൽ തന്റെ വലത്തുകാൽകൊണ്ടു ഒരു തൊഴി കൊടുത്തു. അതോടെ ആ ഭിത്തിയുടെ നാലു കല്ലും തന്റെ വലത്തുകാലും മുറിക്കുള്ളിലേക്കു വരുന്നതിനെ ലക്ഷ്യം നോക്കി നമ്മുടെ തങ്കമ്മ വളരെ ഫേമത്തോടുകൂടി കാലിന്റെ മുകൾഭാഗത്തായി ഒരു വെട്ടുകൊടുത്തു. ആ വെട്ടോടെ പോത്തൻ മറിഞ്ഞു പുറത്തു വീഴുന്നതു തങ്കമ്മ കേട്ടു. വെട്ടിന്റെ ഫേമത്തോടുകൂടി തങ്കമ്മയുടെ പ്രസവവും കഴിഞ്ഞു. തങ്കമ്മ പ്രസവിച്ചതു് അപ്പോൾ അറിഞ്ഞില്ല. വീണ്ടും കുറച്ചുനേരം അവിടെ കാത്തുനിന്നിട്ടും ഒരു അനക്കവും ഇല്ല. അപ്പോൾ തങ്കമ്മ പ്രസവിച്ച കുട്ടി കരയാൻതുടങ്ങി. നിന്നുകൊണ്ടു പ്രസവിച്ചതിനാൽ കുട്ടി നിലത്തുവീണപ്പോൾ ബോധക്ഷയമുണ്ടായതുകൊണ്ടാണു് അനങ്ങാതിരുന്നതു്. കുട്ടിയുടെ കരച്ചിൽ കേട്ടു് തങ്കമ്മ കുനിഞ്ഞുനോക്കിയപ്പോൾ അവൾ നി-

ന്നിരുന്ന സ്ഥലം രക്തകളമായിരുന്നു. ഘാതകന്റെ കയ്യും കാലും ഒരിടത്തു് താൻ പ്രസവിച്ച കുട്ടിയും മറുപിള്ളയും മറെറാരിടത്തു് ഘാതകന്റെ രക്തത്തിനിടയിൽ കിടക്കുന്നു. പ്രസവത്താലുണ്ടായ രക്തം ഒരു വഴിയേ ഘാതകന്റെ രക്തം മറെറാരു വഴിയേ......എന്തിനേറെ പറയുന്നു. "നമ്മുടെ പുത്തൻവീട്ടിന്റെ അന്തഃപുരം" രക്തമയംതന്നെ.

തങ്കമ്മ ഇതൊന്നും കൂട്ടാക്കാതെ കുനിഞ്ഞു തന്റെ കുട്ടിയെ കയ്യിൽ എടുത്തുകൊണ്ടു നിലത്തു താണിരുന്നു. ചുവരിലും മേൽപുരയിലും സൂക്ഷിച്ചു നോക്കിക്കൊണ്ടു് കുറേനേരം ഇരുന്നിട്ടും ഒന്നും കണ്ടില്ല. തന്റെ കുട്ടി ആണൊ പെണ്ണൊ എന്നു തങ്കമ്മ നോക്കി പെണ്ണാണെന്നു മനസ്സിലാക്കി. തന്റെ കുട്ടിയെ ചുംബിച്ചുംവെച്ചു് മുറിയുടെ മറെറാരുഭാഗത്തു കൊണ്ടുകിടത്തി. അതിന്റെശേഷം തങ്കമ്മ മുഴങ്കാലൂന്നിക്കൊണ്ടു് ദൈവത്തിനു നന്ദി പറഞ്ഞുംവെച്ചു് വിളക്കണെയ്ക്കാതെ ഓരോന്നു മനസ്സിൽ വിചാരിച്ചുകൊണ്ടു അവിടെത്തന്നെയിരുന്നു. അപ്പോൾ കുറെ ദൂരത്തായി, കള്ളന്റെ ചുവടു് അപ്പച്ചനു റിയാം. എന്നു പൊന്നപ്പൻ പറയുന്നതായി തങ്കമ്മ കേട്ടു. ഓ! അതു കേട്ടതു് എന്റെ പ്രിയഭർത്താവിന്റെ സ്വരമാണെന്നു തോന്നുന്നു. അതുകൊണ്ടു് ഒന്നറക്കെ നിലവിളിക്കാമെന്നു വിചാരിച്ചു വളരെ ഉച്ചത്തിൽ ഒന്നു നിലവിളിച്ചു.........അയ്യോ! ആ നിലവിളി നമ്മുടെ പൊന്നപ്പന്റെ യു യോശുവായുടെയും ചെവിയിൽപ്പെടാതിരുന്നില്ല. അപ്പോൾ പൊന്നപ്പൻ അയ്യോ! അപ്പച്ചാ വീട്ടിലാണു് ആ നിലവിളി കേട്ടതു്. കാര്യം അബദ്ധമായി. ഞാൻ കതക തുറന്നിട്ടു വച്ചിട്ടാണു് പോന്നതു്. ഞാൻ പോന്നതു് തങ്കമ്മ അറിഞ്ഞുമില്ല എന്നു പറഞ്ഞുംകൊണ്ടു് ഓടിത്തുടങ്ങി. യോശുവാ പിന്നാലെ ഓടിക്കൊണ്ടു് അയ്യോ! എടാ നീ കതക തുറന്നിട്ടും

വച്ചു് അവളോടു പറയാതെപോന്നിട്ടു ഇത്ര അധികനേ
രം ഇവിടെ താമസിച്ചല്ലൊ. അയ്യോ! എന്റെ കുഞ്ഞി
ന്നു് എന്തു പററിയോ അറിഞ്ഞുകൂടാ എന്നു പറഞ്ഞു.
ഇവർ ഓടിയും ഉരുണ്ടുവീണും പുത്തൻവീട്ടിൽ കുറെ അ
കലെയായി. ഇവരുടെ സംഭാഷണംകേട്ടു് ഒരു പോലീ
സുകാരനും ഇവരുടെ പിന്നാലെ എത്തി. യേശുവാ
കുറെ ദൂരം വന്നപ്പോൾതന്നെ എന്താ തങ്കമ്മ എന്നു വി
ളിച്ചു ചോദിച്ചു. തങ്കമ്മ തന്റെ അപ്പന്റെ സ്വരം
കേട്ടു. അപ്പച്ചനാണൊ അതു് എന്നു ഞരങ്ങി ചോദി
ക്കുകയും നെടുവീൎപ്പോടുകൂടി, വിശേഷമൊന്നുമില്ല......
ഞാൻ പ്രസവിച്ചു......പിന്നെ അപ്പച്ചൻ തിണ്ണയിലേ
ക്കു കയറുന്നതു സൂക്ഷിച്ചുവേണം എന്നു പറകയുംചെയ്തു.
ഇതുകേട്ടു പൊന്നപ്പൻ എന്താ അങ്ങിനെ പറഞ്ഞതെ
ന്നു ദീർഘശ്വാസത്തോടുകൂടി ചോദിച്ചു. തങ്കമ്മ വള
രെ സന്തോഷിച്ചു. തന്റെ ഭൎത്താവും ഉണ്ടെന്നു തീൎച്ച
പ്പെടുത്തി. ഉടനെ എഴുന്നേററു കതകുതുറന്നു. ഒരു വി
ളക്കു പുറത്തെ പടിയിൽ കൊണ്ടുവച്ചപ്പോൾ പുറത്തു വ
രാന്തയിൽ രക്തപ്രവാഹത്തിനിടയ്ക്കു നമ്മുടെ പോത്തൻ
കിടന്നു പിടയ്ക്കുന്നതുകണ്ടു. ഈ ഭയങ്കരകാഴ്ച ഹേതു
വാൽ തങ്കമ്മ മോഹാലസ്യമായി മലൎന്നു് അകത്തേയ്ക്കു
തന്നെ വീണുപോയി. ആ സമയത്തു പൊന്നപ്പനും യേ
ശുവായും പുത്തൻവീട്ടിന്റെ വരാന്തയിൽ കയറി വിള
ക്കിന്റെ പ്രകാശംകൊണ്ടു തന്റെ സ്നേഹിതനായ
പോത്തൻ രക്തത്തിൽ കിടന്നുരുളുന്നതു്, പരമാൎത്ഥി
യായ നമ്മുടെ പൊന്നപ്പൻ കണ്ടിട്ടു, അയ്യോ! അപ്പ
ച്ചാ ഇതെന്തു്, എന്നു യേശുവായോടു ചോദിച്ചു. ഉ
ടനെ യേശുവാ പരിഭ്രമത്തോടുകൂടി അടുത്തുചെന്നു
സൂക്ഷിച്ചു നോക്കീട്ടു് ഓ! ഇതു നമ്മുടെ പോത്തന
ല്ലെ, ഇവനെന്തുപററി. കഷ്ടം! ഇവന്റെ വീട്ടിൽ
കള്ളൻ കയറിയതിനിടയ്ക്കു് ഇവനിതും പററിയോ.

ഇവനെങ്ങിനെ ഇവിടെ വന്നുചേർന്നു. എന്തൊരു ക്രൂരത്തി യു്; എന്നു പറഞ്ഞു. ഇതിനിടയ്ക്കു് പൊന്നപ്പൻ മുറി യുടെ അകത്തേക്കു് ഒന്നു തിരിഞ്ഞുനോക്കി. അപ്പോൾ തന്റെ പുരയുടെ ഭിത്തി വെട്ടിപ്പൊളിച്ചിരിക്കുന്നതും തന്റെ പ്രിയതമ രക്തപ്രവാഹത്തിൽ നിശ്ശബ്ദയായി മലർന്നുകിടക്കുന്നതും ഒരു ശിശു മലർന്നു കിടക്കുന്നതും തന്റെ മൂത്തകുട്ടി കിടന്നുറങ്ങുന്നതും കണ്ടിട്ടു് പരിഭ്രമ ത്തോടുകൂടി യോശുവായോടു് അപ്പച്ചാ ഇതൊക്കെ കണ്ടോ എന്നു ചോദിച്ചുംവച്ചു് മുറിക്കകത്തേക്കു ചാടി ക്കയറി. ഉടനെ യോശുവായും അയ്യോ! എന്റെ തങ്ക മ്മ എന്നു പറഞ്ഞുംകൊണ്ടു് കൂടെക്കയറി. രണ്ടുപേരും മാറിമാറി തങ്കമ്മയെ വിളിച്ചിട്ടും അനക്കമൊന്നുമില്ല. യോശുവാ മാറത്തലച്ചു കരയുന്നു. പൊന്നപ്പൻ കുറച്ചു വെള്ളം കൊണ്ടുവന്നു മുഖത്തു തളിച്ചു. ഒരു കമ്പു തങ്ക മ്മയുടെ വായിൽ കടത്തി പല്ലുകളകററി കുറേ വെള്ളം വായിലൊഴിച്ചുകൊടുത്തു. കുറച്ചുനേരം കഴിഞ്ഞപ്പോൾ തങ്കമ്മയ്ക്കു സ്വബോധം ഉണ്ടായി. തങ്കമ്മ എന്റെ അപ്പച്ചാ! എന്റെ പ്രിയഭർത്താവേ! എന്നു നെടുവീർപ്പോ ടുകൂടി വിളിച്ചു. ഉടൻ യോശുവായും പൊന്നപ്പനും നിർബ്ബന്ധിച്ചു ചോദിക്കയാൽ നടന്ന സംഭവം ഒന്നും വിടാതെ തങ്കമ്മ സാവധാനത്തിൽ വിശദമായി അവരെ പറഞ്ഞുകേൾപ്പിച്ചു. ഇതു കേട്ടപ്പോൾ പൊന്നപ്പൻ എ ന്റെ അപ്പച്ചാ ഇയ്യാൾ ഇവിടെവന്നു് എന്റെ സ്നേഹിത നായിച്ചേർന്നു. ഇന്നു പകലും ഇവിടെ വന്നിരുന്നു. നാടകം കാണാൻ പോകണമെന്നും പറഞ്ഞു പോയതും ഇയാളുടെ വീട്ടിൽ കള്ളൻ കയറിയെന്നു വൃഥാ പറഞ്ഞു ണ്ടാക്കിയതും കൈത്തെട്ടിപ്പായിരുന്നല്ലോ. കഷ്ടം! ഇങ്ങി നെയുള്ളൊരു ദുഷ്ടനെ ഞാൻ ചങ്ങാതിയാക്കിയല്ലോ എന്നു പറഞ്ഞു. അതിനു യോശുവാ എന്റെ കുഞ്ഞേ, നീയല്ലാതെ വല്ലവരും ഇവനെ കൂട്ടപിടിക്കുമോ. ഇവൻ

മുമ്പൊക്കെ വീട്ടിൽ വന്നിരുന്നു. ഇപ്പോൾ കുറേ നാളായിട്ട് ഇവൻ വീട്ടിൽ കയറിക്കൂടെന്നു ഞാൻ ചട്ടംവെച്ചിരിക്കുകയാണ്. ഇവൻെറ സ്വഭാവം വളരെ ചീത്തയാണെന്നു എനിക്കു ബോദ്ധ്യംവന്നിട്ടാണ്, ഞാൻ ഇവനെ വീട്ടിൽ കയററാത്തതു് .....ഇനി എന്താ ചെയ്യുന്നതു്.

ഇതൊക്കെ കണ്ടും കേട്ടുംകൊണ്ടു് ഇവരുടെ പിന്നാലെ വന്ന പോലീസുകാരൻ മുററത്തു നില്ക്കുകയായിരുന്നു ഒരു ക്രിസ്ത്യാനിയായിരുന്ന ഈ പോലീസുകാരൻ ഉടനെ അകത്തുകയറി എല്ലാം സൂക്ഷിച്ചു കണ്ടുംവെച്ചു് ഈ തങ്കമ്മയുടെ നേരുകൊണ്ടാണു് ഞാനും നിങ്ങളുടെ പുറകേ ഓടിവരാനും സംഗതികളൊക്കെ കാണാനും കേൾക്കാനും ഇടയായതു്. അതുകൊണ്ടു ഇവൻ ചാകുന്നതിനു മുൻപു് എത്രയും വേഗത്തിൽ ഇവൻെറ മൊഴി വാങ്ങണം എന്നു പറകയും കടലാസും മഷിയും തൂവലും എടുത്തുകൊണ്ടു് ഒരു കസേരയിൽ ഇരിക്കുകയും ചെയ്തു. അതിൻെറ ശേഷം പോലീസുകാരൻ മരിക്കാറായിക്കിടക്കുന്ന പോത്തനോടു് എടോ വേഗം സംഗതികളൊക്കെ സത്യമായി പറഞ്ഞേക്കു എന്നുപറഞ്ഞു. ഇതിനു പോത്തൻ ഞരങ്ങിക്കൊണ്ടു് സംഗതികളൊക്കെ തങ്കമ്മതന്നെ പറയട്ടെ. എന്നു തങ്കമ്മ രണ്ടു വെട്ടി. ഇതുകൂടാതെ എനിക്കൊന്നും പറയാനില്ല എന്നു പറഞ്ഞു. എടോ! താനെല്ലാ സംഗതികളും സത്യമായി പറഞ്ഞുംവച്ചു ചാകെടോ എന്നു വീണ്ടും പോലീസുകാരൻ പറഞ്ഞു. അതിനു പോത്തൻ യോശുവാ ജ്യേഷ്ഠനെ ഇവിടെനിന്നു മാററിയാൽ സത്യമൊക്കെ ബോധിപ്പിക്കാമെന്നു പയ്യെ പറഞ്ഞു......അപ്പോൾ പോലീസുകാരൻ വിസിൽ എടുത്തൂതി. തൻെറകൂടെ കൊച്ചുപറമ്പിൽ കയറിയ കള്ളനെ പിടിക്കാനായി വന്നിരുന്ന മററു രണ്ടു പോലീസുകാരും വീസിൽകേട്ടു് കള്ളനെ കണ്ടുകിട്ടിയെ

ന്നു വിചാരിച്ചു് ഓടി പുത്തൻവീട്ടിൽ എത്തിയപ്പോൾ അവരും ഈ സംഭവമൊക്കെ കണ്ടു വിസ്മയിച്ചു. ഒന്നാം പോലീസുകാരൻ യോശുവായോടു്—"യോശുവാജ്യേഷ്ഠാ! ഇയ്യാൾ ഒരു ക്രിസ്ത്യാനിയായിരിക്കുന്ന സ്ഥിതിക്കു് ഇയ്യാൾക്കു് അന്ത്യകൂദാശകൾ കൊടുപ്പിക്കണം. അതിനു് താനും ഈ പോലീസുകാരിൽ ഒരാളുംകൂടി നില്ക്കു: പുറത്തു പള്ളിയിലേക്കു പോയി വേഗം നമ്മുടെ വികാരി അച്ചനെ ഇവിടെ കൂട്ടിക്കൊണ്ടുവരണം" എന്നുപറഞ്ഞു. യോശുവാ അതു സമ്മതിച്ചു് പോലീസുകാരൻ ഒരുമിച്ചു പള്ളിയിലേക്കു പോയി.

വീണ്ടും നമ്മുടെ പോലീസുകാരൻ പോത്തനോടു് എടോ യോശുവാജ്യേഷ്ഠനെ ഞാൻ പള്ളിയിലേക്കു പറഞ്ഞയച്ചു. ഇനി സത്യമൊക്കെ പറഞ്ഞേക്കു. വേഗമാകട്ടെ താൻ ഒരു ക്രിസ്ത്യാനിയല്ലേ. ഇപ്പോഴെങ്കിലും മനസ്സു തിരിഞ്ഞില്ലെങ്കിൽ തന്റെ ആത്മാവു നിത്യനരകത്തിൽ പോകും. അതുകൊണ്ടു സംഗതികൾ വാസ്തവമായി എന്നോടു പറയൂ. ഇതിന്റെ ശേഷം അച്ചൻ വരുമ്പോൾ ഒരു നല്ല കുമ്പസാരവും ചെയ്യു ഇപ്പോഴേ എല്ലാം പറഞ്ഞെച്ചാൽ യോശുവാജ്യേഷ്ഠൻ ഒന്നും കേൾക്കയില്ല എന്നുപറഞ്ഞു. ഇതുകേട്ടു പോത്തൻ എന്റെ യജമാനനേ, ഞാൻ ഏതായാലും ചത്തുപോകും. അതുകൊണ്ടു സത്യം പറഞ്ഞാൽ എനിക്കൊന്നും വരാനില്ലല്ലൊ. ദയവുണ്ടായി ഞാൻ പറയുന്ന ഈ സംഗതികൾ വെളിപ്പെടുത്തരുതേ. എന്റെ സ്നേഹിതനായ പൊന്നപ്പാ! നീ സാക്ഷാൽ പൊന്നപ്പനും നിന്റെ ഭാര്യ തങ്കമ്മ സാക്ഷാൽ തങ്കമ്മയും തന്നെ. എന്റെ വീട്ടിൽ കള്ളൻ കയറിയതു സത്യമെന്നുറച്ചു് ഉടനെ എടുത്തോടിയ ശുദ്ധഗതിക്കാരനായ നിന്നോടു ഞാൻ ചെയ്ത ഈ മഹാപാതകത്തിനു് ഏതു നരകത്തിൽ കൊണ്ടുതരിച്ചാൽ മതിയാകും. എനിക്കു പലപ്പോഴും

പലഹാരങ്ങളും ദോഷവും മററും തന്ന എൻെറ പൊന്നു തങ്കമ്മേ! ദുഷ്ടനും നന്ദിഹീനനുമായ ഞാൻ നിന്നെ കൊല്ലാൻ ഉദ്യമിച്ചതു് എത്രയോ വലിയ പാപമാകുന്നു എന്നു കരഞ്ഞുംകൊണ്ടു പറഞ്ഞു. ഇത്രയും കേട്ടപ്പോൾ പൊന്നപ്പനും തങ്കമ്മയും പോലീസുകാരും കൂട്ടം കരഞ്ഞു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഇതിൻെറ ശേഷം പോലീസുകാരിൽ ഒന്നാമൻ ഇവൻെറ അടുക്കലേക്കു മാറിയിരുന്നുകൊണ്ടു് എൻെറ ചങ്ങാതി വ്യസനിക്കേണ്ടാ എല്ലാം പറയൂ എന്നും, മറേറ പോലീസുകാരൻ സർവ്വശക്തനായ ദൈവം താൻ ചെയ്ത ഈ കുററത്തിനു മാപ്പുതരുമെന്നും പറഞ്ഞു.

പോത്തൻ:—എൻെറ യജമാനന്മാരെ! യോശുവാജ്യേഷ്ഠൻെറ പുനർവിവാഹാനന്തരം അയാളുടെ ഭാര്യയായ ഏലിയാമ്മയോടു ഞാൻ സ്നേഹമായി. ഇതേപ്പററി യോശുവാജ്യേഷ്ഠനു ചില സംശയങ്ങൾ തോന്നിയതിനാലോ എന്തോ ഞാൻ പഴവീട്ടിൽ കയറിക്കൂടായെന്നു് അയാൾ ശട്ടംകെട്ടി. അതിൽപിന്നെ ഞാൻ യോശുവാജ്യേഷ്ഠനുള്ളപ്പോൾ പകൽസമയം പഴവീട്ടിൽ ചെന്നിട്ടില്ല. മിക്ക രാത്രികളിലും അവിടെ ചെല്ലും. എനിക്കു് ഏലിയാമ്മയോടു് എൻെറ ഭാര്യയെക്കാൾ സ്നേഹമാണു്. അവൾ പറയുന്നതിനു മറിച്ചു് ഞാൻ പ്രവർത്തിക്കയില്ല. അവളുടെ ഉപദേശപ്രകാരം ഞാൻ ഈ പാവപ്പെട്ട തങ്കമ്മയോടു് എന്തെല്ലാം ദ്രോഹങ്ങൾ ചെയ്തു. എല്ലാം പറയാൻ എനിക്കു പാടില്ല. ചുരുക്കിപ്പറഞ്ഞാൽ ഒരു കള്ളപ്പരസ്യം എഴുതി ഈ തങ്കമ്മ പഴവീട്ടിലായിരുന്നപ്പോൾ ഇവളുടെ ശയനമുറിവാതുക്കൽ പതിച്ചു. കുറേനാൾ കഴിഞ്ഞപ്പോൾ അഞ്ചു രൂപാ കൊടുത്തു് പാഷാണം വാങ്ങി ഏലിയാമ്മയുടെ കയ്യിൽ കൊണ്ടുകൊടുത്തിട്ടു് അതു പലഹാരത്തിൽ ചേർത്തു് ഈ തങ്കമ്മയ്ക്കും എൻെറ നല്ല സ്നേഹിതനായ പൊന്നപ്പനും കൊണ്ടുകൊടുക്കാൻ ഞാൻ

ഏലിയാമ്മയോടു ശട്ടംകെട്ടി. അതിൽപിന്നെ ഞാൻ ചെയ്ത ക്രൂരകൃത്യങ്ങൾ ഇതൊക്കെത്തന്നെയാണു്......... ഞാൻ ഈ സാധുക്കളോടു ചെയ്ത ദ്രോഹങ്ങൾക്കു് എനിക്കു നരകമല്ലാതെ എന്താണുള്ളതു്, എന്നു പോത്തൻ വളരെ വിമ്മിഷ്ടത്തോടുകൂടി പറഞ്ഞു. ഈ പറഞ്ഞ മൊഴി വിടാതെ ഒന്നാം പോലീസുകാരൻ മുഴുവനും കടലാസിലെഴുതി.

പൊന്നപ്പൻ പൊട്ടിക്കരഞ്ഞുകൊണ്ടു്, കഷ്ടം! ഇവൻെറ സംഭാഷണമാണല്ലോ ഞാൻ ആ രാത്രിയിൽ പഴവീട്ടിൻെറ മററത്തു പോയി നിന്നുകൊണ്ടു കേട്ടതു്. അപ്പോൾ (സ്വരം കേട്ടു്) ആരും മനസ്സിലായിരുന്നെങ്കിൽ ഈ ദുഷ്ടനെ ഞാൻ സ്നേഹിക്കുമായിരുന്നോ? കഷ്ടം! എനിക്കു് ഇത്തരം മഠത്തരം പററിയല്ലോ എന്നുപറഞ്ഞു.

ഇതിൻെറശേഷം ബാക്കിയുള്ള വത്തമാനങ്ങൾകൂടി പറയുന്നതിനു് ആ പോലീസുകാരൻ പോത്തനെ നിർബ്ബന്ധിച്ചപ്പോൾ അയാൾ വീണ്ടും പറഞ്ഞു. എൻെറ പൊന്നെജമാനനേ! ഞാൻ നാടകം കാണാൻ പോകുന്നെന്നു് ഇന്നലെ പകൽ പന്ത്രണ്ടുമണിയോടുകൂടി എൻെറ ഈ സ്നേഹിതനോടു പറഞ്ഞുംവച്ചു് എൻെറ വീട്ടിലെത്തി. ഭാര്യയോടും കുട്ടികളോടും ഇന്നു രാത്രി പതിനൊന്നു മണിയോടുകൂടി കള്ളൻ കയറിയെന്നുപറഞ്ഞു് ഉറക്കെ നിലവിളിക്കണമെന്നു ശട്ടംകെട്ടുകയുംചെയ്തു. ഇതുകൂടാതെ എൻെറ വീട്ടിലുണ്ടായിരുന്ന തട്ടുമുട്ടുസാമാനങ്ങൾ എടുത്തു് എൻെറ ഒരു സ്നേഹിതനായ അന്തയുടെവീട്ടിൽ അറയ്ക്കകത്തു കൊണ്ടുവയ്ക്കുകയും എൻെറ പുരയുടെ തെക്കുവശത്തു് ഇടിഞ്ഞുകിടന്ന കുറെ കല്ലുകൾ പൊളിച്ചു് ഒരു ദ്വാരം ഉണ്ടാക്കുകയും മററും ചെയ്തുംവച്ചു് എൻെറ ഭാര്യയോടു് അത്താഴം വാങ്ങി ഊണുകഴിഞ്ഞു് ഞാൻ കുറെ താമസിച്ചേ വരികയുള്ളൂ, പതിനൊന്നു മണിയോടുകൂടി

ഞാൻ മുൻപറഞ്ഞതുപോലെ നിങ്ങൾ ചെയ്യാൻ മറന്നുപോകരുതെന്നു ശട്ടംകെട്ടിയുംവെച്ച് എൻെറ പുരയുടെ പടിഞ്ഞാറുവശത്തുനില്ക്കുന്ന പ്ലാവിൻെറ ചുവട്ടിൽ പോയിരുന്നു. ഞാൻ പറഞ്ഞതുപോലെ അവർ നിലവിളിക്കുകയും അതുകേട്ട് എൻെറ സാക്ഷാൽസ്നേഹിതനായ ഈ പൊപ്പന്നനും ഉള്ളിൽ യാതൊരു കളങ്കവും ഇല്ലാത്തവനും പരമാത്ഥിയുമായ യോശുവാജ്യേഷ്ഠനും അവിടെയെത്തുകയുംചെയ്തു. കുറച്ചുനേരംകഴിഞ്ഞു് അവർ ചൂട്ടുകത്തിച്ചു് ചുവട്ടുനോക്കാൻ തുടങ്ങിയപ്പോൾ ഞാൻ അവിടെനിന്നും മാറിനില്ക്കുകയും ഇവർ നിങ്ങളെ വിളിക്കാനായി പുറപ്പെട്ടയുടനെ ഞാൻ നേരേനടന്നു പഴവീട്ടിൽ ചെല്ലുകയുംചെയ്തു. ഏലിയാമ്മയെ കണ്ടു് എൻെറ സൂത്രമൊക്കെ അവളെ മനസ്സിലാക്കി. അവൾ വളരെ സന്തോഷിച്ചുകൊണ്ടു്, എന്നാൽ ഇപ്പോൾ തങ്കമ്മയെ തട്ടാൻ നല്ല തരമാണെന്നു പറഞ്ഞു. അവൾ എനിക്കു കുറെ നല്ല പലഹാരങ്ങളും ഒരു രൂപായുംമററും തന്നു. ആ രൂപയാണ് ഈ എൻെറ കുറിയമുണ്ടിൻെറ അററത്തു കെട്ടിയിട്ടിരിക്കുന്നതു്. ഞാൻ ഇപ്പോൾതന്നെ കാര്യം കഴിച്ചേയ്ക്കാം എന്നു പറഞ്ഞുംവെച്ചു് അവിടെനിന്നു് ഒരുവെട്ടുകത്തിയും വാങ്ങിക്കൊണ്ടു തിരിച്ചുവരുംവഴി രാമൻെറ കള്ളുഷാപ്പിൽ കയറി കുറെ കള്ളുംകുടിച്ചു. അതിൻെറശേഷം ഇവിടെ എത്തി ഞാൻ കൊണ്ടുവന്ന വെട്ടുകത്തിയാണ് ഈ കിടക്കുന്നതു്. ഇവിടെവന്നു്, തങ്കമ്മ മുൻപറഞ്ഞതായ ഈ ക്രൂരകൃത്യങ്ങൾ ഒക്കെ ചെയ്കയും എനിക്കീ ആപത്തുകളൊക്കെ സംഭവിക്കുകയും ചെയ്തു എന്നു പറഞ്ഞു. ഇതും നമ്മുടെ പോലീസുകാരൻ ഒന്നും വിടാതെ എഴുതി. വീണ്ടും പോലീസുകാരൻ, ചങ്ങാതി! അന്തയും ഏലിയാമ്മയുടെ ആലോചനക്കാരനാണോ......ശേഷമുള്ള വത്തമാനങ്ങൾകൂടി പറയൂ എന്നു പറഞ്ഞു.

അതിന്നു പോത്തൻ അന്നതന്നെയല്ല, വേറെ ചിലതുമൊക്കെയുണ്ടു്. ഇനിയുള്ള സംഗതികൾ ഒന്നും ഞാൻ പറയുകയില്ല. അതുകൊണ്ടു് ഞാൻ നരകത്തിൽ പോകുന്നെങ്കിൽ പോകട്ടെ എന്നു തീൎത്തുപറഞ്ഞു ഇതുകേട്ടപ്പോൾ പോലീസുകാരൻ അടുത്തുകൂടി തന്റെ കടലാസിൽ ഇയ്യാളുടെ ഇടത്തുകൈകൊണ്ടു് ഒരു ഒപ്പുമിടുവിച്ചു വീണ്ടും നമ്മുടെപോലീസുകാരൻ ചങ്ങാതി എല്ലാം ഒളിക്കാതെ പറയൂ താൻ ചാകാൻ പോകയല്ലെ. വൃഥാ എന്തിനു വിലതീരാത്ത ആത്മാവിനെ നശിപ്പിക്കുന്നു. അച്ചനിപ്പോൾ വരുമല്ലോ. അപ്പോൾ ഒരു നല്ല കുമ്പസാരവും ചെയ്യുക, എന്നുപറഞ്ഞു. അതിനു പോത്തൻ ആത്മാവു നശിക്കുന്നെങ്കിൽ നശിക്കട്ടെ, ഞാൻനരകത്തിലല്ലാതെ എവിടെ പോകും......അയ്യൊ എന്നെ കൊണ്ടുപോകാനിതാ പിശാചുക്കൾ വന്നുകഴിഞ്ഞു. എന്നൊക്കെ അലറിപ്പറയുകയും ഉടനെ ഭാവം പകൎന്നു് ഏറെ താമസിയാതെ നിൎഭാഗ്യമായി ചാവുകയുംചെയ്തു.

ഈ സമയത്തു നമ്മുടെ തങ്കമ്മയും പൊന്നപ്പനും കൂടി ഈയാളുടെ ആത്മാവു നശിച്ചല്ലോ എന്നു പറഞ്ഞു വാവിട്ടു കരഞ്ഞു. ഈ വാൎത്തകളൊക്കെകേട്ടു് കുറേ അധികദൂരം താമസിക്കുന്ന ചില അയൽവാസികളും പ്രത്യേകിച്ചു് ആ പോത്തന്റെ ഭാൎയ്യയും മററും അവിടെയെത്തി. പോത്തന്റെ ഭാൎയ്യ പതം പറഞ്ഞു കരയാൻ തുടങ്ങി എന്റെ കുഞ്ഞുങ്ങളെ, അവിടെ കൂടിയ ആളുകളുടെ പ്രലപവു ആശ്ചൎയ്യവും മററും ഏതുപ്രകാരമായിരുന്നെന്നു് എനിക്കു പറഞ്ഞറിയിക്കാൻ അസാദ്ധ്യം എന്നു പറഞ്ഞുംവെച്ചു് അബ്രാഹംവാദ്ധ്യാർ കഥ പറയുന്നതു നിൎത്തി.

കൊച്ചുമാത്തൻ:—അപ്പച്ചാ, പിന്നെ എന്തായി.........ശേഷംകൂടി പറയണമേ.

കൊച്ചന്നാമ്മ:—അപ്പച്ചാ, എന്നോടൊരിക്കൽ പ്രിയമുണ്ടെങ്കിൽ ഇതിൻെറ ശേഷംകൂടി ഇപ്പോൾതന്നെ പറയണേ.

മേരി:—പ്രിയകാന്താ, ഇതിൻെറ ശേഷംകൂടി പറഞ്ഞ് അവ സാനിപ്പിക്കുക. കുട്ടികളുടെ ഈ നിർബന്ധം നമ്മൾ സാധിച്ചുകൊടുക്കണം. അല്ലെങ്കിൽ ഇവരിതോത്തു ഇന്നുറങ്ങുകയില്ല

അബ്രാഹം:—എന്നാൽ കേട്ടോളൂ എന്നുപറഞ്ഞും കൊണ്ടു വീണ്ടും കഥ തുടച്ചയായി പറയുന്നു.

"എൻെറ കുഞ്ഞുങ്ങളെ! അവരീപ്രലാപനാടകത്തിൽ കിടന്നു വലയുന്ന സമയത്തു നിക്ലാപുരത്തു പള്ളിയുടെ ബ: വികാരി അച്ചനവർകളും യോശുവായും പോലീസുകാരനും അവിടെ വന്നു കയറി. നേരവും പ്രഭാതമായി. ആ സമയത്തെ ആ വീട്ടിലെ ആൾക്കൂട്ടവും ബഹളവും ഒന്നു കാണേണ്ടതുതന്നെയായിരുന്നു. വികാരിഅച്ചനെ കണ്ടപ്പോൾ സകലരും ആചാരംചെയ്തു നിശബ്ദരായി നിന്നു. ആ പട്ടക്കാരൻ ഒരു കസേരയിൽ ഇരുന്നിട്ട് പോലീസ്സുകാരൻെറ കയ്യിൽ ഇരുന്ന മഹസ്സർ വാങ്ങിവായിച്ചുനോക്കി. വിഷംചേർത്ത പലഹാരത്തിൻെറ കഥ തങ്കമ്മയിൽനിന്നും പൊന്നപ്പനിൽ നിന്നും മുൻപു കേട്ടിരുന്നെങ്കിലും അതു് അദ്ദേഹം വിശ്വസിച്ചിട്ടില്ലായിരുന്നു. ഈ മഹസ്സർ കണ്ടപ്പോൾ താൻ പൂർണ്ണമായി വിശ്വസിച്ചു എന്നുള്ളതു്, അദ്ദേഹം അതു വായിച്ചുതീർന്നതിൻെറ ശേഷം എല്ലാരോടുമായി പറഞ്ഞതായ "ഞാൻ മാർതോമാശ്ലീഹായെപ്പോലെ ഇപ്പോൾ വിശ്വസിച്ചിരിക്കുന്നു" എന്ന വാക്യമാണു്. ഇതിൻെറശേഷം അദ്ദേഹം യോശുവായെ വിളിച്ചു് ഈ മഹസ്സർ കാണിച്ചു. യോശുവാ ഇതു വായിച്ചു നോക്കിയിട്ടു്, കൊള്ളാം ഈ ദുഷ്ടൻ എന്നെ കഴുവിൽ ഏററാനുള്ള പണി ഒപ്പിച്ചിട്ടാണോ

ഷത്തു്, എന്നുപറകയും അപ്പനോടു് കരഞ്ഞുംകൊണ്ടു് എന്റെ അപ്പാ! ഈ പോത്തൻ എന്റെ വീട്ടിൽ കയറീട്ടു മൂന്നുനാലു വഷത്തോളമായി. ഇവനെന്റെ ഭാൎയ്യയോടു സ്നേഹമാണെന്നുംമററും പറഞ്ഞിരിക്കുന്നതു് വെറും കള്ളമാണു്. എന്റെ ഭാൎയ്യ ഒരു സാധുവാണു്. അവൾക്കു് ഒരു ചീത്തവാക്കുകൂടി പറയാനറിഞ്ഞുകൂടാ. അവളെന്റെ ഓമനമകളായ ഈ തങ്കമ്മയോടു് ഇങ്ങനെ ചെയ്യുമോ? ഇതിലെഴുതിയിരിക്കുന്നതൊക്കെ വെറും കള്ളമാണു്. ഒരിക്കലും ഞാനിതു സമ്മതിക്കയില്ല. അല്ലെങ്കിൽ അപ്പൻ ഇപ്പോൾതന്നെ എന്റെ ഭാൎയ്യയെ വിളിച്ചു ചോദിച്ചാട്ടെ. ഞാനിവനെ എന്റെ വീട്ടിൽ കയററാത്ത രാഗദ്വേഷമാണു് ഇവനീ പറഞ്ഞൊപ്പിച്ചിരിക്കുന്നതു്. അല്ലെങ്കിൽ ഇതൊക്കെ ഈ പൊന്നപ്പൻ കൈക്കൂലികൊടുത്തു് ഈ പോലീസ്സുകാരെക്കൊണ്ടു് എഴുതിച്ചതായിരിക്കും. ഇവനെന്നെക്കൊണ്ടു കഴുവിൽ കയററീട്ടു വേണം സ്വത്തുക്കളൊക്കെ കൈക്കലാക്കാനും പഴവീട്ടിൽനിന്നും ആ പാവപ്പെട്ട കുഞ്ഞുങ്ങളെ തല്ലി ഓടിക്കാനും....അതൊ ഇതൊക്കെ എന്റെ മകൾ തങ്കമ്മയുടെ സൂത്രമോ....എന്തെങ്കിലും കൊള്ളാം എന്റെ കാലക്കേടുതന്നെ....എന്തു ചെയ്യാം എന്നു് പറഞ്ഞു.

അഛൻ:— എന്റെ യോഗ്യവാച്ഛേഷ്ടാ, എന്തെങ്കിലും, കാൎയ്യം അബദ്ധമായി. പൊന്നപ്പനും തങ്കമ്മയും തന്റെ മരുമകനും മകളുമല്ലയോ. ഇവർ ഇങ്ങനെ എഴുതിക്കുമെന്നു ഞാൻ വിശ്വസിക്കയില്ല....ഇതിനു വല്ല നിവൃത്തിയും ചെയ്യേണ്ടതത്യാവശ്യമാണു്. അല്ലെങ്കിൽ അബദ്ധമുണ്ടു് എന്നുപറഞ്ഞു. അതിനു യോഗ്യവാ എന്നാൽ പോത്തനെന്റെ ഭാൎയ്യയെപ്പററി പറഞ്ഞിരിക്കുന്നതെല്ലാം കള്ളമാണു്. ശേഷമൊക്കെ വാസ്തവമായിരിക്കും. ഈ മഹസ്സർമാറി തങ്കമ്മ പറഞ്ഞ മൊഴിക്കനുസരണമായി എഴുതി ഇവന്റെ ശവം ആശുപത്രിയിൽ അയച്ചു പരിശോ

ധിപ്പിച്ചു് ഇവനെ കഴിച്ചുമൂടണം എന്നുപറഞ്ഞു. അതിനൊന്നാംപോലീസ്സുകാരൻ ദേഷ്യപ്പെട്ടുകൊണ്ടു്, തന്റെ ഇഷ്ടം പോലെ മഹസ്സർ മാറി എഴുതാൻ ഞങ്ങൾക്കു മനസ്സില്ലെങ്കിലോ എന്നു ചോദിച്ചു. അപ്പോൾ യോശുവാ യജമാനന്മാരെ, നിങ്ങളെക്കൂടി ഞാനൊന്നോക്കാമെ എന്നു പറഞ്ഞു. അതിനു് ഒന്നാംപോലീസ്സുകാരൻ എന്നാലെടൊ സാരമില്ലാതാക്കാം. അല്ലെങ്കിലിതു കൊലപാതകക്കേസ്സാണെന്നു നല്ല ഓർമ്മവേണം. സംഗതികളെല്ലാക്കെ ഞങ്ങൾക്കു വാസ്തവമായറിയാം. ഇതിനൊക്കെ സാക്ഷി ഞങ്ങൾതന്നെയാണു് എന്നുപറഞ്ഞു. അപ്പോൾ യോശുവാ അച്ചനോടു് അച്ചാ! കാര്യമൊക്കെ അബദ്ധമായി ഞാൻ വീട്ടിലേക്കു ഒന്നു ചെന്നേച്ചുവരട്ടെ. മഹസ്സർ മാറി എഴുതേണ്ടതു അത്യാവശ്യമാണു്. കാര്യം ഒന്നും വാസ്തവമല്ലെങ്കിലും ചാകാൻ പോയ ഈ ദുഷ്ടന്റെ മൊഴിയെ സർക്കാർ ഗൌനിക്കാതിരിക്കയില്ല എന്നു പറഞ്ഞു വീട്ടിലേക്കു ഓടിപ്പോയി.

ആ സമയം അച്ചനെല്ലാവരോടുമായി താഴെ പറയുന്നതുപോലെ ഒരു ചെറിയ പ്രസംഗംചെയ്തു. "നമ്മുടെ യോശുവാജ്യേഷ്ഠൻ സാധുവും പരമാർത്ഥിയും ആണു്. അയാളുടെ രണ്ടാംഭാര്യ ഒരുത്തിയുടെ ജോലിയാണു് ഇതൊക്കെ. അവൾ മഹാദുഷ്ടയാണു്. കഷ്ടം! ഇതുപോലെ എത്ര കുടുംബങ്ങൾ ഇളയമ്മമാർ (ദ്വിതീയമാതാക്കൾ) മൂലം അത്യാപത്തിൽ അകപ്പെട്ടിരിക്കുന്നു. എന്റെ ഈ ഇടവകയിൽതന്നെ ഈയിടെ ഒരുത്തിമൂലം തന്റെ ഏകമകനായി വിവാഹം ചെയ്ത ഒരു യുവാവിനെ അവന്റെ അപ്പൻ വിഷംകൊടുത്തുകൊന്നു. വേറെ ഒരു വീട്ടിൽ ഒരു ഇളയമ്മ മുൻപിലത്തെ കെട്ടിലെ ഒരു മകളുടെ മുഖത്തു കൈകൊണ്ടൊരു കുത്തുകുത്തി. ആ കുട്ടിയുടെ ചുണ്ടു പൊട്ടിപ്പോയി. ആ വ്രണം ഇതേവരെ കരിഞ്ഞിട്ടില്ല. മുൻപിലത്തെ കെട്ടിലെ ഏകമകനായ ഒരുത്തൻ

തന്റെ രണ്ടാമമ്മയുടെ ഉപദ്രവം സഹിക്കവഹിയാഞ്ഞു അവന്റെ ഭാൎയ്യയേയും കൂട്ടിക്കൊണ്ടു് രാത്രി എവിടേക്കോ പൊയ്ക്കളഞ്ഞു. ഇതേവരെ അവരെ കണ്ടിട്ടില്ല.. ..കഷ്ടം! ഇത്തരം ഇളയമ്മപ്പോരു ഞാൻ കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല. മുമ്പു ജ്ഞാനസൌന്ദൎയ്യം എന്ന രാജകുമാരിയെ കൊല്ലാനായി കാട്ടിൽ കൊടുത്തയച്ചിട്ടു് ഇവളെ കൊന്നു കൈ രണ്ടും വെട്ടി എന്റെ മുമ്പാകെ കൊണ്ടുവരണമെന്നു ശട്ടംകെട്ടിവിട്ടതും ഒരു മഹാരാജാവിന്റെ രണ്ടാം ഭാൎയ്യയായ ഒരുത്തിയല്ലേ കഷ്ടം! ഇങ്ങനെ എത്രയോ ക്രിസ്ത്യാനികുടുംബങ്ങൾ നശിക്കുന്നു. ആയിരത്തിനു് ഒന്നെങ്കിലും സുശീലയായി കാണാൻ പ്രയാസമാണു്. അഥവാ അങ്ങിനെ കണ്ടാൽ ആ കുടുംബത്തിലെ ഐശ്വൎയ്യം എത്രപ്രകാരമായിരിക്കുമെന്നു ഞാൻ പറയാതെ അറിയാമല്ലോ. മുൻപിലത്തെ കെട്ടിൽ മക്കളുള്ളവർ മക്കളെ ഉപേക്ഷിച്ചുംവച്ചോ മററുവല്ലവരുടെയും സംരക്ഷണയിൽ ആക്കിയുംവച്ചോ രണ്ടാമതു വിവാഹംചെയ്യുന്നതു നന്നായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. ഞാൻ പലേടത്തും ഇളയമ്മപ്പോരു് സംബന്ധിച്ചു പല സംഭവങ്ങളും കണ്ടിട്ടുള്ളതുകൊണ്ടു മുൻപിലത്തെ കെട്ടിലെ തള്ളയില്ലാത്ത കുഞ്ഞുങ്ങളെ കാണപ്പെട്ട പിശാചുക്കളായ ഈ ദുഷ്ടകളുടെ സംരക്ഷണയിൽ ആക്കുന്നതിനേക്കാൾ നല്ലതു് ഈ കുട്ടികളെ കൊന്നുകളഞ്ഞുംവച്ചു രണ്ടാമതു വിവാഹംചെയ്യുന്നതായിരിക്കുമെന്നു പറയുന്നതിനും എനിക്കു ധൈൎയ്യം തോന്നിപ്പോകുന്നു.....ഈ തങ്കമ്മ എത്രയോ വാത്സല്യത്തോടുകൂടി വളൎത്തപ്പെട്ടവളോ സാധുപ്പെണ്ണു്. ഇവളെ ഏതെല്ലാംവിധത്തിൽ ഏലിയാമ്മയെന്ന ഈ ഇളയമ്മ കഷ്ടപ്പെടുത്തുന്നു." ഇത്രയും പറഞ്ഞു് അവൻ നിൎത്തി. അപ്പോൾ ഒന്നാം പോലീസുകാരൻ അവനോടു് അഹോ! ഈ സാധുക്കളായ തങ്കമ്മ, പൊന്നപ്പൻ എന്ന ഈ ദമ്പതിമാൎക്കു് ദൈവം വളരെ സഹായ

ണ്ടു്. അതിനു ഈ മഹസ്സർതന്നെ സാക്ഷിയാണു്. അതുകൊണ്ടു സത്യമായ ഈ മഹസ്സർ അഛന്റെ കയ്യിൽതന്നെയിരിക്കട്ടെ എന്നു പറഞ്ഞു മഹസ്സർ അദ്ദേഹത്തെ ഏല്പിച്ചു.

ഈ സമയത്തു നമ്മുടെ യോശുവാ പണം നിറച്ചുകെട്ടിയ ഒരു മടിശീലയോടുകൂടി ബദ്ധപ്പെട്ടു് ഓടി അവിടെ എത്തി. മടിശീലയോടുകൂടി ഒന്നാംപോലീസുകാരൻ വശം കൊടുത്തുംവച്ചു്, ഇനി എന്താ ഞാൻ പറയുന്നതുപോലെ ഒക്കെ എഴുതാമോ എന്നു ചോദിച്ചു. ഉടനെ പോലീസുകാരൻ മടിശീല അഴിച്ചു രൂപാ എണ്ണിനോക്കീട്ടു ഇതു അഞ്ഞൂറേ ഉള്ളല്ലോ. കൊള്ളാം; ഇതൊരു കൊലക്കേസ്സല്ലേ? ഇതു മതിയോ എന്നു ചോദിച്ചു. അതിനു യോശുവാ ഇപ്പോൾ ഇത്രയേയുള്ളു. ഇതു ഞാൻ ചത്താലും മറക്കയില്ല. ഇനിയും ഞാൻ വല്ലതും ചെയ്യുന്നതിനു മടിയുള്ളവനല്ല എന്നു പറഞ്ഞു. അപ്പോളൊന്നാംപോലീസുകാരൻ ആകട്ടെ നമ്മുടെ യോശുവാശ്ലേഷ്യനല്ലേ. അയാളെക്കൊണ്ടു് ഇതിനുമുമ്പും ചില ഉപകാരങ്ങൾ ഉണ്ടായിട്ടുണ്ടല്ലോ. ഇനി അയാൾ ഇതു മറക്കുന്നവനല്ല എന്നു പറഞ്ഞു; വച്ചു് യോശുവായെ അടുക്കൽ വിളിച്ചു് അയാളുടെ അനുഗ്രഹംപോലെ മഹസ്സർ വേറെ ഒരു കടലാസ്സിൽ മാറിയെഴുതി പോത്തന്റെ ഒപ്പുപോലെ ഒരു കള്ളഒപ്പും ഇട്ടു തങ്കമ്മയുടെ മൊഴിയും ഇതിനനുസരണമായി എഴുതി തങ്കമ്മയെക്കൊണ്ടു് ഒപ്പുമിടുവിച്ചു. ആ മഹസ്സറിന്റെ ചുരുക്കം പോത്തൻ വന്നു ഭിത്തി വെട്ടിപ്പൊളിച്ചെന്നും തങ്കമ്മ പോത്തനെ രണ്ടുപ്രാവശ്യം വെട്ടിയെന്നും മററുമായിരുന്നു...... ഇതിന്റെശേഷം പോത്തന്റെ മൃതശരീരം ആശുപത്രിയിലേയ്ക്കു് അയയ്ക്കുകയും തങ്കമ്മ പൊന്നപ്പൻ യോശുവാ ഇവരുടെ പേൎക്കു നിക്ലാപുരത്തു പള്ളിയുടെ വികാരിഅച്ചന്റെ ജാമ്യച്ചീട്ടു എഴുതി വാങ്ങിക്കുകയും ചെയ്തുകൊണ്ടു

പോലീസുകാർ കച്ചേരിയിലേയ്ക്കും അച്ഛൻ പള്ളിയിലേയ്ക്കും അവിടെ കൂടിയിരുന്നവർ അവരവരുടെ വസതികളിലേയ്ക്കുംപോയി. തങ്കമ്മയുടെ പ്രസവം കഴിഞ്ഞ അറുപതാംദിവസം അവിടത്തെ മജിസ്രേട്ടവർകളുടെ നോട്ടീസ്സ് കിട്ടിയതിനാൽ തങ്കമ്മ പൊന്നപ്പൻ യോശുവാ മുതലായവർ കച്ചേരിയിൽ ഹാജരായി. മജിസ്രേട്ടവർകൾ അന്നുതന്നെ കേസ്സ് വിസ്തരിച്ച് എല്ലാവരേയും വൃഥാ വിട്ടു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. തങ്കമ്മയും പൊന്നപ്പനും തങ്ങളുടെ വീട്ടിലേക്കു പോന്നു. യോശുവായും പഴവീട്ടിൽ ചെന്ന് ഈ സംഗതികളൊക്കെ ഏലിയാമ്മയോടു പറഞ്ഞു. ഇങ്ങനെ യോശുവായും ഏലിയാമ്മയും കുട്ടികളും പഴവീട്ടിലും നമ്മുടെ തങ്കമ്മയും പൊന്നപ്പനും കൊച്ചുയോശുവായും ഇളയകുട്ടിയും പുത്തൻവീട്ടിലും താമസിക്കുന്നു.

ഇതിന്റെ ശേഷം നാളെപ്പറയാം. കുഞ്ഞുങ്ങളെ നേരംവെളുപ്പാൻകാലമായി എന്നു തോന്നുന്നു. എന്നു പറഞ്ഞുംവച്ച് അബ്രാഹംവാദ്ധ്യാർ നിർത്തി.

കൊച്ചുമാത്തൻ —അപ്പച്ചാ, ഒന്നാംതരം കഥ. അയ്യോ! ആ പാവപ്പെട്ട തങ്കമ്മ നല്ല ധൈര്യമുള്ള തങ്കമ്മ. ഈ തങ്കമ്മയെ ഇങ്ങനെ കഷ്ടപ്പെടുത്തിയല്ലോ. ദൈവമെ! ആ ഏലിയാമ്മയുടെ തലയിൽ ഇടിത്തീവീഴണമേ!

കൊച്ചന്നാമ്മ:—അപ്പച്ചാ, ഇനി കഥ എത്രദിവസംകൊണ്ട് അവസാനിക്കും.

അബ്രാഹം:—ഇനി രണ്ടുദിവസംകൊണ്ടവസാനിക്കും. ചുരുക്കി നാളെത്തന്നെ പറഞ്ഞുതീർത്തേക്കാം. നിങ്ങൾക്ക് ഇന്നു തന്നിരിക്കുന്ന പാട്ടു നാളെത്തന്നെ പഠിക്കണം. വേറെ ഒരു പുസ്തകവും നാളെ വായിക്കേണ്ട. പാട്ടു പള്ളിയിൽനിന്നു വന്നാലുടൻ പഠിക്കാൻ തുടങ്ങണം.

പാട്ടു പഠിച്ചുതീൎന്നിട്ടു് വേദപാഠംകൂടി വായിച്ചാൽ മതി. രാവിലെ പള്ളിയിൽ പോകണം. നാളെ ഞായറാഴ്ചതന്നെയല്ല നമ്മുടെ ഈ പള്ളിയിൽ ദേവമാതാവിന്റെ ഒരു തിരുനാൾകൂടിയാണു്. എല്ലാവരും കുമ്പസാരിച്ചു് ശുദ്ധകുർബ്ബാനയും കയ്ക്കൊള്ളണമെന്നു പറഞ്ഞുംവെച്ചു് കുട്ടികളെ തന്റെ രക്ഷാവശത്തുമായി കിടത്തിയുംകൊണ്ടുറങ്ങി. മേരി എഴുന്നേററു മുട്ടുകുത്തി രഹസ്യപ്രാൎത്ഥന കഴിച്ചുംവച്ചു് എന്റെ ദൈവമേ! നീ എന്നെ കാത്തുരക്ഷിച്ചതിനും ഇനി കാത്തുപരിപാലിക്കുന്നതിനുമായി ഞാൻ നന്ദിപറകയും നിന്നെ സ്തുതിക്കുകയും ചെയ്തുകൊള്ളുന്നു. എന്നു വിശേഷാൽ പ്രാൎത്ഥിച്ചുംവച്ചു് ആ ചാരുകസ്സേരയിൽത്തന്നെ കിടന്നുറങ്ങി.

## നാലാം അദ്ധ്യായം.

നാലാംദിവസം (ഞായറാഴ്ച) നേരം പ്രഭാതമായി. കാക്കകൾ ക്രാ ക്രാ എന്നു ശബ്ദിക്കുന്നു. പൂവൻകോഴികൾ അവിടവിടെയായി കൂകുന്നു. കുയിൽ മുതലായ പക്ഷികൾ ദൈവത്തെ സ്തുതിക്കുന്നോ എന്നു തോന്നുമാറു് ആനന്ദമായി പാടുന്നു. നമ്മുടെ കൊച്ചന്നാമ്മയും കൊച്ചുമാത്തനും ഈ കുയിൽനാദങ്ങളെ തോല്പിക്കുമാറു പാടി ഈശപ്രസ്തോത്രം ചെയ്യുന്നു. ഇതുകേട്ടു് അബ്രാഹാമും മേരിയും ഉണൎന്നു് എല്ലാവരുംകൂടി മുട്ടുകുത്തി ഉഷഃകാലജപം ചെയ്തു ശേഷം അബ്രാഹാംവാദ്ധ്യാർ സുവിശേഷപുസ്തകമെടുത്തു് ശുദ്ധ: മത്തായി ഏവൻഗ്ലീസ്സായുടെ സുവിശേഷം രണ്ടാമദ്ധ്യായം വായിക്കുന്നു... ഇതിന്റെശേഷം എല്ലാവരും പുറത്തിറങ്ങി തിരിച്ചുവന്നു പല്ലുതേച്ചു കുളിച്ചു. കുട്ടികളും

മാതാപിതാക്കളും വെള്ളവസ്ത്രങ്ങൾ ധരിച്ചു് ഓരോ ചെറിയ പ്രാൎത്ഥനാപുസ്തകങ്ങളും ഓരോ ജപമാലകളും കയ്യിലെടുത്തുകൊണ്ടു പള്ളിയിലേക്കു പോകുന്നു. അവിടെച്ചെന്നു എല്ലാവരും "ആസ്തപ്പാട്ടു" കൂട്ടി നല്ല കുമ്പസാരം ചെയ്തു ശുദ്ധ: കുർബ്ബാനയും കൈക്കൊണ്ടു് ഭക്തിയായി അന്നത്തെ പാട്ടുപൂജ മുഴുവൻ മുട്ടിന്മേൽ നിന്നുകൊണ്ടുതന്നെ കണ്ടു. ശുദ്ധ: കുർബ്ബാനയുടെ വാഴ്‌വിനും കൂടി. പള്ളിവികാരിയച്ചന്റെ പ്രസംഗം കേട്ടു. ഇതുകഴിഞ്ഞു പള്ളിയിൽ ജപമാല എത്തിച്ചുകൊണ്ടുള്ള ഒരു പ്രദക്ഷിണം ഉണ്ടായിരുന്നു. അതും ഭക്തിയോടുകൂടി കഴിച്ചു. ഇവയെല്ലാം കഴിഞ്ഞു് എല്ലാവരും മടങ്ങി വീട്ടിലെത്തി ഭക്ഷണം തയ്യാറാക്കി അവർ ഭക്ഷിച്ചു. കുട്ടികൾ രണ്ടും പാട്ടുപഠിക്കാൻ തുടങ്ങി. അബ്രാഹംവാദ്ധ്യാർ വേദസംബന്ധമായ പുസ്തകങ്ങൾ എടുത്തു വായിച്ചുകൊണ്ടുതന്നെയിരുന്നു. മേരി വീട്ടുജോലികൾ ചെയ്യുകയും ഇടയ്ക്കിടെ തനിച്ചിരുന്നു ധ്യാനിക്കുകയുംചെയ്തു.

ഇങ്ങനെ നേരം അസ്തമിച്ചപ്പോൾ എല്ലാവരും പതിവുപോലെയുള്ള പ്രാൎത്ഥനകൾ ചെയ്തു. കുട്ടികൾ രണ്ടുപേരുംകൂടി വേദപാഠം പൊടിപൊടിച്ചു വായിക്കുന്നു. വായന മുഴുവൻ അബ്രാഹംവാദ്ധ്യാരും മേരിയും കേട്ടുകൊണ്ടിരുന്നു. വായന തീൎന്നപ്പോൾ എല്ലാവരും ഒരുമിച്ചു് അത്താഴം തൃപ്തിയായുണ്ടു. ഇതിന്റെശേഷം അബ്രാഹംവാദ്ധ്യാർ കുട്ടികളോടു് അവർ പഠിച്ചിട്ടുള്ള പാഠങ്ങളിൽനിന്നു പല ചോദ്യങ്ങൾ ചോദിച്ചു. ഒന്നിന്റെ ഉത്തരമെങ്കിലും അവർ പറയാതിരുന്നില്ല. അപ്പോൾ അബ്രാഹംവാദ്ധ്യാർ ഇങ്ങിനെ പാഠങ്ങൾ ശരിയായി പഠിക്കുന്നതുകൊണ്ടാണു്, ഞാൻ നിങ്ങളോടു കഥ പറയാറുള്ളതു്. ഞാൻ സ്ക്കൂളിലും ഇതുപോലെ കഥകൾ കുട്ടികളോടു ചിലപ്പോൾ പറയാറുണ്ടു്. അ

ളുകൊണ്ടു കുട്ടികൾ ശരിയായി സ്ക്കൂളിൽ ഹാജരാകുകയും പാഠങ്ങൾ ശരിയായി പഠിക്കുകയും ചെയ്യുന്നുണ്ടു്. ഇങ്ങനെ എന്നും നിങ്ങൾ പഠിച്ചാൽ എനിക്കു വളരെ സന്തോഷമുണ്ടാകും. ഇതിനെക്കാൾ രസകരമായ കഥകൾ എന്നും ഞാൻ പറകയും ചെയ്യും. എന്നു പറഞ്ഞിട്ടു് പെട്ടിയിൽനിന്നു കുറെ ഹൽവാപലഹാരമെടുത്തു്, ഇതു ഞാൻ പഠിപ്പിക്കുന്ന കുട്ടികളിൽ കുറേപ്പേർ ഇവിടെ കൊടുത്തയച്ചതാണു്, എന്നു പറഞ്ഞിട്ടു് അതിലൊരർദ്ധംഭാഗം അവർ മൂന്നുപേരുംകൂടി തിന്നുകയും ബാക്കി മേരിക്കായി കൊച്ചന്നാമ്മവശം കൊടുത്തയയ്ക്കുകയും ചെയ്തു.

അതിന്റെശേഷം അബ്രാഹംവാദ്ധ്യാർ എന്നാൽ ഇന്നലത്തെ പാട്ടു കേൾക്കട്ടെ എന്നുപറഞ്ഞു. അവർ വളരെ രസകരമായി പാടികേൾപ്പിച്ചു. ആ സമയം മേരിയും അവിടെ എത്തി തന്റെ ചാരുകസേരയിൽ ഇരുന്നു. പാട്ടു മുഴുവൻ കേട്ടു വളരെ സന്തോഷിച്ചുകൊണ്ടു് ഇതു നല്ല പാട്ടാണു്. നമ്മുടെ കർത്താവിന്റെ ചുരുക്കമായ ചരിത്രം ഇതിൽ അടങ്ങിയിട്ടുണ്ടു്. ശുദ്ധമാന കുർബ്ബാനയുടെ മേൽ നിങ്ങൾ ഭക്തിയായിരിക്കണം എന്നും മറ്റും ചില ഗുണദോഷങ്ങൾ ചെയ്തശേഷം ഭർത്താവിനോടു്, എന്നാൽ ഇനി "നമ്മുടെ കഥ"യുടെ ശേഷംഭാഗംകൂടി പറഞ്ഞു കുട്ടികളെ കേൾപ്പിക്കൂ. അവർ അതു കേൾക്കുന്നതിനു വളരെ ആഗ്രഹമുള്ളവരായിരിക്കുന്നു. ശേഷം ഭാഗങ്ങൾ ചുരുക്കിപ്പറഞ്ഞാൽ മതി. എങ്ങിനെയെങ്കിലും ഇന്നവസാനിപ്പിച്ചേക്കണം. പറയുന്നതു വളരെ സൂക്ഷിച്ചും വേണം.

കൊച്ചുമാത്തൻ:—അപ്പച്ചാ! ചുരുക്കിക്കളയരുതേ. എല്ലാകാര്യവും ഞങ്ങൾക്കറിയണം. ആ ധൈര്യവതിയും ഗുണവതിയുമായ തങ്കമ്മയോടു് എനിക്കു് എത്ര സന്തോഷം തോന്നുന്നു.

കൊച്ചന്നാമ്മ:—അയ്യോ! നിന്നനിലയിൽ നിന്നും കൊണ്ടു് ഒരു പെൺകുട്ടിയെ പ്രസവിക്കുകയും ദ്രോഹിയായ ആ പോത്തന്റെ വലത്തുകാൽ വെട്ടിമുറിക്കുകയും ഒരുപോലെ ചെയ്ത ആ തങ്കമ്മ എത്ര ദൈവസഹായമുള്ളവളും ധൈര്യമുള്ളവളുമാകുന്നു. ആ പൊന്നുതങ്കമ്മയുടെ കഥ അപ്പച്ചൻ ചുരുക്കിക്കളയരുതേ. എല്ലാം വിശദമായി അപ്പച്ചന് ഞങ്ങളെ ഒരിക്കൽ പ്രിയമുണ്ടെങ്കിൽ ഇന്നുറങ്ങിയില്ലെങ്കിലും പറഞ്ഞുതീർക്കണം. രണ്ടു ദിവസമാക്കരുതു്.

മേരി:—കൊച്ചന്നാമ്മേ നീ ആ തങ്കമ്മയെ ആരെപ്പോലെ സ്നേഹിക്കുന്നു.

കൊച്ചന്നാമ്മ:—(മന്ദസ്മിതത്തോടുകൂടി) എന്റെ പൊന്നമ്മച്ചീ ആ തങ്കമ്മയെ "അമ്മച്ചിയെ"പ്പോലെ .....സ്നേഹിക്കണമെന്നു് എനിക്കു തോന്നിപ്പോകുന്നു. എന്നാൽ അതു പാടുണ്ടോ എന്നു ശങ്കിക്കുന്നു.

മേരി:—വിരോധമില്ല. ആ ധീരയായ തങ്കമ്മയെ എന്നെ നീ സ്നേഹിക്കുന്നതുപോലെതന്നെ സ്നേഹിച്ചോ. "നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്ക" എന്ന വേദപ്രമാണം നീ ഓക്കുന്നില്ലേ. അതുകൊണ്ടു് ഒരു വിരോധവുമില്ല. ശരിയായിട്ടു സ്നേഹിക്കണം.

കൊച്ചുമാത്തൻ:—എന്നാൽ ആ സുകൃതമുള്ള തങ്കമ്മയെ ഞാൻ എന്റെ അമ്മച്ചിയെ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുന്നു.

മേരി:—കൊള്ളാം. എനിക്കു് അതു വളരെ സന്തോഷമാണു് എന്നുപറഞ്ഞു് രണ്ടുകുട്ടികളേയും പിടിച്ചാലിംഗനം ചെയ്തുംവെച്ചു്, എന്നാൽ അപ്പച്ചന്റെ അടുക്കൽചെന്നു് ആ നല്ല തങ്കമ്മയുടെ കഥയുടെ ശേഷം ഭാഗങ്ങളും കേൾക്കു എന്നുപറഞ്ഞു.

അബ്രാഹംവാദ്ധ്യാർ:— ഇന്നു പാട്ടൊന്നും എഴുതേണ്ട. അടുത്തദിവസമാകട്ടെ. കഥയുടെ ശേഷഭാഗം കേട്ടോളൂ എന്നു പറഞ്ഞുംവച്ചു്, ഒന്നു മൂരടനകി ഭീർഘശ്വാസമിട്ടു. കുട്ടികൾ രണ്ടും പതിവിൻപ്രകാരം പിതാവിനു ശുശ്രൂഷചെയ്യാൻതുടങ്ങി. മേരി ചാരുകസേരയിൽ ചാരികിടന്നു. അബ്രാഹംവാദ്ധ്യാർ കട്ടിലിൽ ചരിഞ്ഞുകിടന്നുംകൊണ്ടു പറയുന്നു.

---

# നാലാം ദിവസത്തെ കഥ.

---

എന്റെ പ്രിയപ്പെട്ട കുട്ടികളെ! ഏലിയാമ്മ ചെയ്തു ദുഷ്കൃത്യങ്ങൾ നമ്മുടെ യോശുവായ്ക്കു മനസ്സിലായതുകൊണ്ടു് അതു മറയ്ക്കുന്നതിനായി അവൾ തന്റെ ഭർത്താവിനോടു വളരെയൊക്കെ കലമ്പിയുംവെച്ചു് ഇതെല്ലാം നിങ്ങൾ വിശ്വസിച്ചോ എന്നു ചോദിച്ചു. അതിനു യോശുവാ പിന്നെ ചാകാൻപോയവൻപറഞ്ഞു് ഒപ്പിട്ടതൊക്കെ കള്ളമാണോ? ആ കടലാസു് ഇപ്പോഴും നമ്മുടെ വികാരിഅച്ചന്റെ കയ്യിൽ ഇരിപ്പുണ്ടു് എന്നുപറഞ്ഞു. അതിനു് ഏലിയാമ്മ മഹാകള്ളനും വഞ്ചകനുമായ പോത്താ, ഞാൻ നിന്റെ വലയിൽ അകപ്പെട്ടുപോയല്ലയോ നീ ചാകുന്ന സമയത്തു് ഇതെല്ലാം എന്നെക്കൊണ്ടു പറഞ്ഞുംവെച്ചു ചത്തതു് എന്നു പറകയും പോത്തനെ ശകാരിക്കുകയുംമറ്റും ചെയ്തു. ഇതെല്ലാം പരമാത്ഥിയായ നമ്മുടെ യോശുവാ കണ്ടും കേട്ടും കുറേനേരം ഇരുന്നപ്പോൾ തനിക്കു വളരെ സങ്കടം വന്നുപോയി. തന്റെ ഭാര്യയെ ആശ്വാസവചനങ്ങൾപറഞ്ഞു സന്തോഷിപ്പിക്കയും താഴെ പറയുംപ്രകാരം ചിലതെല്ലാം പറകയും ചെയ്തു.

"അതിനെന്തിന് നീ നായെപ്പോലെ മോങ്ങുന്നു. ജോഷി! അതൊക്കെ അങ്ങനെ കിടക്കും. നീ ചുമ്മാതിരിക്കു. എന്റെയും നിന്റെയും നേരുകൊണ്ട് എല്ലാകാര്യവും സാധിപ്പാതെപോയി. പിന്നെ ആ കടലാസ്സ് ആ അച്ഛൻ കൊണ്ടുപോയിരിക്കുന്നതുകൊണ്ടു മാത്രമേയുള്ളൂ. അതു ഞാനത്ര വകവച്ചിട്ടുമില്ല. ഇതു നമ്മളെ തങ്ങളിൽതല്ലിക്കാൻ തങ്കമ്മയും അവളുടെ ബി. ഏ. ക്കാരൻ കെട്ടുന്നവനുംകൂടി വകഞ്ഞുണ്ടാക്കിയ ഏഷണിയായിരിക്കും. അമ്പട അവൻ മഹാകള്ളൻതന്നെ. നമ്മുടെ തങ്കമ്മയും മുമ്പിലത്തെപ്പോലെ ഒന്നുമല്ല ......ആ മഹസ്സർ അച്ഛന്റെ കയ്യിൽ കൊടുത്തതു് ആ പോലീസുകാരനാണു്. അച്ഛനതുംകൊണ്ടിരിക്കട്ടെ. ആൾക്കു ബോധം, കുറെ പണം ചെലവായെങ്കിലും കെയിസൊക്കെ ആറിപ്പൂറി പോയി. അല്ലാതെ ഇനി വല്ലതുമുണ്ടെങ്കിലും തങ്കമ്മയ്ക്കും, കെട്ടുന്നവനുമെ ഉണ്ടാകയുള്ളൂ. നമുക്കു് ഒരു ചേതമില്ല. ഞാൻ അപ്പോഴെ പോലീസുകാരനോടും അച്ഛനോടും ഇതെല്ലാം കള്ളമാണെന്നു പറഞ്ഞിട്ടു് അവർ വിശ്വസിച്ചില്ല. അതിനാലാണു് ഞാൻ രൂപാ അഞ്ഞൂറു കൊണ്ടുകൊടുത്തതു്. എന്നിട്ടും അവൎക്കു മഹസ്സർ മാറി എഴുതാൻ സമ്മതമില്ലായിരുന്നു. പിന്നെ എന്റെ മുട്ടിപ്പുകൊണ്ടു സമ്മതിച്ചു. അതു മാറിഎഴുതി ഒരു കള്ള ഒപ്പുമിട്ടുകൊണ്ടുപോയി ....പോകട്ടെ അഞ്ഞൂറു രൂപായേ പോയുള്ളല്ലോ......ഏതായാലും വയ്യാവേലി തീർന്നു ഞാൻ തിരിച്ചുപോന്നു.

അതിന് ഏലിയാമ്മ വെറുതെ രൂപ അഞ്ഞൂറു കളഞ്ഞതല്ലോ. "ഉലുന്തന്റെ മുതലുറുമ്പരിക്കും," ഏതെങ്കിലും പോകട്ടെ വയ്യാവേലി തീർന്നല്ലോ. എന്താ തങ്കമ്മമകളെ സ്നേഹിച്ചതു മതിയായില്ലേ. കച്ചേരി കണ്ടിട്ടില്ലാത്തയാളെ കച്ചേരിയിലും മകൾ കയററിയില്ലെ, എന്നുപറഞ്ഞു.

അപ്പോൾ യോശുവാ എന്റെ പൊന്നെ! തങ്കമ്മയോടുള്ള സ്നേഹം ഇന്നേ നിൎത്തിയിരിക്കുന്നു. ഇനി അവളുടെ വൎത്തമാനമെ ഒന്നും എന്നോടു പറയേണ്ട, എന്നു പറഞ്ഞു തന്റെ ഒരു കുട്ടിയെക്കൊണ്ടു് ആണയുമിട്ടു. ഏലിയാമ്മ ഇതുതന്നെ തരമെന്നു നിശ്ചയിച്ചു. ഇനി വേഗം തങ്കമ്മയെ ഭൎത്താവിന്റെ അറിവോടുകൂടിത്തന്നെ തട്ടിക്കളയാമെന്നു വിചാരിച്ചുകൊണ്ടു് അവർ സന്തോഷത്തോടുകൂടി പഴവീട്ടിൽ താമസിച്ചുവന്നു.

“നമ്മുടെ പുത്തൻവീട്ടിൽ” ഈ കെയിസു നടന്നതിൽപിന്നെ എന്നും പ്രലാപവും വ്യസനകരമായ സംഭാഷണവുംകൊണ്ടു് കാലംകഴിച്ചുവന്നു. എങ്കിലും അവർ ദൈവഭക്തിയിൽ മുൻപിലത്തേതിൽ ഇരട്ടിച്ചു. പൊന്നപ്പന്റെ ഇളയകുട്ടിയെ, പ്രസവിച്ചതിന്റെ ഒമ്പതാംദിവസം നിക്കാപുരത്തുപള്ളിയിൽ കൊണ്ടുപോയി ജ്ഞാനസ്നാനം ചെയ്യിച്ചു് ആ കുട്ടിക്കു് എന്റെ കൊച്ചുന്നാമ്മയുടെ പേരായ “അന്ന” എന്നു പേരുമിട്ടു........ കെയിസുവിസ്തരിച്ചിട്ടു് ഒരു മുപ്പതു ദിവംകൂടി കഴിഞ്ഞപ്പോൾ തങ്കമ്മയ്ക്കു് അവിടത്തെ മജിസ്ത്രേട്ടിന്റെ ഒരു നോട്ടീസു കിട്ടി. അതിൽ “നിക്കാപുരത്തു പുത്തൻവീട്ടിൽ പാൎക്കും പൊന്നപ്പൻ തങ്കമ്മ അറിവാൻ— ഈ നോട്ടീസു കണ്ടാൽ അടുത്ത ദിവസം പത്തു മണിക്കു് ഈ കച്ചേരി മുൻപാകെ താനീയിട പ്രസവിച്ച കുട്ടിയോടുകൂടി ഹാജരായി നമ്മുടെ അന്നദാതാവായ പൊന്നുതമ്പുരാൻ തിരുമനസ്സിലെ തിരുവെഴുത്തോടുകൂടി നിങ്ങൾക്കയച്ചിരിക്കുന്ന സംഭാവനകൾ വാങ്ങിക്കൊള്ളണം” എന്നെഴുതി മജിസ്ത്രേട്ടു് ഒപ്പിട്ടിരുന്നു.

അതിന്റെ പിറേറദിവസം പൊന്നപ്പൻ, തന്റെ ഭാൎയ്യ രണ്ടു കുട്ടികൾ ഇവരൊരുമിച്ചു പത്തുമണിക്കുതന്നെ കച്ചേരിയിൽ ഹാജരായി. മജിസ്ത്രേട്ടു, മഹാരാജാവിന്റെ

അരക്കുമുദ്രയോടുകൂടിയ പൊട്ടിക്കാത്ത ഒരു തിരുവെഴുത്തും ഒരു സ്വൎണ്ണത്തിരുവാഴിയും, രണ്ടു ചെറിയ കനകവളകളും തങ്കമ്മവശം കൊടുക്കുകയും, ധീരയായ തങ്കമ്മയ്ക്കു് എന്റെ വകയായി ഈ ചെറിയ സമ്മാനവും ഇരിക്കട്ടെ എന്നു പറഞ്ഞു തങ്കവേലകൾ ചെയ്ത ഒരു പുസ്തകവും തന്റെ ഒപ്പു് മുദ്ര ഇവയോടുകൂടി കൊടുത്തു യാത്രപറഞ്ഞുവിടുകയും ചെയ്തു. തങ്കമ്മ തിരുവെഴുത്തും സമ്മാനങ്ങളും തന്റെ പ്രിയതമൻവശം കൊടുത്തു. പൊന്നപ്പൻ ആ തിരുവെഴുത്തു പൊട്ടിച്ചു് താഴെ പറയുംപ്രകാരം വായിച്ചു തങ്കമ്മയെ കേൾപ്പിച്ചു. "നമ്മുടെ രാജ്യത്തു നിശ്ശാപുരിയിൽ പുത്തൻവീട്ടിൽ താമസിച്ചുവരുന്ന നമ്മുടെ പ്രജകളിൽ ഒരുത്തിയായ നീ ഈയിടെ ചെയ്ത ധീരകൃത്യത്തിനു നമ്മുടെ വകയായി നിനക്കു് ഒരു സ്വൎണ്ണമോതിരവും അന്നേദിവസം നീ പ്രസവിച്ച കുട്ടിയ്ക്കായി രണ്ടു സ്വൎണ്ണവളകളും അയച്ചിരിക്കുന്നു. നിന്റെ ധീരകൃത്യത്തെ നാം വളരെ അഭിനന്ദിച്ചു് ഈ തിരുവെഴുത്തു് അടുത്ത ഗസറ്റിൽ പ്രസിദ്ധം ചെയ്‌വാൻ നാം ചട്ടംകെട്ടിയിട്ടുമുണ്ടു്. എന്നുള്ള വിവരം ഇതിനാൽ അറിയിച്ചിരിക്കുന്നു." ഈ തിരുവെഴുത്തിൽ മഹാരാജാവു തുല്യം ചാൎത്തിയിട്ടുമുണ്ടായിരുന്നു.

ഇവകളോടുകൂടി സന്തോഷസമേതം നമ്മുടെ പൊന്നപ്പനും കുടുംബവും പുത്തൻവീട്ടിൽ എത്തി താമസിച്ചു. അന്നു രാത്രിയിൽ അവർ അത്താഴം കഴിഞ്ഞു് ഒൻപതുമണിയോടുകൂടി തങ്കമ്മ ഇളയകുട്ടിയോടുകൂടി ഒരു കട്ടിലിൽ കിടന്നുറങ്ങാൻ തുടങ്ങി. കൊച്ചുകോശ്ശുവാ പൊന്നപ്പന്റെ കട്ടിലിൽ കയറി കിടന്ന നേരത്തുതന്നെ ഉറക്കമായി. പൊന്നപ്പൻ ഒരു ലേഖനമെഴുതാൻ ആരംഭിച്ചു. അതവസാനിച്ചപ്പോൾ മണി പന്ത്രണ്ടാകാറായി. ഇനി കിടന്നുറങ്ങാമെന്നു വിചാരിച്ചു. വിളക്കണച്ചിട്ടു കട്ടിലിന്റെ അടുത്തുണ്ടായിരുന്ന ജന്നൽ അടയ്ക്കാനായി ഭാവിച്ചു

അപ്പോൾ പുറത്തു നിലാവുവെളിച്ചത്തു് ഒരാൾനില്ക്കുന്നു എ
ന്നു തോന്നി. സൂക്ഷിച്ചുനോക്കിയപ്പോൾ പൊന്നപ്പന്
ആൾ നല്ലപോലെ മനസ്സിലായി. ഏതെങ്കിലും ഇവൻ
എന്തു ചെയ്യുവാൻ പോകുന്നു എന്നു നോക്കികൊണ്ടു ജ
നൽ ചാരി അതിന്റെ ഇടയിൽകൂടി നോക്കികൊണ്ടിരുന്നു.
അവൻ അടുത്തുവന്നു ജന്നലോടുചേൻറപ്പോൾ പൊന്നപ്പ
നു കുറെ പരിഭ്രമമുണ്ടായി, ആരെന്നുറക്കെ ചോദിച്ചുപോ
യി. ഈ ചോദ്യംകേട്ടു് അവൻ "ചടപടാ" എന്നോടി. ത
ങ്കമ്മ ഞെട്ടിയുണന്നു് എന്താണുറക്കപ്പിച്ചു പറയുന്നോ
എന്നു ചോദിച്ചു. അതിനു പൊന്നപ്പൻ ഒന്നുമില്ല.
ആരോ ഇവിടെ പുറത്തു വന്നുനിന്നെന്നു് എനിക്കു തോ
ന്നി അതാണു് എന്നു പറഞ്ഞു. ഉടൻ രണ്ടാളുംകൂടി ക
തകുതുറന്നു പുറത്തിറങ്ങി നോക്കിയപ്പോൾ നിലാവെളി
ച്ചത്തിൽകൂടി ആൾ ഓടിപ്പോകുന്നതു നല്ലപോലെ ക
ണ്ടു. പൊന്നപ്പൻ ഏതെങ്കിലും ആൾ മനസ്സിലായിട്ടു
ണ്ടു്. വല്ല ആപത്തും രാത്രിയിൽ ഉണ്ടായേക്കും. അതു
കൊണ്ടു് ഇന്നു് ഉറങ്ങുവാൻ പാടില്ല എന്നുപറഞ്ഞു
വിളക്കു വീണ്ടും കൊളുത്തി, ഒരു ഹർജി പോലീസ്സ്റ്റേ
ഷനിലേയ്ക്കു് എഴുതിതെയ്യാറാക്കിയുംവച്ചു തങ്കമ്മയോടു്
ഓരോ കാര്യങ്ങളെക്കുറിച്ചു പറഞ്ഞുംകൊണ്ടിരുന്നു് ഒരു
വിധം നേരം വെളുപ്പിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞ
ല്ലോ. രാവിലെ പൊന്നപ്പൻ ഹർജി പോലീസ്സ്സ്റ്റേഷ
നിൽ കൊണ്ടുക്കൊടുത്തു. ഈ ഹർജി കിട്ടിയ ഉടനെ
പോലീസ്സ്ഇൻസ്പെക്ടർ രണ്ടു പോലീസ്സുകാരെ പൊന്ന
പ്പനോടുകൂടി അയയ്ക്കുകയുംചെയ്തു. ഇവർ വരുംവഴിത
ന്നെ പൊന്നപ്പൻ തലേദിവസം മോഷ്ടിക്കാൻ വന്നവ
ന്റെ വീടു പോലീസ്സുകാരെ കാണിച്ചുകൊടുത്തുംവച്ചു പു
ത്തൻവീട്ടിലെത്തി ഭക്ഷണംകഴിച്ചു. പോലീസ്സുകാർ അ
സമയംകൊണ്ടു് അന്തയെന്ന ആ കള്ളനെ പിടിച്ചുംകൊ
ണ്ടു പുത്തൻവീട്ടിൽ എത്തി. അപ്പോൾ ഒന്നാംപോലീസ്സ

കാരൻ എടാ അന്തേ, നീ ഇന്നലെ രാത്രി ഈ വീട്ടിന്റെ പടിഞ്ഞാറേവശത്തു നിന്നതു് എന്തിനായിരുന്നു?

അന്ത:—എന്റെ പൊന്നങ്ങുന്നേ! ഞാൻ ഇന്നലെ ഈ ദിക്കിലേ ഇല്ലായിരുന്നു.

രണ്ടാംപോലീസുകാരൻ:—(ഇടിയ്ക്കാൻ കൈ ഓങ്ങിക്കൊണ്ടു്) ഇല്ലായിരുന്നോടാ.

അന്ത:—എന്റെ യജമാനനേ ഞാൻ സത്യം ബോധിപ്പിക്കാം. എന്നെ തല്ലരുതേ.

ഒന്നാംപോലീസ്സുകാരൻ:—എടാ നിന്റെ ദേഹത്തിൽ മണ്ണു തള്ളിയിട്ടുകയില്ല. സത്യം പറഞ്ഞാൽ നിനക്കു നല്ലതു്. അല്ലെങ്കിൽ നിന്റെ അസ്ഥിയെല്ലാം ഭസ്മമാകും.

അന്ത:—എന്റെ യജമാനനെ, ഞാൻ വന്നതു സത്യമാണേ, വൃഥാ വന്നതാണേ.

ഒന്നാംപോലീസ്സുകാരൻ:—(ഇടിക്കാൻ കൈ ഓങ്ങിക്കൊണ്ടു്) എടാ പാണ്ടിക്കാക്കാലാ, വൃഥാ പാതിരാത്രി നിനക്കു് ഇവിടെ വന്നിട്ടു കാര്യമെന്തെടാ? നീ സത്യം പറകയില്ലേ? നിന്നെക്കൊണ്ടു ഞാൻ പറയിക്കും.

രണ്ടാംപോലീസുകാരൻ:—ഇവൻ രണ്ടു കൊള്ളാതെ പറയുന്ന ലക്ഷണം കാണുന്നില്ല.

അന്ത:—എന്റെ പൊന്നുംകുടങ്ങളെ എന്നെ ഒന്നും ചെയ്യരുതേ. ഞാൻ പാവമാണേ, ഞാൻ എല്ലാം സത്യമായി ബോധിപ്പിക്കാം.

ഒന്നാംപോലീസുകാരൻ:—സത്യം പറഞ്ഞാൽ ഈശ്വരനാണെ നിന്നെ വൃഥാ വിട്ടേക്കാം.

രണ്ടാംപോലീസുകാരൻ:—സത്യം പറഞ്ഞില്ലെങ്കിൽ ഭഗവതിയാണെ നിന്റെ എല്ലു ഞങ്ങൾ സൂപ്പു വയ്ക്കും.

അന്ത:—(വിറച്ചുകൊണ്ട്) എന്റെ യജമാനന്മാരെ, ഞാനിന്നലെ ഇവിടെ വന്നതു പഴവീട്ടിലെ ഏലിയാമ്മയും അവളുടെ കെട്ടിയവനുംകൂടി പറഞ്ഞിട്ടായിരുന്നു. ഇവിടുത്തെ പത്തായത്തിന്റെ പുറത്തിരിക്കുന്ന കൈപ്പെട്ടി എടുക്കാനായിട്ടായിരുന്നു. പെട്ടി കൊണ്ടു ചെന്നാൽ അവർ എനിക്കു പതിന്നാലു രൂപാ തരാമെന്നു പറഞ്ഞിട്ടുമുണ്ടായിരുന്നു.

ഒന്നാം പോലീസുകാരൻ:—എടാ നിന്റെ കയ്യിൽ എന്തുണ്ടായിരുന്നു.

അന്ത:—എന്റെ കയ്യിൽ ഒരു വെട്ടരിവാൾ ഉണ്ടായിരുന്നു.

രണ്ടാം പോലീസ്സുകാരൻ:—അതുകൊണ്ടിവരെ വെട്ടിക്കൊല്ലാനല്ലായിരുന്നോടാ.

അന്ത:—അല്ല......അതുകൊണ്ടു ഭിത്തിതുരന്നു് മുറിക്കകത്തേക്കു കടക്കാൻ ഒരു വഴിയുണ്ടാക്കാൻ മാത്രമായിരുന്നു.

ഇത്രയും കേട്ടപ്പോൾ പൊന്നപ്പൻ പോലീസുകാരനോടു മതി. ഇനി ഒന്നും ചോദിക്കരുതെ...സാധുവിനെ വിട്ടേക്കണം, എന്നു കെഞ്ചിപ്പറഞ്ഞു. അതിനു് ഒന്നാം പോലീസുകാരൻ "കൊള്ളാം! ഇവനെ? വിടാനൊ. ഇവനെക്കൊണ്ടു് എല്ലാം പറയിച്ചു് ഇവനെ ചാർജ്ജുചെയ്യാതെ അങ്ങു വിടാനൊ. ഞങ്ങൾ ചുമ്മാതാണൊ സർക്കാർശമ്പളം വാങ്ങുന്നതു്......സാർ ഇതു കളിയാണെന്നൊ വിചാരിക്കുന്നതു്," എന്നു ചോദിച്ചു.

അതിനു പൊന്നപ്പൻ ഹെ! ദയവുണ്ടായി ഇവനെ വിട്ടേക്കണം. ഇവനെപ്പിടിച്ചു ചാർജ്ജുചെയ്താൽ ഈ തങ്കമ്മയുടെ അപ്പൻ മൻശേപ കൂട്ടിലാകും. അതു ഞാൻ കാരണമായാൽ തങ്കമ്മയ്ക്കു് എന്തു വ്യസനമുണ്ടാകും.

ങ്ങളുകൊണ്ടു് ഈ പെട്ടി എന്തിനാണു് എടുത്തുകൊണ്ടു ചെല്ലാൻ പറഞ്ഞതെന്നുകൂടി ചോദിച്ചിട്ടു് അവനെ വിടേണ്ടതാണ്. ഞാൻകൂടി ഇൻസ്പെക്ടർ യജമാനന്റെ അടുക്കൽ വന്നു വിവരം പറയാമെന്നു പറഞ്ഞു. അപ്പോൾ ഒന്നാം പോലീസുകാരൻ എടാ അന്തൊ, ഈ പെട്ടി എന്തിനാണു് എടുത്തുകൊണ്ടു ചെല്ലാൻ യോശുവാമാപ്പിളയും മററും പറഞ്ഞതു്.

അന്ത:—യോശുവാജ്യേഷ്ഠന്റെ വസ്തുക്കളുടെ കൈആധാരങ്ങളും തെളിവുശീട്ടു പട്ടയം മുതലായവകളും, തങ്കമ്മയുടെ അമ്മയുടെ വക പല സ്വർണ്ണാഭരണങ്ങളും മററും ഈ പെട്ടിയിൽ ഉണ്ടെന്നു യോശുവാജ്യേഷ്ഠൻ പറഞ്ഞു. ഇത്രയുംകൂടി കേട്ടപ്പോൾ പൊന്നപ്പൻ അന്തജ്യേഷ്ഠൻ പൊയ്ക്കൊള്ളൂ എന്നു പറഞ്ഞു. അതിനു് ഒന്നാം പോലീസുകാരൻ "വെറുതെ അങ്ങു വിടാനൊ" കൊള്ളാം ഇവൻ ഇരുനൂറു രൂപാ തന്നാൽ ഇവനെ അങ്ങു വിട്ടേക്കാം. അല്ലാതെ ഈ കേസു് ഞങ്ങൾ വിടുകയില്ല, എന്നു പറഞ്ഞു. ഇതുകേട്ടു പൊന്നപ്പൻ "സാധു എവിടെനിന്നാണു് ഇരുനൂറു രൂപാ കൊണ്ടുവരുന്നതു്" എന്നു ചോദിച്ചു. അതിനു് ഒന്നാം പോലീസുകാരൻ "ഇവനെ അയച്ചവരോടു വാങ്ങിക്കൊണ്ടു വരട്ടെ" എന്നു മറുപടിപറഞ്ഞു.

അന്ത:—എന്നാൽ നമുക്കു് അങ്ങോട്ടു പോകാമെന്നു പറഞ്ഞു. പോലീസുകാർ അതു സമ്മതിച്ചു് അന്തയൊരുമിച്ചു് പഴവീട്ടിലേക്കു പോയി. പൊന്നപ്പൻ അവരുടെകൂടെ പോയില്ല. പോലീസുകാർ അവിടെ ചെന്നു യോശുവായേയും ഏലിയാമ്മയേയും മിരട്ടി രൂപാ നൂറും തട്ടിക്കൊണ്ടു അന്തയെ വെറുതേ വിട്ടുംവച്ചുപോയി. പോലീസുകാരൻ പോയതിന്റെ ശേഷം നമ്മുടെ യോശുവാ പുത്തൻവീട്ടിൽ വന്നു തങ്കമ്മയേയും പൊന്ന

പ്പനേയും വളരെയൊക്കെ ശകാരിക്കുകയും, വഴിയിൽ കണ്ടവരോടും കേട്ടവരോടുമൊക്കെ ഇങ്ങനെയൊരു ഏഷണി വകഞ്ഞുണ്ടാക്കി തങ്കമ്മയും പൊന്നപ്പനും തന്നെ അവമാനിച്ചിരിക്കുന്നു എന്നു പറകയും മററും ചെയ്തു. ഇങ്ങനെ ആ കേസ്സും അവസാനിച്ചു.

തങ്കമ്മയും പൊന്നപ്പനും വളരെ വ്യാകുലത്തോടുകൂടി അന്നു കഴിച്ചുകൂട്ടി. നമുക്കിനിയും നാശമുണ്ടു്, എന്നു പൊന്നപ്പൻ പറഞ്ഞു. അതിനു തങ്കമ്മ വരുന്നതൊക്കെ വരട്ടെ ഇതുവരെ നമ്മളെ രക്ഷിച്ച ദൈവം നമ്മെ കാത്തുരക്ഷിക്കുമെന്നു് ധൈര്യത്തോടുകൂടി മറുപടിപറഞ്ഞു. ഇവർ ചില ദിവസങ്ങളിൽ അർദ്ധരാത്രി കഴിഞ്ഞാലും ഉറങ്ങുകയില്ല. ഇങ്ങനെ എട്ടുപത്തു ദിവസം ശരിയായി ഉറങ്ങാതെയിരുന്നതിനാൽ, ഒരു ദിവസം രാത്രി എട്ടുമണിയോടുകൂടിത്തന്നെ ഇവർ ഉറക്കംപിടിച്ചു. തങ്കമ്മയും പൊന്നപ്പനും ബോധംവിട്ടുറങ്ങിപ്പോയി. അന്നു അർദ്ധരാത്രിയായപ്പോഴാം കൊച്ചുയോശുവാ......അയ്യോ! ......അപ്പച്ചാ...തീ...അത്തി.. പെരഅപ്പടി...തീഅപ്പച്ചാ...അമ്മച്ചീ...തീ......പെര എന്നൊക്കെ ഉറക്കെ ശൂകിത്തുടങ്ങിക്കൊണ്ടു പൊന്നപ്പന്റെ കൈകപിടിച്ചു വലിക്കയുംമററും ചെയ്തു. കുട്ടിയുടെ നിലവിളികേട്ടു തങ്കമ്മ ഞെട്ടി ഉണൎന്നു. പുത്തൻവീട്ടിന്റെ ഒരുവശത്തു തീനാളിക്കത്തുന്നു. ആ തീജ്വാലയുടെ താഴത്തു് തന്റെ പ്രിയതമൻ കിടന്നുറങ്ങുകയും തന്റെ മകൻ നിലവിളിക്കുകയും ചെയ്യുന്നതു തങ്കമ്മ കണ്ടു് പരിഭ്രമത്തോടുകൂടി ഭൎത്താവിനെ കുലുക്കി വിളിച്ചുണൎത്തി. അയ്യൊ! പൊന്നപ്പൻ പെട്ടെന്നുണൎന്ന് ക്ഷണത്തിൽ കത്തിയെരിഞ്ഞ ഒരു പട്ടിയൽകഷണം തന്റെ കാലിൽ വീണു. കാലുപൊള്ളിയതു താൻ വകവയ്ക്കാതെ ചാടി കട്ടിലിൽനിന്നു താഴെയിറങ്ങി തന്റെ മകനായ കൊച്ചുയോശുവായെ കയ്യി

ലെടുത്തു. തങ്കമ്മ ഉറങ്ങിക്കിടന്ന മകളേയുമെടുത്തു. പ്രധാന കതകുതുറന്നിട്ട് അതു പുറത്തു പൂട്ടിയിരിക്കുന്നു. പൊന്നപ്പൻ അറമുറിയിൽ അങ്ങോട്ടുമിങ്ങോട്ടുമോടി. കതകായ കതകെല്ലാം തുറക്കാൻ നോക്കീട്ട് എല്ലാം പുറത്തുകൊളുത്തിട്ടിരിക്കുന്നു. ഒന്നും തുറന്നു പുറത്തിറങ്ങാൻ നിവൃത്തിയില്ല. ഈ സമയത്തു നമ്മുടെ പൊന്നപ്പനും തങ്കമ്മയും സഹിച്ച വ്യാകുലം ആരാൽ പറഞ്ഞുകേൾപ്പിക്കാൻ കഴിയും. തീ ഒരുവശം മുഴുവൻ ദഹിപ്പിച്ചശേഷം മറ്റേ വശത്തേക്കും ചാടിപ്പിടിച്ചു. ധൈര്യവതിയായ തങ്കമ്മ തന്റെ മൂർച്ചയുള്ള വെട്ടരിവാളെടുത്ത് ഒരു കതകിന്റെ ചുഴിക്കുറ്റിയുടെ കീഴ്ഭാഗം വെട്ടിമുറിച്ചു. കതകു "പട്ടോ" എന്നു തുറന്നു. ആ വഴിയിൽക്കൂടി തങ്കമ്മയും പൊന്നപ്പനും തങ്ങളുടെ കുട്ടികളേയുംകൊണ്ടു പുറത്തു ചാടി. കുട്ടികളെ രണ്ടിനേയും ദൂരെ മാറിയശേഷം തങ്കമ്മ വീണ്ടും അകത്തേക്കു ചാടിക്കയറി. തന്റെ "തിരുക്കുടുംബസ്വരൂപങ്ങളും" കൈപ്പെട്ടിയും എടുത്തുകൊണ്ടു പുറത്തു വന്നു. പൊന്നപ്പൻ തന്റെ പുസ്തകപ്പെട്ടിയും അവരുടെ മുണ്ടുപെട്ടിയും അതിന്റെശേഷം എടുത്തു അവിടെനിന്നു വളരെയൊക്കെ കൂകീട്ടും ആരും അവരെ സഹായിക്കാൻ വന്നില്ല. പൊന്നപ്പൻ വളരെ ശ്രമിച്ചിട്ടും തീ കെടുത്താൻ സാധിച്ചില്ല. വീടു മുഴുവൻ കത്തിയെരിഞ്ഞു. പൊന്നപ്പന്റെ ദേഹത്തിൽ പലേടത്തും പൊള്ളൽ പററി. തങ്കമ്മയ്ക്കും സ്വല്പം പൊള്ളൽ പററാതിരുന്നില്ല. ഇവർ കുറേ നേരം വ്യസനിച്ച് അവിടെ ഇരുന്നശേഷം പെട്ടികളും "തിരുക്കുടുംബസ്വരൂപങ്ങ"ളും പൊന്നപ്പൻ എടുത്തു തന്റെ തലയിൽവെച്ചുകൊണ്ടും തങ്കമ്മ ഒരു കുട്ടിയെ എടുത്തും ഒരു കുട്ടിയെ നടത്തിയുംകൊണ്ടും ആ നിലാവുവെളിച്ചമുള്ള രാത്രിയിൽ അവിടെ നിന്നും പഴവീട്ടിൽ എത്തി. തങ്കമ്മ കരഞ്ഞുംകൊണ്ടു തന്റെ അപ്പച്ചനേയും ഇളയ

മ്മയേയും മാറി മാറി വിളിച്ചിട്ടും ആരും അനങ്ങിയില്ല. അങ്ങനെ നാലഞ്ചു നാഴിക അവിടെ ഇരുന്നശേഷം വീണ്ടും വിളിതുടങ്ങി. കുറെ പ്രാവശ്യം വിളിച്ചപ്പോൾ യോശുവാ ഉണർന്നു അതാരാണു്, എന്താ എന്നൊക്കെ ചോദിക്കാൻതുടങ്ങി. തങ്കമ്മ കരഞ്ഞുംകൊണ്ടു് അപ്പച്ചാ കതകു തുറക്കു സംഗതികൾ പറയാമെന്നു വീണ്ടും പറഞ്ഞു. യോശുവാ എന്താടി കാര്യം പറയൂ എന്നു ദേഷ്യപ്പെട്ടുകൊണ്ടു് പറഞ്ഞു. അതിനു തങ്കമ്മ അപ്പച്ചാ പുത്തൻവീടു കത്തിഎരിഞ്ഞു. ഇനി ഞങ്ങൾ എന്താ ചെയ്യേണ്ടതു്. ഇത്രയും കേട്ടപ്പോൾ യോശുവാ ദേഷ്യപ്പെട്ടുകൊണ്ടു്, എന്തുപറഞ്ഞു! പുത്തൻവീട്ടിനു തീപിടിച്ചോ? അമ്പടി! നിന്റെ സൂത്രം. നീ അതും ഒപ്പിച്ചോ. കൊള്ളാം! നല്ല സൂത്രക്കാർതന്നെ. വേഗം എവിടെയെങ്കിലും പൊയ്ക്കോ. എന്റെ വീട്ടിൽ കയറ്റുകയില്ല. അസത്തുക്കളെ നിങ്ങളുടെ കൗശലങ്ങൾ കൊള്ളാം പുരയ്ക്കു തീയുംവച്ചോ കണ്ടോ! നേരം വെളുക്കട്ടെ എന്നൊക്കെപ്പറഞ്ഞു. തങ്കമ്മ വളരെ കെഞ്ചിയാചിച്ചിട്ടും യോശുവാ കതകു തുറന്നില്ല. ഉടൻ തങ്കമ്മ, എന്റെ ദൈവമേ! എനിക്കീ ആപത്തു പറ്റിയല്ലോ. ഇതു് അപ്പനുംകൂടി അറിഞ്ഞു പ്രവർത്തിച്ചിട്ടുള്ള സംഗതിയാണു്. ഞാൻമൂലം എന്റെ അപ്പച്ചനു യാതൊരു ദോഷവും വരുത്തിക്കൂടാ അതുകൊണ്ടു് ഈ വിവരങ്ങൾ നിക്കാപുരത്തു പള്ളിയുടെ വികാരി അച്ചനോടു ചെന്നറിയിച്ചിട്ടു വല്ലവഴിക്കും പൊയ്ക്കൊള്ളാമെന്നു വിചാരിച്ചു് അവർ നിക്കാപുരത്തു പള്ളിയിലേക്കു യാത്രതിരിച്ചു. അവർ ആ പള്ളിയിൽ എത്തിയപ്പോൾ നേരം വെളുക്കാറായിരുന്നു. അച്ചനെ വിളിച്ചുണർത്തി സംഗതികളൊക്കെ പൊന്നപ്പൻ വിശദമായിപ്പറഞ്ഞു. ആ നല്ല വികാരിയച്ചൻ തങ്കമ്മയോടു്: "എന്റെ കുഞ്ഞേ! നീ എല്ലാം ദൈവതിരുമനസ്സെന്നു വിചാരിച്ചു് അതിനു കീഴ്‌വഴങ്ങി

പൊന്നപ്പനോടുകൂടി അവന്റെ വീട്ടിലേക്കു പോവുക. നിങ്ങൾക്കു ദൈവസഹായമുണ്ടാകും" എന്നുപറഞ്ഞു. തങ്കമ്മ അതു സമ്മതിച്ചു രാവിലെ കർബ്ബാനയും കണ്ടു് അച്ഛന്റെ ഭക്ഷണസൽക്കാരങ്ങളും സ്വീകരിച്ചു് അദ്ദേഹത്തോടു യാത്രയും ചോദിച്ചുകൊണ്ടു് അവർ പൊന്നപ്പന്റെ വീട്ടിലേക്കു തിരിച്ചു. പൊന്നപ്പന്റെ പുസ്തകപ്പെട്ടിയും മുണ്ടുപെട്ടിയും കൈപ്പെട്ടിയും ആ അച്ഛൻവശം ഏൽപ്പിച്ചുംവച്ചു തങ്ങളുടെ സമ്പത്തായ "തിരുക്കുടുംബസ്വരൂപങ്ങ"ളും എടുത്തുംകൊണ്ടുള്ള യാത്രയിൽ ഇപ്രകാരവുംമററും പറഞ്ഞുകൊണ്ടു നടന്നു.

തങ്കമ്മ:—എന്റെ പ്രാണവല്ലഭാ! നമ്മുടെ കുഞ്ഞുങ്ങൾ ക്ഷീണിക്കുമ്പോൾ വല്ല പഴമോ മററോ എങ്കിലും വാങ്ങിക്കൊടുക്കാൻ നമ്മുടെ കയ്യിൽ ഒരു പൈ പോലും ഇല്ലല്ലോ. നാം അവിടെച്ചെന്നാൽ എന്തുചെയ്യും.

പൊന്നപ്പൻ:—എന്റെപ്രിയേ! നമുക്കു വഴിച്ചിലവിനായി നമ്മുടെ വികാരിയച്ചൻ രണ്ടു രൂപാ എന്റെ കയ്യിൽ തന്നിട്ടുണ്ടു്. അതുകൊണ്ടു വ്യസനിക്കണ്ട. വീട്ടിൽ എത്തിയാൽ അവിടെ താമസിക്കാം. എന്റെ അമ്മച്ചിയോടും മററും ഈ സംഭവങ്ങൾ ഒന്നും പറയരുതേ.

തങ്കമ്മ:—എങ്ങനെ പറയാതിരിക്കും. അവരൊക്കെ ആ പോത്തൻ വന്ന കെയിസറിഞ്ഞിട്ടില്ലേ. അതു് ഇളയമ്മ പറഞ്ഞിട്ടാണെന്നും മററും അറിഞ്ഞുകാണുകയില്ല.

പൊന്നപ്പൻ:—അതുപോലെതന്നെ നമ്മുടെ പൃ...യ്യും തീകത്തിയെന്നു മാത്രമേ എന്റെ അമ്മച്ചിയോടും മററും പറയാവു.

തങ്കമ്മ:—എന്നാൽ അങ്ങനെതന്നെ. ഇളയമ്മയേയും അപ്പച്ചനേയും പററി ഒന്നും പറയുകയില്ല.

പൊന്നപ്പൻ:—എന്റെ തങ്കമ്മേ! നമ്മുടെ ഈ കഷ്ടകാലത്തിന് എന്നവസാനം വരും.

തങ്കമ്മ:—ദൈവംതന്നെ ആശ്വാസം തരട്ടെ. ദൈവം കഴിഞ്ഞാൽ ഒന്നാമതുള്ളതായ എന്റെ അമ്മച്ചി മരിച്ചു. പിന്നെ പ്രാണസ്നേഹമായിരുന്ന എന്റെ പൊന്നപ്പച്ചൻ എന്നെ ഇപ്പോഴും ഉപേക്ഷിക്കയും ചെയ്തു. അപ്പച്ചനോടു മറുതലിച്ചാൽ പാപമാണല്ലോ എന്നു വിചാരിച്ചിട്ടാണു്. അല്ലെങ്കിൽ എന്റെ അമ്മച്ചിയുടെ വകയായ ആ പഴവീട്ടിൽ നമുക്കു സുഖത്തോടുകൂടി പാൎക്കരുതോ? അപ്പച്ചനും ഇളയമ്മയുംതന്നെ എവിടെയെങ്കിലും ഓടിക്കളഞ്ഞേനെയല്ലോ. നമ്മൾ ക്ഷമിച്ചു് ആ പഴവീട്ടിൽനിന്നു്, ഒരയൽവക്കംകൂടി അടുത്തില്ലാത്ത പുത്തൻവീട്ടിൽ മാറിത്താമസിക്കുകയും നമുക്കീ ആപത്തുകളൊക്കെ സംഭവിക്കുകയുംചെയ്തു. അതുകൊണ്ടു ദൈവത്തെപ്രതി ക്ഷമിക്കുന്നവരായ നമുക്കു് ദൈവം ഇഹലോകത്തിൽ സുഖം തന്നില്ലെങ്കിലും നിശ്ചയമായി പരലോകത്തിൽ സുഖം തരും.

പൊന്നപ്പൻ:—ഞാൻ വീട്ടിലെ അവകാശമൊക്കെ വാങ്ങി പിരിഞ്ഞിരിക്കുന്ന സ്ഥിതിക്കു് അവിടെ ച്ചെന്നു സ്ഥിരമായി പാൎത്തു് അവരെ ബുദ്ധിമുട്ടിക്കുന്നതു ശരിയല്ല. ഏതായാലും വീട്ടിൽച്ചെന്നിട്ടു് എവിടെ എങ്കിലും ഒരു ജോലി തിരക്കണം.

ഇങ്ങനെ ഓരോ കാൎയ്യങ്ങൾ പറഞ്ഞും, ഇരുന്നും, ഇടയ്ക്കു ചില പലഹാരങ്ങൾ വാങ്ങി കുട്ടികൾക്കു കൊടുത്തും, ഇവർ ചിലതെല്ലാം ഭക്ഷിച്ചും, നടന്നു വളരെ ക്ഷീണിച്ചു രാത്രി പന്ത്രണ്ടുമണിയോടുകൂടി വയലാററു പൊന്നപ്പന്റെ വീട്ടിൽ ചെന്നുകയറി. പൊന്നപ്പന്റെ അമ്മയും സഹോദരന്മാരും ഈ കുട്ടികളെ മാറി മാറി എടുത്തു ചുംബിക്കുന്നു. ഏത്രയും വിശേഷമായ പല

ഹാരങ്ങൾ കുഞ്ഞുങ്ങൾക്കു കൊണ്ടുകൊടുക്കുന്നു. തങ്കമ്മ
യെ പൊന്നപ്പന്റെ അമ്മ പിടിച്ചാലിംഗനംചെയ്തിട്ട്
എന്റെ മകളെ, നിന്റെ ധീരകൃത്യങ്ങളെ ഞങ്ങളൊ
ക്കെ അറിഞ്ഞു വന്നു സന്തോഷത്തോടുകൂടി പറഞ്ഞു.
എല്ലാവരും സുഖമായി ഭക്ഷണംകഴിച്ച് അവിടെ പാ
ൎത്തുവന്നു. പൊന്നപ്പൻ തന്റെ ദേഹത്തുണ്ടായിരുന്ന
തീപ്പൊള്ളലുകൾ ആശുപത്രിയിൽ കൊണ്ടുകാണിച്ചു മ
രുന്നുവയ്പിച്ചു. അഞ്ചാറുദിവസംകൊണ്ട് എല്ലാം
സുഖമായി. പൊന്നപ്പൻ തന്റെ ഒരു സ്നേഹിതനായ
ഒരു പള്ളിയുടെ വികാരിഅച്ചന്റെ പേൎക്ക് തനിക്ക്
ഒരു ജോലി എവിടെങ്കിലും ശട്ടംകെട്ടി അറിയിക്കുന്നതി
നായി ഒരെഴുത്തെഴുതി അയച്ചു. അന്നുച്ചകഴിഞ്ഞപ്പോൾ
ഒരു പോലീസുകാരൻ പൊന്നപ്പന്റെപേൎക്കു വാറണ്ടു
ണ്ടെന്നു പറഞ്ഞു പിടികൂടി. അപ്പോഴാണു തീപിടിച്ച
വൎത്തമാനം പൊന്നപ്പന്റെ വീട്ടുകാർ അറിഞ്ഞത്.
പൊന്നപ്പൻ ധൈൎയ്യത്തോടുകൂടി ആ പോലീസുകാര
നോടുകൂടി നിക്ലാപുരി മജിസ്ട്രേട്ടുകോട്ടിലേക്കു പോയി ഹാ
ജരായി. തങ്കമ്മയും പൊന്നപ്പന്റെ അമ്മയും മററും ഇ
തപ്പററി വളരെ വ്യസനിച്ചു. തങ്കമ്മയ്ക്കു മുൻപു സമ്മാ
നം നൽകിയ ആ മജിസ്ട്രേട്ടു പൊന്നപ്പനോടു തന്റെ
അമ്മായിഅപ്പൻ തന്റെപേരിൽ ബോധിപ്പിച്ചിരിക്കുന്ന
ഹർജിയെപ്പററി ചോദിച്ചു. പൊന്നപ്പൻ തങ്കമ്മയുടെ ഇ
ളയമ്മയായ ഏലിയാമ്മമൂലം തങ്കമ്മയ്ക്കും തനിക്കും അ
തുവരെയുണ്ടായിട്ടുള്ള കഷ്ടപ്പാടുകൾ മുഴുവനും പറഞ്ഞു
കേൾപ്പിക്കുന്നതിന് ആ മജിസ്ട്രേട്ടിനോട് അനുവാദം
ചോദിച്ചു. അദ്ദേഹം അനുമതിനല്കുകയും നാലഞ്ചു ദി
വസംകൊണ്ട് എല്ലാ വൎത്തമാനങ്ങളും പൊന്നപ്പൻ പറ
ഞ്ഞുകേൾപ്പിക്കുകയുംചെയ്തു. ഇതിന്റെശേഷം മജിസ്ട്രേട്ടു
തീപിടിച്ച പുത്തൻവീടുപരിശോധിക്കുന്നതിനുത്തരവിട്ടു.
അപ്രകാരം പരിശോധിച്ചതിൽപൊന്നപ്പനേയും മററും

അകത്തിട്ടു പൂട്ടിയിട്ടു തീവച്ചതായി പല ലക്ഷ്യങ്ങളും കണ്ടു. കെയിസു ഗത്യന്തരമില്ലെന്നുപറഞ്ഞു തള്ളുകയും പൊന്നപ്പനെ വിട്ടയയ്ക്കുകയും ചെയ്തു. പൊന്നപ്പന്റെ പ്രത്യേകഅപേക്ഷയാൽ യോശുവായെ മജിസ്ട്രേട്ടുകോർട്ടിൽ വരുത്തുകയോ വിസ്തരിക്കുകയോ ചെയ്തില്ല. പൊന്നപ്പൻ എട്ടുപത്തു ദിവസങ്ങൾക്കു ശേഷം തന്റെ വീട്ടിലെത്തി താമസിച്ചു. എന്നു പറഞ്ഞിട്ടു് അബ്രാഹംവാദ്ധ്യാർ നിർത്തി.

കൊച്ചുമാത്തൻ:—അപ്പച്ചാ കഥ തീരാറായോ.

കൊച്ചുന്നാമ്മ:—അപ്പച്ചാ നാളെ തീർത്തുകളയണമെ.

അബ്രാഹം:—കുഞ്ഞുങ്ങളെ "നമ്മുടെ കഥ" അവസാനിക്കാറായി. ഇനി കുറച്ചു മാത്രമേയുള്ളു. അതു നാളെ പറയാം. നേരം വെളുക്കാറായി. നിലാവസ്തമിച്ചിരിക്കുന്നു. എന്റെ കണ്ണുമങ്ങുന്നു. ഇനി കിടന്നുറങ്ങാം എന്നുപറഞ്ഞു. കുട്ടികൾ അതു സമ്മതിച്ചു. എല്ലാവരും അവിടവിടെയായി കിടന്നുറങ്ങി.

---

## അഞ്ചാം അദ്ധ്യായം.

---

അഞ്ചാംദിവസം കുട്ടികളും അബ്രാഹംവാദ്ധ്യാരും മേരിയും പതിവുപോലെ പകൽമുഴുവനും കഴിച്ചുകൂട്ടി. സൂര്യൻ പശ്ചിമസമുദ്രത്തിൽചെന്നു മുങ്ങി. ചന്ദ്രപ്രകാശം വീശിത്തുടങ്ങി. നക്ഷത്രജാലങ്ങൾ അനേകം മിന്നാമിന്നുങ്ങുകൾ പതിച്ചതുപോലെആകാശം മുഴുവൻ തെളുതെളാ എന്നു മിന്നുന്നു. ഹിമകണങ്ങൾ പുകപുകയായിചുററും കാണപ്പെടുന്നു. വളരെ വളരെ മധുരസ്വരത്തോടുകൂടി

യ പൂഞ്ഞാറുപള്ളിയിലെ മണിനാദവും കേൾക്കാറായി. അബ്രാഹംവാദ്ധ്യാരുടെ പൂർമുറിയിൽ പൂജ്യമായി സ്ഥാപിച്ചിരിക്കുന്ന തിരുക്കുടുംബസ്വരൂപങ്ങളിൽ ചാർത്തിയിരിക്കുന്ന സൌരഭ്യമേറിയ റോസാകുസുമങ്ങളുടെ ഗന്ധവും പുറപ്പെട്ടുതുടങ്ങിയിരിക്കുന്നു. കൊച്ചന്നാമ്മ ആ തിരുക്കുടുംബസ്വരൂപപീഠത്തിൻമുൻപാകെ പന്ത്രണ്ടു മെഴുകുതിരികൾ കത്തിച്ചിരിക്കുന്നതും കാണപ്പെട്ടു. അബ്രാഹംവാദ്ധ്യാരും മേരിയും കുട്ടികളും ആ പീഠത്തിൻമുമ്പാകെ മുട്ടുകുത്തി ത്രികാലജപം എത്തിക്കുന്നു. പരിശുദ്ധമാതാവിന്റെയും തിരുമുറിവുകളുടേയും മാർ യൌസേപ്പുപിതാവിന്റെയും പ്രാർത്ഥനകൾ ചൊല്ലി അവസാനിപ്പിക്കുന്നു. എല്ലാവരും എഴുന്നേററു. കുട്ടികൾരണ്ടുംപതിവുപോലെ അബ്രാഹംവാദ്ധ്യാർക്കും മേരിക്കും സ്തുതിചൊല്ലി അവരുടെ വലത്തുകൈകൾ പിടിച്ചു മുത്തുന്നു. ഇവ കഴിഞ്ഞു എല്ലാവരും അത്താഴമുണ്ടു. കുട്ടികൾ രണ്ടും അവരവരുടെ പാഠങ്ങൾ വായിക്കുന്നു. അബ്രാഹംവാദ്ധ്യാരും മേരിയും കേട്ടുകൊണ്ടിരുന്നു ഇവ കഴിഞ്ഞപ്പോൾ മണി പത്തും കൃത്യം അടിക്കുന്നതു കേൾക്കാറായി. എല്ലാവരും കിടക്കാൻ തയ്യാറായി കുട്ടികൾ കഥയുടെ ശേഷംഭാഗം കേൾക്കുന്നതിനു് ആശയുള്ളവരായി കാണപ്പെട്ടു. അബ്രാഹംവാദ്ധ്യാർ കട്ടിലിൽ കയറി കിടപ്പായി. ആ കട്ടിലിൽ കുട്ടികൾ കയറി ഇരിപ്പുമായി. മേരി തന്റെ ചാരുകസേരയിൽ ചാരിക്കിടന്നു. കുട്ടികൾ അബ്രാഹംവാദ്ധ്യാരെ ശുശ്രൂഷക്കാൻതുടങ്ങി. അബ്രാഹംവാദ്ധ്യാർ എന്നാൽ കഥയുടെ ശേഷംഭാഗംകൂടി കേട്ടോളു എന്നു പറഞ്ഞുംകൊണ്ടു് പുഞ്ചിരിയോടുകൂടി പറയാൻതുടങ്ങി.

---

# അഞ്ചാം ദിവസത്തെ കഥ.

അങ്ങിനെ ആറേഴുദിവസങ്ങൾകൂടി നമ്മുടെ തങ്കമ്മയും പൊന്നപ്പനും കുട്ടികളും വയലാററു താമസിച്ചു. അപ്പോൾ അവിടത്തെ അഞ്ചൽശിപായി ഒരെഴുത്തു കൊണ്ടുവന്നു നമ്മുടെ പൊന്നപ്പൻവശം കൊടുത്തു. പൊന്നപ്പൻ എഴുത്തുപൊട്ടിച്ചു നോക്കിയപ്പോൾ അതിൽ "എന്റെ പ്രിയസ്നേഹിതാ, താങ്കളെ കണ്ടിട്ടും താങ്കളുടെ ഒരെഴുത്തു കിട്ടിയിട്ടും വളരെ നാളായല്ലോ എന്നു വിചാരിച്ചിരിക്കുമ്പോഴാണ് താങ്കളുടെ ഒരെഴുത്തു ഇപ്പോൾകിട്ടിയതു്. എഴുത്തിൽ പറഞ്ഞിരിക്കുന്ന ഉദ്യോഗം നിങ്ങൾക്കു ഇവിടത്തെ പള്ളിവകയായി ഇപ്പോൾ പുതുതായി പണിചെയ്യിച്ചിരിക്കുന്ന സ്ക്കൂളിൽ തന്നെ തരണമെന്നു ഞാൻ വിചാരിക്കുന്നു. അതിനായി ഇതുസഹിതം ഓർഡറും ചേർത്തിരിക്കുന്നു." എന്നും മററും വിവരിച്ചിരിക്കുന്ന ഒരെഴുത്തും അതൊന്നിച്ചു "തന്നെ എന്റെ മാനേജ്മെൻറിലുള്ള പുതിയ സ്ക്കൂളിൽ അടുത്തമാസം 1-ാംതീയതി മുതൽ തല്ക്കാലം ഇരുപതുരൂപാ ശമ്പളത്തിൽ ഹെഡ്മാസ്റ്ററായി നിയമിച്ചിരിക്കുന്നു. അതിനാൽ നിശ്ചിതദിവസംതന്നെ പത്തുമണിക്കു സ്ക്കൂളിൽ ഹാജരായി മുഴുക്കജോലി ചാർജ്ജെററുകൊള്ളണം" എന്നു് ഓഡർറും ഉണ്ടായിരുന്നു.

ഈ എഴുത്തു കിട്ടിയതിന്റെ നാലാംദിവസം ഒന്നാം തീയതി ആയിരുന്നതുകൊണ്ടു് അന്നുതന്നെ പൊന്നപ്പൻ എല്ലാവരോടും സംഗതികളൊക്കെപ്പറഞ്ഞു. പൊന്നപ്പന്റെ അമ്മയുംമററും താൻ ദൂരെപ്പോയി ജോലിചെയ്യുന്നതിനു തടസ്സം പറഞ്ഞെങ്കിലും പൊന്നപ്പൻ പോയേ മതിയാവു എന്നു നിർബ്ബന്ധിച്ചു പറകയാൽ അനുമതി

നൽകി. പൊന്നപ്പൻ അന്നുതന്നെ ആ പള്ളിയിലേക്കു യാത്രതിരിച്ചു. നിശ്ചിതദിവസം രാവിലെ അവിടെയെത്തി. പൊന്നപ്പൻെറ ഒരു കൂട്ടുവിദ്യാർത്ഥിയും സ്നേഹിതനുമായ ആ വികാരിഅച്ചൻ പൊന്നപ്പനെ വളരെയൊക്കെ സൽക്കരിക്കയും തൻെറ സ്ക്കൂളിലെ ഹെഡ്മാസ്റ്റർ ജോലി ചാർജേൽപ്പിക്കുകയും ചെയ്തു. അന്നുതന്നെ പൊന്നപ്പൻ ഈ വിവരങ്ങൾ കാണിച്ചു നില്ലാപുരത്തു പള്ളിയുടെ വികാരിഅച്ചനു ഒരു കത്തയയ്ക്കുകയും ചെയ്തു. എട്ടുപത്തുദിവസങ്ങൾ കഴിഞ്ഞു പൊന്നപ്പൻ മാനേജരച്ചനോടനുവാദം വാങ്ങിക്കൊണ്ടു തിരിച്ചു വയലാററുചെന്നു തങ്കമ്മയെയും കുട്ടികളെയും കൂട്ടിക്കൊണ്ടു് അവിടെ എത്തി ഒരു വീടു കൂലിക്കുവാങ്ങി അവിടെ പാർത്തു ജോലി ചെയ്യുവാൻ തുടങ്ങി. കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ നില്ലാപുരത്തു പള്ളിവികാരിഅച്ചൻ അവക്കും പൊന്നപ്പൻെറ പെട്ടികളെല്ലാം അവിടെ ഒരു എഴുത്തോടുകൂടി കൊടുത്തയച്ചു. തങ്കമ്മയും പൊന്നപ്പനും കുട്ടികളും ഇപ്പോഴും അവിടെത്തന്നെ താമസിച്ചുവരുന്നു. അവിടെ അവർ ചെന്നിട്ടു ഇപ്പോൾ എട്ടൊൻപതു വർഷത്തോളമായിരുന്നു. തങ്കമ്മ പിന്നീടു പ്രസവിച്ചതേയില്ല. പഴവീട്ടിലെ വർത്തമാനങ്ങൾ കൂടക്കൂടെ നില്ലാപുരത്തു പള്ളിവികാരിഅച്ചൻ വഴിയായി അറിയാറുണ്ടു്. തങ്കമ്മ കൂടക്കൂടെ തൻെറ അപ്പച്ചനു് എഴുത്തയയ്ക്കാറുണ്ടു്. അവളുടെ അപ്പൻെറ ഒരു എഴുത്തും അവൾക്കു് ഇതേവരെ കിട്ടിയിട്ടില്ല. പിന്നെ.........പൊന്നപ്പനു കിട്ടിവരുന്ന സ്വല്പശമ്പളംകൊണ്ടു ഇവർ ഒരുവിധം സുഖത്തോടും മനസ്സമാധാനത്തോടുംകൂടി കാലംകഴിച്ചുവരുന്നു. ഇപ്പോഴും തങ്കമ്മയ്ക്കും കുടുംബത്തിനും ആ "തിരുക്കുടുംബസ്വരൂപങ്ങൾ" ഉണ്ടു്. ആ തിരുരൂപങ്ങൾതന്നെ ഈ കുടുംബത്തിനു രക്ഷയായിട്ടുള്ളതു്............ഇങ്ങനെ "നമ്മുടെ കഥ" അവസാനിച്ചിരിക്കുന്നു. ഇനി "എൻെറ

കൊച്ചുമാത്തനും കൊച്ചന്നാമ്മയ്ക്കും ചോദിക്കാനുള്ള തൊക്കെ ചോദിക്കാം" എന്നു പറഞ്ഞിട്ടു് അബ്രാഹം വാദ്ധ്യാർ നിറുത്തി.

കൊച്ചുമാത്തൻ:—അപ്പച്ചാ! ആ എലിയാമ്മ നമ്മുടെ കഥാനായികയായ തങ്കമ്മയെ എന്തെല്ലാംവിധത്തിൽ കഷ്ടപ്പെടുത്തി. അതുകൊണ്ടു് ആ ദുഷ്ടയ്ക്കു എന്തു ഗുണമുണ്ടായി?

അബ്രാഹം:—അതുകൊണ്ടു് ആ ഏലിയാമ്മ തങ്കമ്മയുടെ സ്വത്തുക്കൾ അനുഭവിച്ചുവരുന്നു. നമ്മുടെ തങ്കമ്മയ്ക്കു ദൈവംതന്നെ ശരണം.

കൊച്ചന്നാമ്മ:—എന്റെ അപ്പച്ചാ! ആ തങ്കമ്മയുടെ മക്കളിൽ ഒരാളിന്റെ പേരു് എന്റെ ഈ ഇച്ചാച്ചന്റെ ഒന്നാമത്തെപ്പേരും, ഒരാളിന്റെ പേരു് എന്റെ പേരായ അന്നയെന്നുമായതുകൊണ്ടു് എനിക്കു് ആ കുട്ടികളോടും ധീരയായ തങ്കമ്മയോടും സാധുവായ പൊന്നപ്പനോടും എന്തു സ്നേഹം തോന്നുന്നു. മഹാരാജാവിന്റെ സമ്മാനങ്ങളും ആ നല്ല തങ്കമ്മയ്ക്കും, അന്നയെന്ന ആ കൊച്ചുകുട്ടിക്കും കിട്ടിയല്ലോ. അയ്യോ! പൂർണ്ണഗർഭിണിയായിരുന്ന ആ തങ്കമ്മ നിന്നുംകൊണ്ടു് ഒരു ഘാതകനെ വെട്ടുകയും ആ അന്നയെന്ന കുട്ടിയെ പ്രസവിക്കുകയും ഒരുപോലെ ചെയ്തതും, ഈ സാധുക്കളെ ഇട്ടുപൂട്ടി ആ ദയാശൂന്യാ അർദ്ധരാത്രിസമയം പുരയ്ക്കു തീവച്ചതും ഓർക്കുമ്പോൾ എനിക്കു് എന്തു ആശ്ചര്യവും സങ്കടവും തോന്നുന്നു. അപ്പച്ചാ! ഇവരൊക്കെ ഇപ്പോൾ ജീവിച്ചിരിക്കുന്നോ? അപ്പച്ചൻ ഇവരെയൊക്കെ അറിയും ഇല്ലേ? ആ പൊന്നപ്പന്റെവീടും വയലാററാണല്ലൊ. അതുകൊണ്ടു് അപ്പച്ചൻ ഈവത്തമാനങ്ങളൊക്കെ ആ പൊന്നപ്പനിൽ നിന്നറിഞ്ഞതായിരിക്കും. അല്ലേ? അതൊ അപ്പച്ചൻ

ഈ വർത്തമാനങ്ങൾ പത്രത്തിൽനിന്നു വായിച്ചറിഞ്ഞതാണോ?

മേരി:—(കൊച്ചന്നാമ്മയെ കൊച്ചുകുട്ടികളെ എടുക്കുന്നതുപോലെ രണ്ടു കൈകൊണ്ടും എടുത്തു തന്റെ മടിയിൽ കിടത്തി പൊട്ടിക്കരഞ്ഞുംകൊണ്ടു്)—എന്റെ ഓമനമകളേ! കൊച്ചന്നാമ്മേ! അവരെല്ലാം ദൈവകൃപയാൽ ഇപ്പോൾ ഒരുവിധം സുഖത്തോടുകൂടി ജീവിച്ചിരിക്കുന്നു. ഈ വർത്തമാനങ്ങൾ അപ്പച്ചൻ ആ പൊന്നപ്പനിൽനിന്നറിഞ്ഞതാണു്.

കൊച്ചുമാത്തൻ:—(ആശ്ചര്യത്തോടുകൂടി) അമ്മച്ചീ! അമ്മച്ചി അതിനെന്തിനാണു കരയുന്നതു്.

മേരി: എന്റെ മകനേ! എനിക്കും ആ തങ്കമ്മയോടും, അവളുടെ പ്രിയഭർത്താവിനോടും, ആ നല്ല കുട്ടികളോടും, വളരെ സ്നേഹം തോന്നിയതിനാലാണു കരഞ്ഞുപോയതു്. എന്റെ കൊച്ചുമാത്തനു് ആ കുടുംബത്തെപ്പററിയുള്ള അഭിപ്രായം എന്താണു്......നീ ആ തങ്കമ്മയേയും മററും സ്നേഹിക്കുന്നോ?

കൊച്ചുമാത്തൻ:—എന്റെ പൊന്നമ്മച്ചീ! "നിന്നെപ്പോലെ നിന്റെ സഹോദരനേയും നീ സ്നേഹിക്ക" എന്ന ആ വേദപ്രമാണവാക്യം എന്റെ ഹൃദയത്തിൽ ശോഭയോടുകൂടി ഉദിച്ചിരിക്കുന്നതിനാൽ......ഞാൻ ആ ധീരയും അനാഥയുമായ കുട്ടിത്തങ്കമ്മയെ എന്റെ അമ്മച്ചിയെപ്പോലെയും, ആ പൊന്നപ്പനെ എന്റെ ഈ പൊന്നപ്പച്ചനെപ്പോലെയും, ആ സാധു കുട്ടികളെ എന്റെ ഈ കൊച്ചന്നാമ്മയെപ്പോലെയും സ്നേഹിക്കുന്നു......ഇങ്ങനെ സ്നേഹിക്കാമെന്നല്ലെ അമ്മച്ചി ഇന്നലെ പറഞ്ഞതു്...ഇതിൽ വല്ല പാപവും ഉണ്ടോ...അപ്പച്ചാ.

മേരി:—കൊള്ളാം, എന്റെ ഓമനമകനായ നിന്റെ ഈ സഹോദരസ്നേഹത്തെ ഞാൻ വളരെ അഭിന

ദിക്കുകയും മേലും നീ ഇതുപോലെതന്നെ ഈ ദൈവ പ്രമാണത്തെ നിന്റെ മരണപൎയ്യന്തം കാത്തുവരുവാൻ ഞാൻ ആശിക്കുകയും, ഇതിനുള്ള സഹായം നിനക്കു ദൈവം നൽകാൻ ഞങ്ങൾ എപ്പോഴും പ്രാൎത്ഥിക്കുകയും ചെയ്യും.

കൊച്ചന്നാമ്മ:—എന്നാൽ ഞാനും എന്റെ ഇച്ചാച്ചന്റെ അഭിപ്രായത്തോടു ചേരുന്നു.

അബ്രാഹം:—എന്റെ ഓമനമക്കളെ! ഒന്നാമത്തു് "എല്ലാവസ്തുക്കളേക്കാൾ ദൈവത്തെ നിങ്ങൾ സ്നേഹിക്കണം." രണ്ടാമത്തു് "നിങ്ങളേപ്പോലെ നിങ്ങളുടെ അയൽക്കാരേയും സ്നേഹിക്കണം" എന്ന ഈ വേദപ്രമാണം നിങ്ങളുടെ മരണപൎയ്യന്തം നിങ്ങൾ കാക്കണം.

കൊച്ചുമാത്തൻ:—എന്റെ അപ്പച്ചാ നമ്മുടെ കഥയിൽ നിക്ലാപുരി എന്ന പട്ടണം ഉണ്ടല്ലോ, അതു് എവിടെയാണു്. തിരുവിതാംകൂറിലുള്ള പട്ടണമല്ലല്ലോ.

കൊച്ചന്നാമ്മ:—ഹേമപുഷ്പകശ്ശേരി നാട്ടിലാണെന്നല്ലേ അപ്പച്ചൻ പറഞ്ഞതു്..... ഇതൊന്നുമല്ല എനിക്കു് അതിശയം തോന്നിയതു്. ആ തങ്കമ്മയുടെ പ്രസവം ഒന്നു മാത്രമാണു്. അയ്യോ!

മേരി:—(പൊട്ടിക്കരഞ്ഞുകൊണ്ടു്) എന്റെ ഓമനമക്കളേ, കൊച്ചന്നാമ്മേ, അപ്പച്ചൻ പറഞ്ഞവസാനിപ്പിച്ച കഥയിൽ ദുഷ്ടനായ പോത്തന്റെ കാൽ വെട്ടി മുറിയ്ക്കുയും അതോടെ പ്രസവിക്കുകയും ചെയ്ത ആ എന്റെ "കുട്ടിത്തങ്കമ്മ" ഞാനും, ആ ഘാതകന്റെ രക്തപ്രവാഹത്തിനിടയിൽ കിടന്നുരുണ്ട "അന്നയെന്ന" കുട്ടി നീയും കൊച്ചുയോഹന്നാവായെന്ന കുട്ടി നിന്റെ ഈ "കൊച്ചുമാത്തൻ" എന്നു ഇച്ചാച്ചനും, ആ പൊന്നപ്പൻ നിങ്ങളുടെ ഈ "പൊന്നപ്പച്ചനും" ആകുന്നു.

കൊച്ചുമാത്തൻ:—അയ്യോ! എൻെറ പൊന്നമ്മച്ചീ! ഈ പറഞ്ഞതൊക്കെ സത്യമാണോ? വേഗം എന്നോടു പറയണമേ, എന്നു പറകയും പൊട്ടിക്കരകയും ചെയ്തു.

അബ്രാഹം:—(കട്ടിലിൽനിന്നെഴുന്നേററു കൊച്ചുമാത്തനെ പിടിച്ചു മടിയിൽ ഇരുത്തിയിട്ടു വിമ്മിവിമ്മിക്കരഞ്ഞുകൊണ്ടു്) ഓമനമകനായ കൊച്ചുമാത്താ, എൻെറ വാത്സല്യമകളായ കൊച്ചന്നാമ്മേ! നിങ്ങളുടെ അമ്മച്ചി ഈ പറഞ്ഞതൊക്കെ വാസ്തവമാണു്. നിങ്ങളുടെ അമ്മച്ചി പഴവീട്ടിൽ യോശുവാ സാറാ എന്ന മാതാപിതാക്കളിൽനിന്നു പിറന്നു ജ്ഞാനസ്നാനം ചെയ്യിച്ചപ്പോൾ "മറിയം" എന്നു പേരിട്ടു. ഈ മറിയത്തെ തൻെറ അമ്മ ഓമനയായി "എൻെറ കുട്ടിത്തങ്കമ്മ" എന്നു വിളിച്ചുവന്നു. ഈ തങ്കമ്മയെ സ്ക്കൂളിൽ അയച്ചപ്പോൾ വാദ്ധ്യാർ "മേരിയോശുവാ" എന്നു് അഡ്മിഷൻ രജിസ്റ്ററിൽ പേരെഴുതി. മേരി എന്ന വാക്കു് ഇംഗ്ലീഷാണു്. അതുപോലെതന്നെ എന്നെ മാമോദീസാ മുക്കിയപ്പോൾ "അബ്രാഹം" എന്നു പേരിട്ടു. എൻെറ മാതാപിതാക്കൾ എന്നെ ഓമനയായി "പൊന്നപ്പാ" എന്നു വിളിച്ചുവന്നു. ഇപ്പോഴും എൻെറ അമ്മച്ചി എന്നെ വിളിക്കുന്നതു് പൊന്നപ്പാ എന്നും നിങ്ങളുടെ അമ്മച്ചിയെ വിളിക്കുന്നതു് തങ്കമ്മ എന്നും തന്നെയാണു്. എൻെറ കൊച്ചുമാത്തൻ കഥയുടെ ഇടയ്ക്കു പറഞ്ഞതുപോലെ എൻെറ കൊച്ചുമാത്തനെ മാമോദീസാ മുക്കിയപ്പോൾ തങ്കമ്മയായ ഈ മേരിയുടെ അപ്പൻെറ പേരായ യോശുവാ എന്ന പേരിട്ടു. മുമ്പിലത്തെ ഒപ്പു വൃശ്ചമാ ഈയിടെ കിട്ടിയപ്പോഴാണു് മത്തായി എന്ന എൻെറ അപ്പച്ചൻെറ പേരുകൂടി ഇടുവിച്ചതു്. തങ്കമ്മയുടെ സ്വദേശത്തുവച്ചു് കൊച്ചുമാത്തനെ കുഞ്ഞുമാണിക്കം

എന്നു ഓമനിച്ചു വിളിക്കുന്നു. അവിടെനിന്നു പോന്നതുമുതൽ കൊച്ചുമാത്തൻ എന്ന ഈ പേരാൽതന്നെ നിന്നെ വിളിച്ചുവന്നു. ഈ പറഞ്ഞ സംഭവങ്ങൾ ഒക്കെയും സത്യംതന്നെയാണു്. ഞാൻ ചീത്തഭാഗമുള്ളവയിൽ കുറേമാത്രമേ മറച്ചിട്ടുള്ളു. അതു നിങ്ങളോടു ഒരിക്കലും പറകയില്ല. നിങ്ങൾ അതറികയും വേണ്ട. ഇത്രയും കേട്ടപ്പോൾ കൊച്ചുമാത്തനും കൊച്ചന്നാമ്മയുംകൂടി തങ്കമ്മയായ തങ്ങളുടെ പ്രിയമാതാവിന്റെ കയ്യും കാലും മാറിമാറി മുത്തുകയും ഓരോന്നോലാലെ കരയുകയും ചെയ്തശേഷം പൊന്നപ്പനായ അബ്രാഹംവാദ്ധ്യാരുടെ കാലുകളിൽ രണ്ടു കുട്ടികളും കെട്ടിവീണു കരഞ്ഞുംകൊണ്ടു് ഞങ്ങളുടെ പ്രിയപിതാവായഅങ്ങും ഞങ്ങളുടെതങ്കമ്മച്ചിയുംകൂടി ഞങ്ങളെയുംകൊണ്ടു് ഈ വീട്ടിൽവന്നു പാർത്തശേഷം നടന്ന സംഭവങ്ങളും ഞങ്ങളോടു പറയണമേ എന്നു ഒരുപോലെ പറഞ്ഞുകരഞ്ഞു. ഈ കുട്ടികളുടെ കരച്ചിൽ കണ്ടു അബ്രാഹംവാദ്ധ്യാരും മേരിയും വാവിട്ടു കരഞ്ഞു. ഇങ്ങനെ കുറേനേരംകഴിഞ്ഞു് അബ്രാഹംവാദ്ധ്യാർ തന്നത്താൻ ആശ്വസിച്ചശേഷം എല്ലാവരേയും സമാശ്വസിപ്പിച്ചിട്ടു്,

അബ്രാഹം:—എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, നമ്മുടെ ഈ ദുഃഖങ്ങളൊക്കെ അവസാനിക്കാറായി...... ഇനി സന്തോഷമായിരിക്കുക.

കൊച്ചുമാത്തൻ:—(ദീർഘശ്വാസമിട്ടുകൊണ്ടു്) അപ്പച്ചാ എനിക്കു ചില സംശയങ്ങളുണ്ടു്. അതുകൂടി തീർത്തുതരണം.

അബ്രാഹം:—എന്താണു കേൾക്കട്ടെ.

കൊച്ചുമാത്തൻ:—അന്നു നാം പാർത്തിരുന്ന പുത്തൻ വീടിനു തീപിടിച്ചപ്പോൾ അപ്പച്ചന്റെ ദേഹത്തിൽ പലേടത്തും തീപൊള്ളിയതുള്ളതാണോ?......അമ്മച്ചിക്കു

മഹാരാജാവു തിരുമനസ്സുകൊണ്ടു് ഒരു തിരുവാഴിയും ഈ കൊച്ചന്നാമ്മയ്ക്കു് രണ്ടു കനകവളകളും കല്പിച്ചയച്ചു കൊടുത്തതും അവിടത്തെ മജിസ്ട്രേട്ടു് അമ്മച്ചിക്കു് ഒരു നല്ല പുസ്തകം സമ്മാനം കൊടുത്തതും എവിടെ?

കൊച്ചന്നാമ്മ:—എൻെറ അപ്പച്ചാ ഇത്രനാളായിട്ടും അപ്പച്ചനും അമ്മച്ചിയും ഈ കാര്യങ്ങളൊക്കെ ഞങ്ങളോടു പറയാതെ മറച്ചുവെച്ചിരുന്നതെന്താണു്?

മേരി:—തനിക്കു മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചയച്ചുകൊടുത്ത സമ്മാനമായ മോതിരം പെട്ടിയിൽനിന്നെടുത്തു കുട്ടികളെ കാണിച്ചുകൊടുത്തു. മോതിരത്തെ സൂക്ഷിച്ചു നോക്കീട്ടു് കൊച്ചന്നാമ്മ, "ഇതാ മോതിരത്തിലും എൻെറ വളകളിലുള്ളതുപോലെ ഒരടയാളം കാണുന്നുണ്ടു" എന്നു പറഞ്ഞു. അപ്പോൾ കൊച്ചുമാത്തൻ കൊച്ചന്നാമ്മയുടെ വളകളിലും ഈ മോതിരത്തിലും സൂക്ഷിച്ചുനോക്കിയുംവച്ചു് "ശരി, ഇതു നമ്മുടെ മഹാരാജാവിൻെറ മുദ്രതന്നെ. സ്റ്റാമ്പുകളിലും മററും കാണുന്ന മുദ്രയും ഇതുമായി ഒരു വ്യത്യാസവും ഇല്ല" എന്നു പറഞ്ഞു. മേരി, വീണ്ടുമൊരു പുസ്തകമെടുത്തു കുട്ടികളെ കാണിച്ചു. അതിൻെറ ആദ്യവശത്തു മലയാളത്തിൽ എഴുതിയിരുന്നതിനെ കൊച്ചുമാത്തൻ വായിച്ചു നോക്കിയിട്ടു് ആഹാ! ഇതാണല്ലോ അന്നു മജിസ്ട്രേട്ടു് അമ്മച്ചിക്കു സമ്മാനംതന്ന പുസ്തകം. ഇവ ഓരോന്നോരോന്നായി പതം പറഞ്ഞു് ഈ കുട്ടികൾ കരയാൻ തുടങ്ങി. അബ്രാഹം കുട്ടികളെ ആശ്വസിപ്പിച്ചു.

കൊച്ചുമാത്തൻ:—എൻെറ അപ്പച്ചാ നമുക്കു് ഈ വിധമൊക്കെ പററിയല്ലോ. അപ്പച്ചൻ ഹേമപുഷ്പകശ്ശേരി, നിക്ലാപുരിഎന്നൊക്കെ സ്വദേശത്തെപ്പററി പറഞ്ഞിരിക്കുന്നതെന്താണു്.

അബ്രാഹം:—ഇതു ശരിയാണു്. ആ വാക്കുകളിൽ ശ്രദ്ധമായി നമ്മുടെ സ്വദേശത്തിൻെറ പേർ ഇരിക്കുന്നുണ്ടു്. അവ ആലോചിച്ചാൽ മനസ്സിലാകും എന്നു പറകയും തൻെറ ദേഹത്തിൽ പലെടത്തും തീ പൊള്ളി സുഖമായ പാടുകൾ ഉണ്ടായിരുന്നവ അവരെ കാണിച്ചു കൊടുക്കയും ചെയ്തു. മേരി ഒരെഴുത്തു കവറോടുകൂടി കൊച്ചുമാത്തൻവശം കൊടുത്തു. കൊച്ചുമാത്തൻ ആ എഴുത്തു നോക്കീട്ടു് ആഹാ! ഇതു ഇംഗ്ലീഷാണല്ലോ. ഇതിലും നമ്മുടെ പൊന്നുതമ്പുരാൻെറ മുദ്ര കാണുന്നുണ്ടു്. ഇതായിരിക്കും അന്നത്തെ തിരുവെഴുത്തു്. എല്ലാം സത്യംതന്നെ. എൻെറ പ്രിയപ്പെട്ട അപ്പച്ചാ, എൻെറ അമ്മച്ചി, എല്ലാം വിശ്വസിച്ചിരിക്കുന്നു. ദയവുണ്ടായി ശേഷം വർത്തമാനങ്ങൾകൂടി പറയണമേ. അയ്യോ! എനിക്കു് ഓർത്തിട്ടു് സഹിക്കാൻ മേലാ എന്നു കരഞ്ഞുംകൊണ്ടു പറഞ്ഞു.

അബ്രാഹം:—എൻെറ കൊച്ചുമാത്തച്ചാ, നാം ഇവിടെ വന്നിട്ടു് ഇതേവരെ സുഖത്തോടുകൂടിയും മനസ്സമാധാനത്തോടുകൂടിയും പാർത്തുവരുന്നു. നിൻെറ അമ്മച്ചിയുടെ അപ്പച്ചനായ യോശുവായ്ക്കു് നാം പോന്നതിൽ പിന്നെ ആ ഏലിയാമ്മയിൽനിന്നു മൂന്നു മക്കൾകൂടി ഉണ്ടായതായും അവിടത്തെ വസ്തുക്കളുടെ ആദായംകൊണ്ടു് ആ ഏലിയാമ്മയുടെപേർക്കു് മൂന്നുമുറി പുരയിടങ്ങൾ വാങ്ങിച്ചതായും അവരൊക്കെ സുഖത്തോടുകൂടി ഇന്നലേവരെ താമസിച്ചുവരുന്നതായും മററും ഞങ്ങൾ ആ നിക്ലാപുരി പള്ളിവികാരി അഛനവർകളിൽനിന്നു് അപ്പോഴപ്പോൾ അറിഞ്ഞിരിക്കുന്നു. ഇതുകൂടാതെ നിങ്ങളുടെ അമ്മച്ചിയുടെ ആങ്ങള (ആ ഏലിയാമ്മയുടെ മൂത്തമകൻ) ആയ പി. ജെ. വർഗ്ഗീസ്സ് എന്ന കുട്ടി അവിടത്തെ എച്ചു്. ജി. വി. സ്ക്കൂളിൽ ഏഴാംക്ലാസ്സിൽ പഠിച്ചുവരുന്നതായും ഞങ്ങൾ

അറിഞ്ഞിരിക്കുന്നു. ഇവിടെനിന്നും നിങ്ങളുടെ അമ്മച്ചി ഒരാഴ്ചയിൽ ഒരെഴുത്തുവീതം അപ്പച്ചന്റെ മേൽവിലാസത്തിൽ അയച്ചുവരുന്നു. എന്നാൽ ഇതേവരെ അദ്ദേഹം ഒരു മറുപടിയും അയച്ചിട്ടില്ല. ഇങ്ങനെ ഇരിക്കെ ഈ കഴിഞ്ഞ ക്രിസ്തുമസ്സ് തിരുനാൾ ദിവസം അവിടെ കിട്ടത്തക്കവിധം നിങ്ങളുടെ അമ്മച്ചി അദ്ദേഹത്തിന്റെ പേൎക്ക് ഒരെഴുത്തും അതുസഹിതം അവിടെയുള്ള എല്ലാ കുട്ടികൾക്കുമായി കുറച്ചു പടങ്ങളും വിശേഷാൽ മേൽപ്പറഞ്ഞ പി. ജെ. വൎഗ്ഗീസ് എന്ന കുട്ടിക്ക് നമ്മുടെ കൎത്താവിന്റെ പിറവി എന്ന ഒരു പെറിയ പുസ്തകവും അയച്ചുകൊടുത്തു. ആ പുസ്തകത്തിന്റെ ചില വശങ്ങളിലായി ആ കുട്ടി അറിവാൻ ചില വൎത്തമാനങ്ങളും എഴുതിയിരുന്നു.

ആ പുസ്തകത്തിൽ എഴുതിയിരുന്ന എഴുത്തിനു് ആ പി. ജെ. വൎഗ്ഗീസ് ഒരു മറുപടി അയച്ചു. അതിവിടെ കിട്ടിയപ്പോൾ ആ കുട്ടിയ്ക്കായി ഒരു ദീൎഘമായ ലേഖനം ഞാനും നിങ്ങളുടെ അമ്മച്ചിയുംകൂടി ആലോചിച്ചു് എഴുതിഅയച്ചു. അതിനും ആ കുട്ടി മറുപടി അയച്ചുതന്നു. ഇതിനും പുറമെ ഇന്നു സന്ധ്യയ്ക്കുമുമ്പു് നമ്മുടെ തപാൽശിപായി കൊണ്ടുവന്നുതന്ന കമ്പിയും പി. ജെ. വൎഗ്ഗീസ് അയച്ചുതന്നതാണു്. ആ കുട്ടി അയച്ചതായ എഴുത്തുകൾ രണ്ടും കമ്പിയും കേട്ടോളൂ എന്നുപറഞ്ഞു് എഴുത്തുകളും കമ്പിയും എടുത്തു് ഓരോന്നോരോന്നായി വായിച്ചു കേൾപ്പിക്കുന്നു.

(ഒന്നാമത്തെ എഴുത്തു്.)

എന്റെ പ്രിയസഹോദരീ!

"നമ്മുടെ കൎത്താവിന്റെ പിറവി" എന്ന പുസ്തകം ഒരു പ്രതി അയച്ചിരുന്നതു വീട്ടിൽ ഒരു മേശപ്പുറത്തിരു

ന്നു. അതെടുത്തു് തുറന്നു നോക്കിയപ്പോൾ എന്റെ പേർ എഴുതിയിരിക്കുന്നതു കണ്ടു. അപ്പച്ചനോടു ഈ പുസ്തകം എവിടെനിന്നാണെന്നു ചോദിച്ചിട്ടു് "നിനക്കായി ഞാൻ വിലയ്ക്കു വാങ്ങിയതാണെന്നു പറഞ്ഞു. ഉടനെ ഞാൻ ആ പുസ്തകം കയ്യിലെടുത്തു. ഇപ്പോൾ വെക്കേഷൻ കാലമായതുകൊണ്ടു് ആ നല്ല പുസ്തകം വായിക്കാൻ എനിക്കു സൌകര്യംകിട്ടി. പുസ്തകം വായിച്ചുവന്നപ്പോൾ അതിന്റെ ഒരു വശത്തു് ആദ്യവശത്തെ കെട്ടപ്പടയിൽ ചില കയ്യെഴുത്തുകൾ കണ്ടു. അതു വായിച്ചുനോക്കിയപ്പോൾ ഈ പുസ്തകം അയച്ച ആളായ എന്റെ പെങ്ങളുടെ മേൽവിലാസവും ആ വശംമുതൽ പലേടത്തായി എന്റെ പേക്കു് എഴുതിയിരിക്കുന്ന എഴുത്തും മനസ്സിരുത്തി വായിച്ചു. എനിക്കു മനസ്സിൽ വളരെ വ്യസനം തോന്നുന്നു. ഇതിനെപ്പറ്റി അപ്പച്ചനോടു ചോദിച്ചിട്ടു നേരും ചൊവ്വും പറയുന്നില്ല. എന്നാൽ ഞാൻ പുറമെ തിരക്കിയതിൽ ഇങ്ങനെ ഒരു പെങ്ങൾ നിനക്കുണ്ടായിരുന്നു. അവൾ എവിടെയോ പുറപ്പെട്ടുപോയി എന്നു ചിലരും മരിച്ചുപോയി എന്നാണു് ഞങ്ങളുടെ അറിവു് എന്നു മറ്റു ചിലരും പറയുന്നു. വീണ്ടും ഈ പുസ്തകത്തിലെ എഴുത്തു് അപ്പച്ചനെ കാണിച്ചുകൊണ്ടു നിർബന്ധിച്ചു ചോദിച്ചു. അതിനു് അപ്പച്ചൻ പറയുന്നതു് എനിക്കു് മുൻപിലത്തെ കെട്ടിൽ തങ്കമ്മ എന്നൊരു മകളുണ്ടായിരുന്നു. അവൾ കുറെ അധികം മുൻപു മരിച്ചുപോയി. ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതു് ആ തങ്കമ്മയെപ്പറ്റി അറിഞ്ഞിട്ടുള്ളവരിൽ ആരോ ആണു് എന്നൊക്കെയാണു്. സത്യമൊക്കെ വിവരമായി ഉടനെ പെങ്ങൾ എന്നെ അറിയിപ്പാറാകണം. ചില അയൽവാസികളുടെ വാക്കും ഈ പുസ്തകത്തിലെ എഴുത്തും അപ്പച്ചന്റെ സംഭാഷണവും എന്നെ അത്യധി

കാം സംശയിപ്പിക്കുകയും വ്യസനിപ്പിക്കുകയും ചെയ്യുന്നു. വേഗം എന്നെ വിവരം അറിയിക്കണമെ.

എന്നു് പി. ജെ. വറുഗീസ് (ഒപ്പു്)

(രണ്ടാമത്തെ എഴുത്തു്)

എന്റെ എത്രയും പ്രിയപ്പെട്ട പെങ്ങളെ!

എന്റെ മേൽവിലാസത്തിൽ അയച്ച വിവരമായ എഴുത്തു് ഞാൻ അഞ്ചലാപ്പീസിൽ ഒരെഴുത്തിടാൻ ചെന്നപ്പോൾ കിട്ടി. ഞാൻ അതിനെ ഉടൻ പൊട്ടിച്ചു് അവിടംമുതൽ വായിച്ചുംകൊണ്ടുപോരുമ്പോൾ ഓലോലെ കരഞ്ഞുപോയി. എന്റെ കരച്ചിൽ കണ്ടു് വഴിപോക്കർ എന്താ നീ കരഞ്ഞുംകൊണ്ടു് വായിക്കുന്നതു് എന്നു ചോദിച്ചു. ഇങ്ങനെ കരഞ്ഞും ആശ്വസിച്ചും ഒരുവിധം ആ ലേഖനത്തെ വായിച്ചുതീർത്തുംകൊണ്ടാണു വീട്ടിൽ എത്തിയതു്. അപ്പച്ചനോടു പെങ്ങളുടെ കാര്യത്തെപ്പററി വീണ്ടും ചോദിച്ചു. എന്നിട്ടും അപ്പച്ചൻ ഒന്നും തുറന്നു പറഞ്ഞില്ല. ഉടനെ ഞാൻ പൊട്ടിക്കരഞ്ഞുകൊണ്ടു് പെങ്ങളുടെ ദീർഘലിഖിതം അപ്പച്ചനെ വായിച്ചു കേൾപ്പിക്കാൻ തുടങ്ങി. കരഞ്ഞുംകൊണ്ടുള്ള എന്റെ വായനകേട്ടു നമ്മുടെ കൊച്ചുസഹോദരന്മാരും എന്റെ അമ്മയും ഓടി എത്തി. പ്രിയപ്പെട്ട എന്റെ പെങ്ങളെ! എഴുത്തു ഭാഗംതോറും അപ്പച്ചൻ കുറേശ്ശ കരയാൻതുടങ്ങി. നമ്മുടെ കൊച്ചുസഹോദരങ്ങളുടെ കരച്ചിൽകൊണ്ടു വായിക്കുന്നതു കേൾക്കാൻ നിവൃത്തിയില്ലാതായി. ഞങ്ങളുടെ അമ്മമാത്രം കല്ലുപോലെ അവിടെ നിന്നു. ഇതെല്ലാം വായിച്ചുകഴിഞ്ഞപ്പോൾ അമ്മ ചിലതെല്ലാം പുലമ്പി പറഞ്ഞുംവെച്ചു് അടുക്കളയിലേയ്ക്കു പൊയ്ക്കളഞ്ഞു. അപ്പച്ചൻ പെങ്ങളെപ്പററിയും പെങ്ങളുടെ കഷ്ടങ്ങളെപ്പററിയും വിശദമായി പറ

ഞ്ഞുകേൾപ്പിച്ചു. ഇടയ്ക്കിടെ അപ്പച്ചൻ കരഞ്ഞുകൊണ്ടാണു പറഞ്ഞതു്. പെങ്ങളുടെ എഴുത്തുകൾ ആഴ്ച്ചതോറും അപ്പച്ചനു കിട്ടാറുണ്ടെന്നും ഒന്നുപോലും പൊട്ടിക്കാതെ ചുട്ടുകളഞ്ഞെല്ലാ എന്നും, "അയ്യോ! എന്റെ ഓമനക്കുട്ടിത്തങ്കമ്മയെ ഞാൻ എന്തു കഷ്ടപ്പെടുത്തി ... അയ്യോ! ദൈവമേ! എന്നെ ശിക്ഷിക്കരുതേ. ഈ സമ്പത്തുക്കളെല്ലാം അവളുടെ അമ്മയുടെ വകയായിരുന്നിട്ടും എല്ലാം ഉപേക്ഷിച്ചു ക്ഷമയോടുകൂടി പോയി തിരുവിതാംകൂറിൽ മലംപ്രദേശമായ പൂഞ്ഞാററിൽ ചെന്നു് അവിടെയുള്ള മഞ്ഞും കാററും മഴയും ഏററുകൊന്നല്ലോ. ഞാൻ ചെയ്ത ക്രൂരകൃത്യങ്ങൾക്കു മാപ്പു കിട്ടുമോ എന്റെ മകളേ! എന്നൊക്കെ പതംപറഞ്ഞു കരകയും ചെയ്തു. ഇതുകൂടാതെ എത്രയും വേഗത്തിൽ നിങ്ങളെ ഒക്കെ ഏതുവിധമെങ്കിലും വന്നു കാണണമെന്നും നിങ്ങളെ വിളിച്ചുകൊണ്ടുവന്നു് ഇവിടെ പാർപ്പിക്കണമെന്നും അപ്പച്ചൻ പറകയും ഞങ്ങൾക്കൊററിത്താമസിക്കാനായി ഒരു പുര പണിയിക്കാൻ അപ്പച്ചൻ ഇന്നു രാവിലെ തടിക്കായി പുറപ്പെടുകയും ചെയ്തു. പുര എത്രയും വേഗത്തിൽ ഞാനുംകൂടി ഉത്സാഹിച്ചു തീർപ്പിക്കും. എന്റെ പ്രിയപ്പെട്ട അളിയനും പൊന്നുപെങ്ങളും എന്റെ വാത്സല്യകുട്ടികളും ഇനി ആ പൂഞ്ഞാറെന്ന കാട്ടിൽതാമസിക്കണ്ടാ. ആ വനത്തിൽക്കൂടി നടന്നു് ഈരാററുപേട്ട സെൻറുതോമസ്സ് സ്കൂളിൽ പോയി എന്റെ പൊന്നളിയൻ ജോലിചെയ്തു കഷ്ടപ്പെടുകയും വേണ്ടാ. എല്ലാവരും ഇവിടെ വന്നു സുഖത്തോടുകൂടി പാർത്തു ഞങ്ങളെ ഒക്കെ പരിപാലിച്ചാലും. അളിയനു് ഇവിടെ അടുത്തു വല്ലെടത്തും ജോലി കിട്ടിയാൽ മാത്രം ജോലിചെയ്താൽമതി. ഇല്ലെങ്കിൽ വൃഥാ ഇവിടെ ഇരുന്നു വീട്ടുജോലികൾ ചെയ്തു താമസിക്കരുതോ? എനിക്കു് എന്റെ പ്രിയപ്പെട്ട അളിയനെയും പെങ്ങളെയും എന്റെ പ്രിയപ്പെട്ട കുട്ടികളെ

യും കാണ്മാൻ വളരെ ആഗ്രഹമായിരിക്കുന്നു. ഞാനും അപ്പച്ചനുംകൂടി താമസിയാതെ ഏതുവിധമെങ്കിലും അവിടെ എത്തും. നിങ്ങൾ ഇവിടെ വന്നു താമസിക്കുന്ന കാര്യത്തിൽ എന്റെ അമ്മച്ചി ചില തടസ്സങ്ങൾ ഒക്കെ പിന്നീടു പറഞ്ഞു. അപ്പോൾ ഞാൻ തക്കതായ സമാധാനം പറഞ്ഞു് അമ്മച്ചിയെ മടക്കിച്ചു. നിങ്ങളെ ഒക്കെ വേറാക്കി അമ്മച്ചിപറഞ്ഞു. അപ്പോൾ ഞാൻ അമ്മയോടു് ആ സാധുക്കളെ ഇനി വേറാക്കിപ്പറഞ്ഞാൽ ദൈവം ശിക്ഷിക്കുമെന്നു പൊട്ടിക്കരഞ്ഞുകൊണ്ടു പറഞ്ഞു പിണങ്ങി. ഇപ്പോഴും അമ്മയ്ക്കു് എന്നോടു നല്ല സന്തോഷമില്ല. മേൽ അങ്ങനെ വല്ലതുമുണ്ടായാൽ ഞാൻ എല്ലാംതീർത്തുകൊള്ളും. അമ്മയുടെ പഴയസ്വഭാവം മാറിയില്ലെങ്കിൽ ഞാൻ അതു നിർത്തും. പെങ്ങളുടെ എഴുത്തു ഞാൻ വികാരിഅച്ചനെ കാണിക്കുകയും അദ്ദേഹം എല്ലാം സത്യമാണെന്നു പറയുകയും ചെയ്തു. എഴുത്തിൽ വിവരിച്ചിരിക്കുന്നതിനു പുറമേയുള്ള എല്ലാ വിവരങ്ങളും വികാരിഅച്ചൻ വിശദമായി എന്നെപ്പറഞ്ഞു കേൾപ്പിച്ചു. ശേഷം പിന്നാലെ. പെങ്ങളുടെ മറുപടിക്കു ഞാൻ കാത്തിരിക്കുന്നു. എന്നു് കൊച്ചാങ്ങള,

പി. ജെ. വർഗ്ഗീസ് (ഒപ്പു്)

(ഇന്നു കിട്ടിയ കമ്പിയുടെ മലയാളതർജ്ജമ)

മിസ്സിസ്സ് അബ്രഹാം, പൂഞ്ഞാർ.

എന്റെ അമ്മയ്ക്കു് ഇന്നലെ രാവിലെ ഒരത്യാപത്തു നേരിട്ടിരിക്കുന്നു. ഇന്നലെ അപ്പച്ചനും അമ്മച്ചിയുമായി മാറി താമസിക്കുന്ന കാര്യത്തെപ്പററി വാഗ്വാദം ചെയ്തു. അമ്മ ദ്വേഷ്യപ്പെട്ടുംകൊണ്ടു് അടുക്കളയിലേക്കു പോയി. അടുപ്പിനടുത്തിരുന്ന വെള്ളം നിറഞ്ഞിരുന്ന ഒരു കുടത്തിൽ കാലുതട്ടി മറിഞ്ഞു് അടുപ്പിനകത്തേയ്ക്കു

റീഴകയും മുഖവും മാർവ്വും ആകെ പൊള്ളിയതു കൂടാതെ കണ്ണുരണ്ടും പൊട്ടിപ്പോകയും ചെയ്തു. ഉടനെ ഞാൻ ഓടിപ്പോയി അപ്പോത്തിക്കിരിയെ കൊണ്ടുവന്നു. അദ്ദേഹം നോക്കീട്ടു കണ്ണിനു മരണംവരെ കാഴ്ചയുണ്ടാകയില്ലെന്നും തലയിൽ ഇനി തലമുടി വരികയില്ലെന്നും, ചില വ്രണങ്ങൾ വളരെനാൾ കഴിഞ്ഞാലെ സുഖപ്പെട്ടുകയുള്ളൂയെന്നും പറഞ്ഞിരിക്കുന്നു. ആകപ്പാടെ വല്ലരെ കുഴപ്പംതന്നെ. പെങ്ങളും മറവും ഉടനെ ഇങ്ങോട്ടു പുറപ്പെടണം. ഈ വിവരം പെങ്ങളെ അറിയിക്കാൻ അപ്പച്ചൻ എന്നോടു ശട്ടംകെട്ടി. അപ്പോത്തിക്കിരി മുറയ്ക്കു ചികിത്സിക്കുന്നു.

എന്ന് പി. ജെ. വറുഗീസ്.

(ഇത്രയും കേട്ടപ്പോൾ കൊച്ചന്നാമ്മ):—കണ്ണടായിപ്പോയി.

കൊച്ചുമാത്തൻ:—അമ്പൊ! ആ ദ്രോഹിക്കുള്ളവന്നാൽ പോരായിരുന്നു.

അബ്രാഹം.—(കുട്ടികളെ ശാസിച്ചിട്ട്) അങ്ങനെ ഒരിക്കലും പറയരുതു്.

മേരി:- എന്റെ പ്രിയകുഞ്ഞുങ്ങളെ, അങ്ങനെ പറയരുത്. മറ്റൊരുത്തനുണ്ടാകുന്ന ദുഃഖത്തെക്കണ്ടു സന്തോഷിക്കരുതു്......അതു വലിയ പാപമാണു്.

അബ്രാഹം:—കുഞ്ഞുങ്ങളെ! ആ പി. ജെ. വറുഗീസ് എന്നകുട്ടി എത്രനല്ലവൻ. അവന്റെ സഹോദരസ്നേഹം എത്ര അഭിനന്ദിക്കത്തക്കതു്. അതുകൊണ്ടു നമുക്ക് ഇനി ഒട്ടും താമസിയാതെ ഇവിടെനിന്നു് അങ്ങോട്ടു പോകേണ്ടിയിരിക്കുന്നു.

മേരി:—വരട്ടെ......അപ്പച്ചനും മറവും വന്നിട്ട് അതു നിശ്ചയിച്ചാൽമതി.

കൊച്ചുമാത്തൻ:—അപ്പച്ചാ കൊള്ളാം! കാര്യമെല്ലാം കഴിഞ്ഞല്ലൊ. നമ്മുടെ ഈ നല്ല നാട്ടിനെയും ജനങ്ങളെയും പ്രത്യേകം അപ്പച്ചൻെറ മാനേജരായ പ്രിയപ്പെട്ട നമ്മുടെ ബ: വികാരിഅച്ചൻ അവർകളെയും, നമ്മുടെ ഈ പുത്തൻപള്ളിയെയും, നമ്മുടെ സെൻറുതോമസ്സ് സ്ക്കൂളിനേയുംമററും വിട്ടുപിരിഞ്ഞു പൊകണ്ടെ.. ..

കൊച്ചന്നാമ്മ:—അപ്പച്ചാ നമുക്ക് ഈ നല്ല ദേശത്തുനിന്നും പോകണ്ടാ.

അബ്രാഹം:—ഞാൻ പള്ളിക്കൂടം തുറന്നാലുടൻ "ഒരു മാസത്തിനകം ജോലിയിൽനിന്നു പിരിയു"മെന്നു വിവരിച്ചു മാനേജരച്ചൻ അവർകൾക്കു നോട്ടീസുകൊടുക്കും. എൻെറ ജോലി ഉപേക്ഷിക്കാതെ ഇവിടംവിട്ടുപോകാൻ നിവൃത്തിയില്ല.

കൊച്ചുമാത്തൻ:—അപ്പോൾ ഞങ്ങളും അതുവരെ ഞങ്ങൾ ഇപ്പോൾ പഠിച്ചുവരുന്ന സക്കാർസ്ക്കൂളിൽ തന്നെ പഠിക്കാമല്ലൊ. വൃഥാ ഇനി അപ്പച്ചൻെറ സ്ക്കൂളിലേക്കുംമററും മാറീട്ടാവശ്യമില്ല. ഇനി മാറുന്നതു സട്ടിഫിക്കററു വാങ്ങി സ്വദേശത്തെയ്ക്കുതന്നെയാകട്ടെ... ...അയ്യോ.....അയ്യൊ! എനിക്കു ആ പി. ജെ. വറുഗീസ് എന്ന എൻെറ ഇച്ചാച്ചനേയും, എൻെറ അപ്പാപ്പനേയുംമററും കാണാൻ എന്താഗ്രഹം തോന്നുന്നു.

മേരി:—ആഹാ! അപ്പച്ചനും മകനുംകൂടി പോകാൻ തീച്ചപ്പെട്ടുതിക്കഴിഞ്ഞല്ലൊ. ധൃതികൂട്ടാതെ. നോട്ടീസുകൊടുക്കാനും മററും വരട്ടെ. ഇനിയത്തെ സ്ഥിതി കൂടി അറിയട്ടെ., അപ്പച്ചനൊ ആ നല്ല പി. ജെ. വറുഗീസൊ ഇവിടെ വരാതെ ഈ "തങ്കമ്മ" ഈ വീട്ടിൽനിന്നു പുറത്തിറങ്ങുകയില്ല.

അബ്രാഹം:—എന്നാൽ അതുമതി.

കൊച്ചന്നാമ്മ:—അപ്പച്ചാ, അന്ന് അമ്മച്ചി പഴ വീട്ടിൽ നിന്ന കൊണ്ടുപോന്ന "തിരുക്കുടുംബസ്വരൂപങ്ങ" ളല്ലെ ഈ ഇരിക്കുന്നതു്.

അബ്രാഹം:—അതെ, ഈ "തിരുക്കുടുംബസ്വരൂപ ങ്ങൾ" അതുതന്നെയാണു്. ഈ തിരുക്കുടുംബസ്വരൂപ ങ്ങളാണു് നമ്മുടെ ഈ സാധുകുടുംബത്തിന്റെ മുഖ്യസ മ്പത്തു്......

കൊച്ചന്നാമ്മ:—അപ്പച്ചാ, നമ്മൾ ഇവിടംവിട്ടു പോകാനിടവന്നാൽ ഞങ്ങൾ പഠിച്ച പാട്ടുകൾ എവി ടെ പാടും.

മേരി:—അതു് അവിടെയുള്ള സ്ക്കൂളിലും പാടാം.

കൊച്ചുമാത്തൻ: എന്നാൽ അപ്പച്ചാ നമുക്കു് കി ടന്നുറങ്ങരുതേ. നേരം വെള്ളക്കാറായില്ലേ.

കൊച്ചന്നാമ്മ:—അപ്പച്ചൻ നല്ല അപ്പച്ചൻതന്നെ ദിവസവും പാഠപുസ്തകത്തിലെ പാഠങ്ങൾ കഥാരൂപേണ സൂത്രത്തിൽ ഞങ്ങളെ മനസ്സിലാക്കും. അതുപോലെത ന്നെ "നമ്മുടെ ചരിത്രം" ഈ ദിവസങ്ങൾക്കിടെ മറിച്ചു തിരിച്ചു ഞങ്ങളെ മനസ്സിലാക്കി. ഈ സമയംവരെ ഇ വ ഞങ്ങളോടുപറയാതെ വീട്ടിലേക്കു തിരിച്ചുപോകാൻ കാലമടുത്തപ്പോൾ പറഞ്ഞുകേൾപ്പിച്ചു. ഇതിനായി ഞങ്ങൾ വളരെ നന്ദിപറഞ്ഞുകൊള്ളുന്നു. അയ്യോ എ ന്റെ അമ്മച്ചി! എന്നെ അമ്മച്ചി പ്രസവിച്ചു പ്രസവം ഓക്കുമ്പോൾ എന്റെ ചങ്കുപൊട്ടുന്നു.

മേരി:—കുഞ്ഞേ! അതു് എന്നും നീ ഓക്കണം. അതോർത്തു വ്യസനിച്ചിട്ടാവശ്യമില്ല. മാതാപിതാക്കൾ മക്കൾക്കുവേണ്ടി ഇതിനേക്കാൾ വലുതാം കഷ്ടപ്പെട്ടാലു ന്നു വരുന്നക്കാം. മക്കൾ മാതാപിതാക്കളെ, ദൈവതതുക

ഴിഞ്ഞാൽ അധികമായി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതു ഇതൊക്കെക്കൊണ്ടാണു്. നമ്മുടെ ഈ തിരുക്കുടുംബസഹായങ്ങൾമൂലമാണു് നമുക്കു് ഈ വിധമുള്ള സഹായങ്ങൾ ഒക്കെ ലഭിച്ചതു്. അതുകൊണ്ടു മരണപര്യന്തം ഈ തിരുക്കുടുംബത്തോടു് (ഈശോ, മറിയം, യൌസേപ്പിനോടു്) നിങ്ങൾ ഭക്തിയുള്ളവരായിരിക്കണം.

അബ്രാഹം:—കുഞ്ഞുങ്ങളെ! എനിക്കു സ്വല്പംകൂടി പറയാനുണ്ടു്. അതുകൂടി ശ്രദ്ധയായി കേട്ടുംവച്ചു് കിടന്നുറങ്ങിയാൽ മതി.

കൊച്ചുന്നാമ്മ:—എന്റെ പൊന്നപ്പനായ പൊന്നപ്പച്ചാ, വേഗം പറയണമെ. എനിക്കുറക്കം വരുന്നു.

മേരി:—വേഗമാകട്ടെ, എനിക്കും ഉറക്കം വരുന്നു. നേരം വെളുപ്പാൻകാലമായി. അതാ കോഴിയല്ലേ കൂകിയതു്.

അബ്രാഹം:—എനിക്കും ഉറക്കം വന്നുകഴിഞ്ഞു. ഇപ്പോൾതന്നെ പറഞ്ഞു തീരത്തേക്കാം.

കൊച്ചുമാത്തൻ:—എന്റെ അപ്പച്ചാ വേഗം പറയണമെ. എനിക്കു് ഉറക്കവും മറവും വരുന്നില്ല.

അബ്രാഹം:—എന്റെ വാത്സല്യഭാജനങ്ങളേ! നിങ്ങളുടെ അപ്പൂപ്പനായ ആ യോശുവാ എന്ന ദേഹവും, ആ ഏലിയാമ്മയും, നിങ്ങളുടെ മാതാപിതാക്കളായ ഞങ്ങളോടും, നിങ്ങളോടും ചെയ്ത ക്രൂരകൃത്യങ്ങൾ സഹിക്കത്തക്കവയല്ല. ത്രിലോകനാഥനായ ദൈവത്തിന്റെ രണ്ടാമാളായ പുത്രൻതമ്പുരാൻ മനുഷ്യനായി പിറന്നു പാപികളായ നമുക്കുവേണ്ടി സഹിച്ച കഷ്ടപ്പാടുകൾ കാത്തു് ആ യോശുവാ എന്ന ദേഹത്തോടും ആ ഏലിയാമ്മയോടും ഞങ്ങൾ ക്ഷമിച്ചു് ഇതേവരെ താമസിച്ചു.

ഇതുപോലെതന്നെ നിങ്ങളും അവരോട്ട വിരോധം ഭാവിക്കുകയോ നിങ്ങൾ ഇവരെയൊക്കെ ഓൎത്തു വ്യസനിക്കുകയോ ചെയ്യരുതു. ഇങ്ങനെയൊക്കെ സംഭവിച്ചതു് ദൈവതിരുമനസ്സാണ്. ഈ ദൈവതിരുമനസ്സിനെ ഞങ്ങൾ കീഴ്വഴങ്ങി പാൎത്തു. നിങ്ങളുടെ അപ്പൂപ്പനും, ആ പി. ജെ. വറുഗീസ് എന്ന നിങ്ങളുടെ ഇച്ചാച്ചനും ഈയിടെ വന്നേക്കും. അപ്പോൾ നിങ്ങൾ അവരെ സന്തോഷത്തോടുകൂടി എതിരേററ് ആചാരംചെയ്തു സൽക്കരിക്കണം. നിങ്ങളുടെ അപ്പൂപ്പനും ഞങ്ങളുടെ പ്രിയ അപ്പച്ചനമായ ആ യോശുവാ എന്ന ദേഹം വന്നു് നമ്മുടെ ആ പി. ജെ. വൎഗ്ഗീസിന്റെ എഴുത്തുകളിൽ വിവരിക്കുന്ന പ്രകാരമൊക്കെ ചെയ്താൽ, നമുക്കു്, നമ്മുടെ ഈ "തിരുക്കുടുംബസ്വരൂപങ്ങളോ"ടുകൂടി നമ്മുടെ പഴവീട്ടിലേക്കു പോയി അവിടെ സുഖത്തോടുകൂടി താമസിക്കാം. ഇനി ശയനാരാധന കഴിക്കാം. എല്ലാവരും മുട്ടുകുത്തുക.

ശയനാരാധന.

തിരുക്കുടുംബമായ ഈശോമറിയം, യൗസേപ്പിനു് നിത്യസ്തുതിയുണ്ടായിരിക്കട്ടെ!!

പാട്ടു്.

(ആദിത്യപ്രഭപോൽ — എന്ന മട്ടു്.)

സങ്കീൎത്തനം 148.

സ്വൎഗ്ഗസ്ഥരെ, നിങ്ങളേവരുമൊത്തു — കൎത്താവിനെ-
[സ്തുതിപ്പിൻ!
അത്യുന്നതങ്ങളിൽ നിത്യവുമങ്ങേ — വാഴ്ത്തി-
[സ്തുകഴ്ത്തീടുവിൻ
കൎത്താവിൻദൂതരെ സൈന്യങ്ങളെ നിങ്ങൾ — കൎത്താവി-
[നെസ്തുതിപ്പിൻ!

രാജാക്കന്മാരേ, സർവ്വജാതികളെ—പ്രഭുക്കളെ നിങ്ങളും
ന്യായാധിപന്മാരെ കന്യകമാരേ—വൃദ്ധരേ
യുവാക്കന്മാരേ,
ബാലഗണങ്ങളെ ദൈവനാമം നിങ്ങൾ—വാഴ്ത്തി
സ്തുതിച്ചീടുവിൻ
കാട്ടുമൃഗങ്ങളെ കാലിവർഗ്ഗങ്ങളെ—നാട്ടിലിഴഞ്ഞീടുന്ന
ജന്തുക്കളെ സർവ്വപക്ഷികളെ നിങ്ങൾ—കർത്താവിനെ-
[സ്തുതിപ്പിൻ
പാരൊളിപരത്തും സൂര്യചന്ദ്രന്മാരെ—താരങ്ങളെ-
നിത്യവും
വാരിധിതന്നിൽ വാഴും മത്സ്യങ്ങളെ—കർത്താവിനെ-
സ്തുതിപ്പിൻ
താതനും, പുത്രനും, റൂഹായ്ക്കും നിത്യവും—സ്തോത്ര-
മുണ്ടായിടട്ടെ!
ഇന്നുമെന്നേക്കുമാദിമുതല്ക്കും—ഉള്ളതുപോലെയാമേൻ.

# കൊലയും കുമ്പസാരഭദ്രതയും!

ചെയ്തുപോയ തെറ്റുകളെക്കുറിച്ച് വൈദികനോട് [illegible]
പറയുന്നു; അതാണു കുമ്പസാരം. പുരാതനമായ [illegible]
നഗരത്തിൽ ഒരു വൈദികനുണ്ടായിരുന്നു,—വല്ലാത്ത [illegible]
നായ ഒരു മനുഷ്യൻ. എല്ലാവരും അദ്ദേഹത്തെ ബഹുമാനി[illegible]
ക്ഷേ, തന്റെ അന്തേവാസികളിൽ ഒരുവൻ അദ്ദേഹത്തി[illegible]
പ്രശസ്തിയിലും ജനസ്വാധീനത്തിലും അസൂയാലുവായിത്തീർന്നു[illegible]
അദ്ദേഹത്തെ അപകടപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി[illegible]
ന്ന് ആയാൾ പള്ളിയിൽ വെച്ചൊരു കൊലപാതകം നടത്തി[illegible]
വേണ്ടിയില്ലായിരുന്നു? ആ ഘാതകനപ്പോൾ [illegible]
തന്നെ ആയാൾ വൈദികനെ സമീപിച്ചു തന്റെ കുറ്റം [illegible]
[illegible]ണ്ടെന്നറിയിച്ചു; അദ്ദേഹം സമ്മതിച്ചു. [illegible]
ത്തുകാര്യം തുറന്നു പറഞ്ഞു് മാപ്പപേക്ഷിച്ചു. [illegible]
കൻ: അദ്ദേഹം വല്ലാതെ പതറിപ്പോയി [illegible]
ഒരിക്കലും പുറത്തറിയാൻ പാടില്ലല്ലോ [illegible]
രം കഴിഞ്ഞു; ഘാതകനെ [illegible]

......പോലീസ് വന്നു; [illegible]
[illegible] തെളിവ് [illegible]
[illegible]
പറയാമോ? പാടില്ല; [illegible]
[illegible]
പുരോഹിതനു്.

അച്ചനോ അറസ്റ്റു ചെയ്തു; [illegible]
കുറ്റം തെളിഞ്ഞു; അദ്ദേഹം [illegible]

......വർഷങ്ങൾക്കുശേഷം, [illegible]
[illegible] നിരപരാധിയായ [illegible] ഘാതകൻ [illegible]
[illegible] കുറ്റം [illegible]
[illegible], അദ്ദേഹം തന്നെ [illegible]

എല്ലാവരും വായിച്ചിരിക്കേണ്ട ഒരു [illegible]
ണിതു്.

വിവർത്തകൻ:

വക്കീൽ കെ. എസ്. കേശവൻ, മാവേലിക്കര

വില [illegible]

ആവശ്യപ്പെടുക:
വിദ്യാരംഭം പ്രസ്സ് & ബുക്ക് ഡിപ്പോ
പ്രൈവറ്റ് ലിമിറ്റഡ്
മുല്ലയ്ക്കൽ, ആലപ്പുഴ

# എന്റെ കുട്ടിത്തങ്കമ്മ

അഥവാ,

ചങ്ങനാശ്ശേരി രൂപതയിലെ

## ഒരു കത്തോലിക്ക് കുടുംബം.

---

ഒരു നവീനനോവൽ

C. V. S... AKA GRANDHASALA
R. ... 938/50
... VIENNJAM

NATIONAL BOOK STALL
SPCS LTD.
BR. TRIVANDRUM

ഗ്രന്ഥകർത്താ,

പി. സി. ജോസഫ് വാദ്ധ്യാർ,

കരുമാടി.

895